മെയ് 2013

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

വാല്യം – 26 ലക്കം – 05





പുണ്യശ്ലോകനായ പുത്തൻകാവിൽ
കൊച്ചുതിരുമേനിക്ക്
ബഹുമാന നാമപ്രഖ്യാപനം



സമ്മേളന ഉദ്ഘാടനം



ആറാം മർത്തോമ്മാ അവാർഡ്
റവ. ഫാ. ഡോ. ടി.ജെ. ജോഷ്വായ്ക്ക് നൽകുന്നു.



പുത്തൻകാവിൽ കൊച്ചുതിരുമേനി
കാലം ചെയ്തപ്പോൾ മലയാള മനോരമ
പ്രസിദ്ധീകരിച്ച 'മുഖപ്രസംഗം' (1951 ഏപ്രിൽ 18)
ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. തോമസ് മാർ
അത്താനാസിയോസ് മെത്രാപ്പോലീത്ത
എക്സിക്യുട്ടീവ് എഡിറ്റർ ജേക്കബ് മാത്യുവിൽ
നിന്ന് ഏറ്റുവാങ്ങുന്നു.



മുഖപത്രിക

# ഔഷധ വിപണിയിലെ കുത്തകവത്കരണവും ചൂഷണവും

**വി**ജ്ഞാനത്തിന്റെ കുത്തകവത്ക്കരണം പുതിയ അടിമത്തത്തിലേക്കും, ചൂഷണത്തിലേക്കുമുള്ള വഴികളിൽ ഒന്നാണ്. ബൗദ്ധിക സ്വത്തവകാശങ്ങളുടെ പ്രയോഗത്തിൽ അതിസമർത്ഥമായി ഇടപെട്ടുകൊണ്ടാണ് ഉത്പാദനമേഖലയേയും വിപണിയേയും സ്വന്തം വരുതിയിൽ കൊണ്ടുവരാൻ ആഗോളസാമ്പത്തിക ശക്തികൾ ശ്രമിക്കുന്നത്. ഇത്തരത്തിൽ ചൂഷണം നേരിട്ടുകൊണ്ടിരിക്കുന്ന മേഖലയാണ് ഔഷധനിർമ്മാണ മേഖല.

പേറ്റന്റ്, പകർപ്പവകാശനിയമം തുടങ്ങിയ ബൗദ്ധിക സ്വത്തവകാശനിയമങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടതിനു പിന്നിൽ വ്യക്തമായ സാമൂഹിക ലക്ഷ്യവും യുക്തിയുമുണ്ടായിരുന്നു. ബഹുരാഷ്ട്രകമ്പനികൾ പേറ്റന്റ് ഉടമകൾ ആവുകയും, ഔഷധങ്ങൾ സാധാരണക്കാർക്ക് താങ്ങാനാവാത്ത വിലയ്ക്ക് മാർക്കറ്റ് ചെയ്യപ്പെടുകയും ചെയ്തതോടെയാണ് സാമൂഹിക കരാറാണെന്ന നിലയിലുള്ള ബൗദ്ധിക സ്വത്തവകാശ നിയമങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടു തുടങ്ങിയത്. ഇന്ത്യയിൽ ഔഷധ നിർമ്മാണ രംഗത്ത് നിലനിന്നിരുന്ന പ്രക്രിയ പേറ്റന്റ് (Process Patent) സംവിധാനമായിരിക്കെ, മിക്ക രാജ്യങ്ങളിലും ഉൽപ്പന്ന പേറ്റന്റുകൾ (Product Patent) നിലനിന്നിരുന്നതിനാൽ ഏതെങ്കിലും ഒരു പുതിയ മരുന്ന് ആരെങ്കിലും ഗവേഷണം ചെയ്തു കണ്ടുപിടിച്ചാൽ അത് മാർക്കറ്റിൽ ഇറക്കുന്ന കമ്പനിക്ക് ഏറെക്കാലം ആ മരുന്ന് തോന്നിയ വില ഈടാക്കിക്കൊണ്ട് പൂർണ്ണമായും തങ്ങളുടേത് മാത്രമായ വ്യവസ്ഥകളിൽ മാർക്കറ്റിൽ വിൽക്കാൻ സൗകര്യം ഉണ്ടായിരുന്നു. പുതിയ ഔഷധത്തിന് കമ്പനി പേറ്റന്റ് അവകാശ കുത്തക സംരക്ഷിച്ചു നിർത്തിയാൽപോലും, അതേ മരുന്ന് ഇന്ത്യയിൽ സ്വതന്ത്രമായി നിർമ്മിച്ചെടുക്കാൻ 'പ്രക്രിയ പേറ്റന്റ്' സഹായകമായി വന്നു. എന്നാൽ സർക്കാർ ലോകവ്യാപാര സംഘടനാചട്ടങ്ങൾ നടപ്പിലാക്കുകയും പ്രക്രിയ പേറ്റന്റ് ചട്ടങ്ങൾ ഉപയോഗിക്കുകയും ചെയ്തതോടെ ബഹുഭൂരിപക്ഷം വരുന്ന രോഗികളെ മരുന്നുകമ്പനികളുടെ ക്രൂരമായ ചൂഷണത്തിൽ തുറന്നു വിടുകയായിരുന്നു. ഔഷധവില തന്മൂലം റോക്കറ്റുപോലെ കുതിച്ചുയർന്നു. മരുന്നുകമ്പനികൾ അവരുടെ ഉൽപ്പന്നങ്ങൾ പൂർവ്വാധികം ഉത്സാഹത്തോടെ, അമിതലാഭത്തോടെ ഇന്ത്യൻ കമ്പോളത്തിൽ വിറ്റു തുടങ്ങി. ഇതിന്റെയെല്ലാം ഫലമായി സാധാരണ മനുഷ്യർക്ക് താങ്ങാൻ പറ്റാത്തവിധത്തിൽ ഔഷധവില അനിയന്ത്രിതമായി കുതിച്ചുയർന്നു. ഭൂരിഭാഗം രോഗികളും സ്വന്തം കയ്യിൽ നിന്നും കാശുകൊടുത്ത് സ്വകാര്യ ആരോഗ്യസംവിധാനങ്ങളെ തേടിപോകുമ്പോൾ ദുർവഹമായ ഔഷധവിധ അവർക്ക് കൂനിൻമേൽ കുരുപോലെ ആയിത്തീർന്നു.

ഇന്ത്യയുടെ ബഹു. സുപ്രീംകോടതി 2013 ഏപ്രിൽ 1 ന് സുപ്രധാനമായ ഒരുവിധി പുറപ്പെടുവിച്ചത് അനേകായിരം രോഗികൾക്ക് ആശ്വാസം പകരുന്ന ഒന്നാണ്. സ്വിറ്റ്സർലൻഡിലെ ഔഷധനിർമ്മാണ കമ്പനിയായ നൊവാർട്ടിസ്, ഗ്ലിവെക് എന്ന പേരുള്ള അർബുദ ഔഷധത്തിന് പേറ്റന്റ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ ആറു വർഷത്തിലധികമായി നടത്തിവരുന്ന നിയമയുദ്ധത്തിന് പരിസമാപ്തി കുറിച്ചുകൊണ്ട് ബഹു. സുപ്രീം കോടതി അവരുടെ ആവശ്യം തള്ളുകയാണ് ചെയ്തത്.

മരുന്നിന്റെ ആവശ്യം രോഗികൾക്കാണ്. നമ്മുടെ നാട്ടിൽ അവരിൽ ഭൂരിഭാഗവും ദരിദ്രരുമാണ്. താങ്ങാനാവാത്തവിലയ്ക്ക് മരുന്ന് കിട്ടുന്നത് കിട്ടാത്തതിന് സമാനമാണ്. അതിനാൽ കമ്പനികളുടെ ലാഭത്തിനായുള്ള ആർത്തി അർഹരായവർക്ക് ബഹു. സുപ്രിംകോടതിയുടെ ഈ വിധി ഒരു ആശ്വാസം നൽകുന്നു. ഇന്ത്യയിലെ ദരിദ്രരോഗികളുടെ താല്പര്യങ്ങൾക്കനുകൂലമായിരിക്കുമോ അതോ ആഗോള മരുന്നുകമ്പനികളുടെ വ്യാപാരതാല്പര്യങ്ങൾക്കനുകൂലമായിരിക്കുമോ ഇന്ത്യയിലെ നിലപാട് എന്നതനുസരിച്ചായിരിക്കും പ്രശസ്ത വിധിയുടെ യഥാർത്ഥ പ്രയോജനം സാധാരണക്കാർക്കും ലഭിക്കുന്നത്.

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

വാല്യം – 26 ലക്കം – 5

1987-2013

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

മെയ് 2013

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org

വരിസംഖ്യ

| | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |

പരസ്യനിരക്കുകൾ

| | |
|---|---|
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

## താളുകളിൽ....

5 ഇടയപത്രിക
**വ്യക്തിത്വ വികസനം വിദ്യാഭ്യാസത്തിലൂടെ**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

6 **ഗീവറുഗ്ഗീസ് മാർ ഈവാനിയോസ് സ്മരണ ഗീതം**
മേരിക്കുട്ടി മാത്യു

7 **ദിശാബോധം നഷ്ടപ്പെട്ട സമൂഹത്തിന്റെ രോദനം**
ഫാ. ഡോ. തോംസൺ റോബി

9 വചനപരിച്ഛേദം
**കഷ്ടതയിൽ തെളിയുന്ന ദൈവസ്നേഹം**
ഫാ. പി.വി. ജോൺ

13 **എന്തിനിത്ര ഒച്ച**
ഫാ. പി.കെ. കോശി

15 ആരാധനാ വിജ്ഞാനീയം
**സഹയാത്രികൻ**
ഫാദർ സഖറിയാ പനയ്ക്കാമറ്റം

16 **മംഗളം നേരുന്നു ഞാൻ**
അനാമിക

17 **എബ്രായ ലേഖനം – പഠനം**
ഫാദർ മാത്യു വറുഗീസ്, പുളിമൂട്ടിൽ

19 ഏവൻഗേല്യോന്യധ്യാനം
**മെൽതോ**
ഫാ. ബിജു റ്റി. മാത്യു

23 **പകലോമറ്റത്ത് തമ്പ്രാക്കൾ**
ഡോ. എം കുര്യൻ തോമസ്

**ബാലപത്രിക** 27
**സണ്ടേസ്കൂൾ വാർത്തകൾ** 28
**ഹരിതപത്രിക** 29
**ഭദ്രാസന വാർത്തകൾ** 30

**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ
അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479-2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479-2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി



ഇടയപത്രിക

# വ്യക്തിത്വ വികസനം വിദ്യാഭ്യാസത്തിലൂടെ

അവധിയുടെ തിമിർപ്പിൽ നിന്ന് പഠനമുറിയുടെ സമർപ്പണത്തിലേക്ക് വിദ്യാർത്ഥികളെ ആനയിക്കുന്ന സ്കൂൾ വർഷാരംഭം സമാഗതമായി. കോരിച്ചൊരിയുന്ന മഴയത്ത് പുത്തൻ വസ്ത്രങ്ങളും പുസ്തകങ്ങളും ആയി പോകുന്ന കുട്ടികൾ കവിഭാവനയുടെ ഭാഗമാണ് എങ്കിലും കാലവർഷത്തിന്റെ വ്യതിയാനത്തിൽ പുതുതലമുറയ്ക്ക് ഇത് വെറും ഓർമ്മകൾ മാത്രമാണ്. കാലവർഷത്തിന്റെ മാറ്റത്തിൽ മാത്രമല്ല എല്ലായിടത്തും ചില മാറ്റങ്ങൾ പ്രകടമാണ്.

ആർഷഭാരത ചിന്തകൾ വിദ്യാഭ്യാസത്തിന് നൽകുന്ന നിർവചനങ്ങൾ എല്ലാം തന്നെ ഇന്ന് മാറ്റപ്പെട്ടിരിക്കുന്നു. സമർപ്പണവും, കലർപ്പില്ലാത്ത വിദ്യയുടെ സ്വായത്തവും വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന മുഖമുദ്രകൾ ആയി വിവക്ഷിക്കപ്പെട്ടിരുന്നു. പരസ്പര വിദ്വേഷം ഒട്ടും ഉണ്ടാകരുത് എന്ന മന്ത്രം ശിഷ്യന്റെ കാതിൽ ഓതിയായിരുന്നു ഗുരു ശിഷ്യനെ ഗുരുകുലത്തിലേക്ക് പ്രവേശിപ്പിച്ചിരുന്നത്.

മിടുക്കന്മാരുടെ നിലനിൽപ്പ് (Survival of the fittest) എന്ന ആഗോളവത്ക്കരണ സമവാക്യം ശക്തമായ ഈ കാലഘട്ടത്തിൽ എങ്ങനെയെങ്കിലും മിടുക്കരാകുക, അതിന് ഏത് മാർഗ്ഗവും സ്വീകരിക്കുക എന്ന അപകടകരമായ ചിന്തകൾക്ക് ആധുനിക വിദ്യാർത്ഥി സമൂഹം വഴിമാറുന്നു. മാർഗ്ഗമല്ല മിടുക്കാണ് പ്രധാനം എന്ന ചിന്തയിൽ മാതാപിതാക്കളും ധാർമ്മികതയുടെയും പൊതുതാൽപ്പര്യങ്ങളുടെയും ചട്ടക്കൂടിനെ തീർത്തും അവഗണിക്കുവാൻ നമ്മുടെ കുട്ടികൾക്ക് ഒത്താശ നൽകിക്കൊടുക്കുന്നു.

വ്യക്തിത്വ വികസനമാണ് വിദ്യാഭ്യാസത്തിലൂടെ സാധ്യമാകേണ്ടത് എന്ന പൊതുനന്മ ബലികഴിക്കപ്പെട്ട് ബുദ്ധിമാത്രം വികസിച്ചാൽ മതി വ്യക്തിത്വത്തിന്റെ വൈകല്യങ്ങൾ പ്രശ്നമല്ല എന്ന ചിന്താഗതി വിദ്യാഭ്യാസത്തിന്റെ തായ്‌വേരുകൾ അറക്കുന്നു. ആർഷഭാരത സംസ്കൃതിയിൽ അറിവിനായി പുറപ്പെടുന്ന ശിഷ്യൻ ആത്മീയതയും അറിവും ഒരു നാണയത്തിന്റെ ഇരുപുറങ്ങൾ പോലെ കണ്ടിരുന്നു. അറിവും ആത്മീയതയും രണ്ടും രണ്ടാണെന്ന് വിശ്വസിക്കുന്ന പുതിയ കാഴ്ചപ്പാടിലേക്ക് നാം എത്തുമ്പോൾ ആത്മീയത രണ്ടാം ഗ്രേഡിലേക്ക് തരംതാഴ്ത്തപ്പെടുന്നു. അവിടെ അറിവിനെ നിയന്ത്രിക്കുകയും, പരിപാലിക്കുകയും, നേർവഴിക്കു നടത്തുകയും ചെയ്യുന്ന സത്യചോദനകൾ നഷ്ടമാകുന്നു.

ജീവിതദർശനങ്ങളും, വ്യക്തിത്വ വികസനവുമില്ലാത്ത പൗരസമൂഹത്തെ സൃഷ്ടിക്കുകയല്ല, മറിച്ച് സത്യത്തെ അറിയുന്നവരും സത്യത്താൽ സ്വതന്ത്രരാക്കപ്പെടുന്നവരുമായ പുതുതലമുറയെ സൃഷ്ടിക്കുക എന്നതാകട്ടെ നമ്മുടെ ലക്ഷ്യം.

വിദ്യാർത്ഥികളുടെ സമഗ്രവ്യക്തിത്വ വികസനത്തിനായി നമ്മുടെ ഭദ്രാസനത്തിൽ കുറെ വർഷങ്ങളായി നടത്തിവരുന്ന **'വിദ്യാജ്യോതി'**, **'ഗുരുവന്ദനം'** പരിപാടികൾ വിജയിപ്പിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കണം. വരും തലമുറകളുടെ പാതകളിൽ അറിവിന്റെയും ആത്മീയതയുടെയും കെടാവിളക്കുകൾ കത്തിച്ചുവയ്ക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

# ഗീവറുഗ്ഗീസ് മാർ ഈവാനിയോസ് സ്മരണ ഗീതം

**മേരിക്കുട്ടി മാത്യു**



1. ബസ്സേലിയോസ് ദയറായിൻ
സ്ഥാപകനാം മാർ ഈവാനിയോസ്
ബലഹീനമെഴും ഹൃദയവുമായ്
നിന്നുടെ മക്കൾ കേഴുന്നു

2. ധന്യപിതാവേ നിൻവദനം
ആരിലുമാമോദം പകരും
ധന്യതയേറും നിൻ വചനം
ആരിലുമാശ്വാസം നൽകും

3. നിഷ്ഠയെഴുന്നൊരു ജീവിതവും
ആർഭാടത്തെ എതിർത്തവനും
നോയ്മ്പുപവാസം മൗനവ്രതം
പാലിച്ചോനെ നീ ധന്യൻ

4. പൂക്കൾ പക്ഷിമൃഗാധികളെ
എന്നും സ്നേഹിച്ചോരു താതൻ
പൂവിൻ സൗരഭ്യം പോലെ
സഹജീവികളെ സ്നേഹിച്ചു

5. അതിഥിപ്രിയനാം തിരുമേനി
കുശലാന്വേഷണ തൽപരനേ
അവിടുത്തെ സ്നേഹം, കരുതൽ
ലഭ്യമതാം മക്കൾ ഞങ്ങൾ

6. കൊന്ത നമസ്ക്കാര വേളയതിൽ
തിരുമേനി തൻ ശിഷ്യരുമായ്
കരുണാമയനാം ദൈവത്തോ
ടർത്ഥിക്കും സമയം ധന്യം

7. വിളക്കുകൾ എല്ലാം അണച്ചിട്ട്
ഒരു തിരി നാളത്തിൻ പ്രഭയിൽ
വന്ദ്യപിതാവിൻ പ്രാർത്ഥനയിൽ
അവിടം സ്വർഗ്ഗമതാകുന്നു

8. അർബ്ബുദ രോഗത്തിൽ നന്ന്
പ്രാർത്ഥന നോയ്മ്പുപവാസത്താൽ
അത്ഭുത സൗഖ്യം നേടിയ നിൻ
ദൈവിക വിശ്വാസം സ്തുത്യം



9. അന്ത്യദിനത്തിൻ വേളയതിൽ
വാനവ വൃന്ദത്തോടൊപ്പം
അവിടുത്തെ താതന്നരികിൽ
പൂകിയ പരിശുദ്ധാ ശ്രേഷ്ഠാ

10. പുണ്യപിതാവേ അവിടുത്തെ
ദയറായും നിൻ കബറിടവും
പൂകൾ പെരുകുന്നൊരാലയമായ്
മാറീടും ദിനമാസന്നം



11. സ്വർണ്ണനാവാം തിരുമേനി
ഏഴകളാകും മക്കൾക്കായ്
സ്വർലോകത്തിലെ താതനോടായ്
പ്രാർത്ഥിയ്ക്കണമേ എന്നാളും

12. നല്ലിടയാ ശ്രേഷ്ഠാചാര്യാ
ആ പൊൻകാലടി പിൻതുടരാൻ
നിർമ്മലനേ നിന്നാടുകൾക്കായ്
മാദ്ധ്യസ്ഥം നിന്നീടേണമേ

## പ്രവർത്തനോത്ഘാടനം



ചെങ്ങന്നൂർ ഭദ്രാസന ബാലസമാജം പ്രവർത്തനോത്ഘാടനം പന്തളം അറത്തിൽ സെന്റ് ജോർജ്ജ് ദേവാലയത്തിൽ വച്ച് റാന്നി-നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ ജോഷ്വാ മാർ നിക്കോദിമോസ് നിർവ്വഹിക്കുന്നു. ഫാ. മത്തായി കുന്നിൽ, റവ. ജോൺ ഡാനിയേൽ കോർ എപ്പിസ്കോപ്പാ, ഫാ. ഗീവറുഗീസ് ശാമുവേൽ, അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ്, ഫാ. തോമസ് കൊക്കാപ്പറമ്പിൽ, ഫാ. റിഞ്ചു പി. കോശി, ഫാ. തോമസ് വർഗ്ഗീസ് കടവിൽ, റിജോഷ് ഫിലിപ്പ് എന്നിവർ സമീപം.


## ഉപകാര സ്മരണ



**പി.റ്റി. മാത്യു**
**പൂന്തുരുത്തിൽ കാനാവിൽ**
**കിടങ്ങന്നൂർ**

# ദിശാബോധം നഷ്ടപ്പെട്ട സമൂഹത്തിന്റെ രോദനം

**ഫാ. ഡോ. തോംസൺ റോബി**

ശിലായുഗത്തിൽ നിന്ന് മനുഷ്യൻ ആധുനീകതയിലേക്കുള്ള ചുവടുവയ്പ്പ് നൂറ്റാണ്ടുകളിലൂടെയുള്ള പരിണിതഫലമായി സംഭവിച്ചതാണ്. മൃഗങ്ങളെ വേട്ടയാടിപ്പിടിച്ച് ഭക്ഷണം മാത്രം ലക്ഷ്യം വച്ചുള്ള മനുഷ്യജീവിതത്തിൽ ഉണ്ടായ പല മാറ്റങ്ങളും കാലഗതിയിൽ പുറന്തള്ളപ്പെടുകയും പുതിയ പുതിയ ആശയങ്ങളും ചിന്താധാരകളും രൂപം കൊള്ളുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ഭക്ഷണത്തിന് മാത്രമല്ല ജീവിക്കുന്നത് മറിച്ച് അവന് സാമൂഹ്യ ചിട്ടകളും, ജീവിത വീക്ഷണങ്ങളും ഉണ്ടെന്നവർ ക്രമേണ പഠിച്ചത് ആധുനികതയുടെ വരവോടെ കൂടുതൽ ഗ്രഹിക്കുവാൻ ഇടയായി. വ്യവസായവത്ക്കരണവും, നഗരവത്ക്കരണവും, പാശ്ചാത്യ ചിന്തകളുടെ അതിപ്രസരവും അവനെ നൂതന ആശയങ്ങളുടെ ആവിഷ്കാരത്തിന് പ്രാപ്തനാക്കി. മനുഷ്യന്റെ സംഘടിത ശക്തിക്കു പലതും നേടുവാൻ കഴിഞ്ഞു എങ്കിലും അവൻ കെട്ടിപ്പെടുത്തിയ പല നല്ല മൂല്യങ്ങളും ഇന്നിന്റെ ചിന്തകളിൽ വ്യതിചലിച്ചു പോകുന്നത് വേദനയോടെ നോക്കിനിൽക്കുവാനേ അവനു കഴിയുന്നുള്ളു.

മതചിന്തകളും രാഷ്ട്രീയാവബോധവും, സാമൂഹിക സദാചാര ചിന്തകളും അവനെ സ്വത്വാധിഷ്ഠിതമായ ജീവിതമൂല്യങ്ങളിലേക്ക് നയിക്കുവാൻ ഇടയാക്കി എങ്കിലും മനുഷ്യനെ വേദനിപ്പിക്കുന്ന പല മൂല്യങ്ങളും ഇന്ന് നാം കണ്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ഭൗതിക, ബൗദ്ധിക നിലവാരം ഉന്നതി പ്രാപിച്ചെങ്കിലും അവന് നഷ്ടമായ ചില വസ്തുതകൾ അവനെ അലട്ടുകയാണ്. കുടുംബബന്ധങ്ങളിലും പരസ്പരമുള്ള ആശ്രയങ്ങളിലും മനുഷ്യനും മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധങ്ങളിലും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സംവേദനത്തിലും നഷ്ടമായ ഊഷ്മളത എങ്ങനെ തിരികെ നേടിയെടുക്കാം എന്ന് മനുഷ്യൻ വേദനയോടെ പുനർവിചിന്തനം ചെയ്യുവാൻ ശ്രമിക്കുകയാണ്. പഴയകാലത്ത് അവനെ നയിച്ചിരുന്ന മതാധിഷ്ഠിത ജീവിതവും സാമൂഹ്യ ബോധങ്ങൾ നൽകിയിരുന്ന സദാചാര ചിന്തകളും അവനു നഷ്ടമായിരിക്കുന്നു. മനുഷ്യന്റെ ജീവിതയാത്രയിൽ ഉണ്ടാവുന്ന വീഴ്ചകളിലും പരാജയങ്ങളിലും ദിശാബോധം നൽകി നയിച്ചിരുന്ന മതവും സംസ്കാരവും അതിന്റെ ആശയങ്ങളിൽ നിന്ന് വ്യതിചലിച്ചു എന്നത് വേദനയോടെ ഇന്നലെകളിലേക്കു നോക്കി അവൻ നെടുവീർപ്പിടുകയാണ്. "എവിടെയാണ് സാന്ത്വനത്തിന്റെ തലോടൽ" എന്നറിയുവാൻ മാനവജാതി സത്യാന്വേഷണത്തിന്റെ പാതയിലാണ്. എന്താണ് സംഭവിച്ചത്?

ആർഷഭാരത സംസ്കൃതിയിൽ മതങ്ങളുടെ സ്ഥാനം പ്രഥമമാണ്. "ഇന്ത്യ മതങ്ങളുടെ സംഗമഭൂമിയാണ്" എന്ന് പറയാറുണ്ടല്ലോ! എല്ലാ മതങ്ങളും ദൈവത്തിങ്കലേക്കുള്ള വഴികളാണ്. മനുഷ്യരാശിയുടെ ജീവിത യാത്രയിൽ അവന് ചിന്താധാരകളായി ബഹിർഗമിച്ച ബുദ്ധ-ജൈന മതവും, ക്രിസ്തുമതവും, ഇസ്ലാംമതവും, ഹിന്ദുമതവും അവന് വഴികാട്ടികളായിരുന്നു. മതചിന്തകൾ അവനെ മനുഷ്യനാക്കി തീർത്തു. ഒരു മതവും തീവ്രവാദത്തെയും, നശീകരണത്തെയും, യുദ്ധചിന്തകളെയും, അധാർമ്മികതയേയും പ്രോത്സാഹിപ്പിക്കുന്നില്ല. "എല്ലാവരും ഒരുപോലെ" എന്നും (എല്ലാ സൃഷ്ടിയും ഈശ്വരന്റെ മുമ്പിൽ ഒരുപോലെ) എല്ലാവരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവസാദൃശ്യത്തിലാണെന്നും മാത്രമേ മതങ്ങൾ പഠിപ്പിക്കുന്നുള്ളു. ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹ ബന്ധത്തെ മുതലെടുത്ത് മതങ്ങൾ തമ്മിൽ സ്പർദ്ദ വർദ്ധിപ്പിക്കുന്നതും, പരസ്പരം പോരടിക്കുന്നതും വേദനാജനകമാണ്. സമാധാനത്തിനും സ്നേഹത്തിനും വഴികാട്ടിയാകേണ്ട മതനേതാക്കന്മാർ തങ്ങളെ വിശ്വസിക്കുന്ന അനുയായികളെ നേരായ വഴിയിലേക്ക് നയിക്കേണ്ടതിന് പകരം തെറ്റായ വഴിയിലേക്ക് നയിക്കുമ്പോൾ ലോകത്തിന്റെ ദിശാബോധ വാഹികളായ മതചിന്തകൾ ബലഹീനമാവുകയാണ്. ഇന്ന് സംഭവിക്കുന്നത് അതാണ്. അങ്ങനെയുള്ള മത ചിന്തകൾ "മനുഷ്യനെ മയക്കുന്ന കറുപ്പാണ്" എന്ന് കാൾ മാർക്സ് പറഞ്ഞതിൽ തെറ്റുണ്ടോ? സമൂഹ നന്മയിലേക്ക് മനുഷ്യനെ നയിക്കേണ്ട മതങ്ങൾ വഴി തെറ്റിയാൽ എവിടെയാണ് മനുഷ്യന് ആശ്രയിക്കുവാൻ കഴിയുക? ഇതാണ് ഇന്നിന്റെ മാറ്റത്തിൽ സംഭവിച്ചത്. ക്രിസ്തു പറഞ്ഞത് "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ" എന്നു വിളിക്കപ്പെടും. ഇന്ന് മതങ്ങൾ തങ്ങളുടെ ആഗ്രഹത്തിന് വേണ്ടിയും അതിന്റെ പൂർത്തീകരണത്തിനുവേണ്ടിയും ആശ്രയിക്കുന്ന ഒന്നായി മാറിയിരിക്കുന്നു.

മനുഷ്യന്റെ മതാധിഷ്ഠിത ജീവിതത്തിലു

ണ്ടായ അപചയം പോലെ തന്നെ സമൂഹിക രാഷ്ട്രീയ രംഗത്തുണ്ടായ അപചയവും എത്രയോ വേദനയുളവാക്കുന്നതാണ്. "സ്വാതന്ത്ര്യം എന്റെ ജന്മാവകാശം ആണ്" എന്ന് ഇംഗ്ലീഷ് നേതൃത്വത്തോട് സധൈര്യം പറയുകയും അത് നേടുയെടുക്കാൻ ജീവൻ പോലും നൽകാൻ തയ്യാറായ ബാല ഗംഗാധര തിലകന്റെ പിൻഗാമികളായ രാഷ്ട്രീയ നേതാക്കന്മാർ തങ്ങൾക്ക് കിട്ടിയ സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യുന്നത് കാണുമ്പോൾ മനുഷ്യൻ വേദനപ്പെടുകയാണ്. "രാജ്യത്തെ ജനങ്ങളുടെ വേദന തങ്ങളുടെ വേദനയായി കണ്ട്" മഹാത്മജിയുടെ അനുചരന്മാരിലും മറ്റും വന്നുചേർന്ന രാഷ്ട്രീയ അപചയം തെല്ലൊന്നുമല്ല മനുഷ്യനെ വേദനിപ്പിക്കുന്നത്. "സാമൂഹ്യമായ പുനർചിന്തനം" എന്ന ആശയം കാലഹരണപ്പെട്ടിരിക്കുന്നു. വർഗ്ഗീയതയുടെയും ബഹുജനപക്ഷവാദത്തിന്റെയും ഗ്രൂപ്പിസത്തിന്റെയും ചിന്തയിൽ നിന്ന് വിമുക്തമാകാത്ത രാഷ്ട്രീയ ചിന്തകർ പാവം ജനങ്ങൾക്ക് എന്തു നന്മയാണ് പകർന്നു നൽകുന്നത്? രാഷ്ട്രനന്മ ലാക്കാക്കി ജയിപ്പിച്ച് സഭകളിലേക്ക് വിടുന്ന പ്രതിനിധികൾ കീശ വീർപ്പിക്കുകയും ബാങ്ക് ബാലൻസ് കൂട്ടുകയും വൻകിട കോർപ്പറേഷനുകൾക്ക് ഓശാന പാടുകയും ചെയ്യുമ്പോൾ സാധാരണ ജനങ്ങൾ ചിന്തിച്ചുപോകും – "മനുഷ്യൻ ആരിൽ ആശ്രയിക്കേണ്ടത്"?

ചരിത്ര ഏടുകളിൽ സമൂഹവും, നേതൃത്വവും തെറ്റായ ദിശയിലേക്ക് പോകുമ്പോൾ അതിന്റെ നേർവഴിയിൽ സഞ്ചരിക്കുവാൻ സഹായിച്ചിരുന്നത് ബൗദ്ധിക മേഖലയാണ്. ഫ്രാൻസിൽ സമൂഹനന്മയെ രാഷ്ട്രീയ നേതൃത്വം ജനനന്മയ്ക്കായി ഉപയോഗിക്കാതെ വന്നപ്പോൾ വോൾട്ടയർ, റൂസ്സോ പോലെയുള്ള ചിന്തകർ പ്രതികരിച്ചത് ഫ്രഞ്ചു വിപ്ലവത്തിന് വഴിയൊരുക്കി. 1917 ൽ റഷ്യൻ വിപ്ലവത്തിന് വഴിയൊരുക്കിയത് ടോൾസ്റ്റോയി ട്രോട്സ്കി തുടങ്ങിയ ചിന്തകരാണ്. അതുപോലെ ലോകത്തിൽ എല്ലാ വിപ്ലവങ്ങളുടെയും ആശയ സമരങ്ങളുടെയും മുന്നിൽ നിന്നിരുന്നത് ബൗദ്ധിക നേതൃത്വമാണ്. എന്നാൽ ഇന്ന് സമൂഹത്തിൽ ഫ്രഞ്ച് സമൂഹവും റഷ്യൻ സമൂഹവും ഗ്രഹിച്ചതുപോലെയുള്ള വിപത്തുകൾ നിലനിൽക്കുമ്പോൾ ബൗദ്ധിക മേഖലയിലെ നേതൃത്വം ഉറക്കമാണ്. 'ബുദ്ധി രാക്ഷസന്മാർ' എന്നു വിശേഷിപ്പിക്കുന്നവർപോലും മതരാഷ്ട്രീയ മേലാളന്മാരുടെ പിണിയാളുകളായി മാറിയിരിക്കുന്നത് അപചയത്തിന്റെ ലക്ഷണമാണ്. തൂലിക പടവാളാക്കുവാൻ കഴിയുന്നവരുടെ നിസംഗത സമൂഹത്തെ നിർജ്ജീവമാക്കും. ഇന്നിന്റെ പ്രതിസന്ധികളെ മറച്ചുവച്ചുകൊണ്ട് പ്രതികരണശേഷിയില്ലാത്ത സാംസ്കാരിക നായകന്മാർ "പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം" എന്ന കവി വാക്യം ഓർക്കുന്നത് നല്ലതാണ്.

ഇത്തരത്തിൽ മതവും രാഷ്ട്രീയവും സാംസ്കാരികവുമായ മേഖലകൾ പരാജയപ്പെടുമ്പോൾ ഉണ്ടാകുന്ന മൂല്യച്യുതി ഇന്ന് സമൂഹത്തെ ഗ്രസിച്ചിരിക്കുകയാണ്. സ്ത്രീ പീഡനങ്ങളും, ബലാത്സംഗവും, കൊലയും കൊള്ളിവയ്പും നിത്യ സംഭവമായി മാറുന്നത് ഈ അപചയത്തിന്റെ ബാക്കി പത്രമാണ്. പ്രായപൂർത്തിയായവരുടെ അക്രമണവാസനയും സാമൂഹ്യതിന്മകളിലുള്ള ഇടപെടലുകളും ഇതിന് ഉദാഹരണമാണ്. വിദ്യയുടെ പാഠങ്ങളിലൂടെ സമൂഹത്തെ വാർത്ത് മുന്നേറുവാൻ നിയോഗിതരായ കൗമാരക്കാർ കാട്ടുന്ന വൈകൃതങ്ങൾ നാളെയുടെ നാശത്തിന്റെ രേഖാചിത്രം നമുക്കു നൽകുന്നു. യുവതലമുറകളിലെ മൂല്യച്യുതികളും അസന്മാർഗ്ഗീക രീതികളും നമ്മുടെ സമൂഹത്തെ എവിടേക്ക് നയിക്കും എന്നത് വലിയ ചോദ്യമായി അവശേഷിക്കുന്നു. ഭാവിയെപ്പറ്റിയുള്ള സ്വപ്നങ്ങൾ തകരുകയാണ്. പാശ്ചാത്യ സംസ്ക്കാരത്തെ പുൽകി കുടുംബ ബന്ധങ്ങളും, മാതാപിതാ ബന്ധങ്ങളും, മാതാപിതാവും കുട്ടികളും തമ്മിലുള്ള ബന്ധങ്ങളും തകരുന്നു എന്നത് വേദനയോടെ നാം ഇന്ന് തിരിച്ചറിയേണ്ടതാണ്. 'അമ്മ തൊട്ടിൽ' എന്ന ആശയത്തിന് പ്രസക്തി ഏറുകയാണ്. മദ്യപാനവും, വാണിഭശാലകളും വർദ്ധിക്കുന്നു. ഇത്തരത്തിലുള്ള സാമൂഹ്യ അപചയത്തിന് സാക്ഷിയാകുന്ന സമൂഹം ഉയർത്തുന്ന ചോദ്യമാണ് 'മനുഷ്യൻ ആരിൽ ആശ്രയിക്കേണ്ടു…"!

സമൂഹത്തിന് വഴികാട്ടിയാകേണ്ടതാര്? സ്വാർത്ഥതയ്ക്കുവേണ്ടി മനുഷ്യൻ ചെയ്യുന്ന അധാർമ്മികതയുടെ ഫലം സമൂഹം മുഴുവൻ പേറുകയാണ്. വനനശീകരണം മൂലം മഴകുറയുന്നു; രാഷ്ട്രീയ ഉയർച്ചയ്ക്കു വേണ്ടി സഹോദരനെ നശിപ്പിക്കുന്ന രീതിമൂലം സമൂഹത്തിൽ ഭീതി പടർന്നു പിടിച്ചിരിക്കുന്നു. രാഷ്ട്രീയ മത സാംസ്ക്കാരിക മേഖലകളിലുള്ള അപചയം സമൂഹത്തിന്റെ വളർച്ചയെ തന്നെ തടയുന്നു. ഇങ്ങനെ എത്ര ഭയാനകമായ പ്രശ്നങ്ങളാണ് ജനങ്ങൾ അഭിമുഖീകരിക്കുന്നത്! കാടുകൾ മൊട്ടക്കുന്നുകളായി മാറുമ്പോൾ മഴയില്ല, വിളവില്ല, കുടിവെള്ളം ഇല്ല ഇങ്ങനെയുള്ള പ്രകൃതിയുടെ രോദനം കേൾക്കുമ്പോൾ നാം ചിന്തിച്ചു പോകും "നാം ആരിൽ ആശ്രയിക്കേണ്ടു" ഈ രോദനം ഇവിടുത്തെ മത രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ നേതാക്കന്മാർ കേട്ടിരുന്നെങ്കിൽ എന്ന് പ്രത്യാശിച്ചുപോകുന്നു. നല്ല നാളയെ സ്വപ്നം കാണാൻ മാത്രം വിധിക്കപ്പെട്ട പ്രിയ വോട്ടർമാരെ, വിശ്വാസികളെ, "ആരൊക്കെ വന്നാലും കോരന് കുമ്പിളിൽ തന്നെ കഞ്ഞി" എന്നത് മറക്കേണ്ട. നല്ല നാളയെ സ്വപ്നം കാണാൻ മാത്രം വിധിക്കപ്പെട്ടവർ ചിന്തിയ്ക്കുക "ആരിൽ ആശ്രയിക്കേണ്ടു….."

# കഷ്ടതയിൽ തെളിയുന്ന ദൈവസ്നേഹം

**ഫാ. പി.വി. ജോൺ**

''ഈ നാല്പതു വർഷം നീ ധരിച്ച വസ്ത്രം ജീർണ്ണിച്ചു പോയില്ല; നിന്റെ കാൽ വീങ്ങിയതുമില്ല'' (ആവ. 8:4)

യിസ്രായേൽ ജനത്തിന്റെ നാല്പതു സംവത്സരം നീണ്ടു നിന്ന മരുഭൂപ്രയാണത്തിന്റെ ഉദ്ദേശവും അർത്ഥവും ആ വാക്യത്തിൽ തെളിയുന്നു. മിസ്രയീമിലെ അടിമത്വത്തിൽ നിന്നും വിടുർത്തി പാലും തേനും ഒഴുകുന്ന കനാനിലേക്ക് വഴി നടത്തിയ ജീവനുള്ള ദൈവമായ യഹോവയുടെ സ്നേഹാതിരേകം എങ്ങനെയുള്ളതാണെന്ന് മരുഭൂപ്രയാണം വ്യക്തമാക്കുന്നു. ഒരു പിതാവു തന്റെ മകനെ സ്നേഹിച്ചും ലാളിച്ചും ശിക്ഷിച്ചും വളർത്തുന്നതു പോലെ കരുതുകയും കാത്തുപരിപാലിക്കുകയും ചെയ്യുന്ന ദൈവമാണ് യഹോവയെന്ന് ഇവിടെ വ്യക്തമാക്കുന്നു. നാല്പതു സംവത്സരം മരുഭൂമിയിലൂടെ യാത്ര ചെയ്തെങ്കിലും വസ്ത്രം ജീർണ്ണിക്കാതെയും കാലുവീങ്ങാതെയുമിരുന്നതിന്റെ കാരണവും ഉദ്ദേശവും അഞ്ചാം വാക്യത്തിൽ യഹോവ വെളിപ്പെടുത്തുന്നു. "ഒരു മനുഷ്യൻ തന്റെ മകനെ ശിക്ഷിച്ചു വളർത്തുന്നതുപോലെ നിന്റെ ദൈവമായ യഹോവ നിന്നെ ശിക്ഷിച്ചു വളർത്തുമെന്ന് നീ മനസ്സിൽ ധ്യാനിച്ചു കൊള്ളേണം". ഈ ധ്യാനത്തിൽ കൂടെ തിരിച്ചറിയുന്നതും; തിരിച്ചറിയേണ്ടതുമായ സത്യമെന്തെന്ന് മൂന്നാം വാക്യത്തിൽ പറയുന്നു. "അവൻ നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കുകയും മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല യഹോവയുടെ വായിൽ നിന്നു പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കുന്നുവെന്ന് നിന്നെ ഗ്രഹിപ്പിക്കേണ്ടതിനും നീയും നിന്റെ പിതാക്കന്മാരും അറിഞ്ഞിട്ടില്ലാത്ത മന്നാകൊണ്ട് നിന്നെ പോഷിപ്പിക്കുകയും ചെയ്തു." യഹോവയായ ദൈവം പിതാക്കന്മാർക്കു വാഗ്ദത്തം ചെയ്ത കനാൻ ദേശത്ത്, ദൈവത്തെ അനുസരിച്ചു നടക്കുന്ന ജനമായി വളർന്ന് ദൈവത്തിന്റെ രക്ഷാപദ്ധതി പൂർത്തീകരിക്കണമെങ്കിൽ മരുഭൂപ്രയാണത്തിന്റെ ലക്ഷ്യമെന്താണെന്ന് അറിഞ്ഞും ഓർത്തും ന്യായപ്രമാണങ്ങളും കല്പനകളും പ്രമാണിച്ചും നടക്കണമെന്ന് 8-ാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. "നിങ്ങൾ ജീവിച്ചിരിക്കുകയും വർദ്ധിക്കുകയും യഹോവ നിങ്ങളുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശം ചെന്നു കൈവശമാക്കുകയും ചെയ്യേണ്ടതിന് ഞാൻ ഇന്ന് നിങ്ങളോട് കല്പിക്കുന്ന സകല കല്പനകളും പ്രമാണിച്ച് നടക്കേണം. നിന്റെ യഹോവയായ ദൈവം നിന്നെ താഴ്ത്തുവാനും തന്റെ കല്പനകൾ പ്രമാണിക്കുമോ ഇല്ലയോ എന്ന് നിന്നെ പരീക്ഷിച്ച് നിന്റെ ഹൃദയത്തിൽ ഇരിക്കുന്നത് അറിവാനുമായി നിന്നെ ഈ നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കേണം."



മിസ്രയീമിൽ നിന്ന് കനാനിലേക്കുള്ള സുഗമവും എളുപ്പവുമായ മാർഗ്ഗം ഉപേക്ഷിച്ച് ദുർഘടവും ദുരിതപൂർണ്ണവും നാല്പതു സംവത്സരം നീണ്ടു നിൽക്കുന്നതുമായ പാത തെരഞ്ഞെടുത്തതിൽ യഹോവയുടെ ഉദ്ദേശവും ലക്ഷ്യവും എന്തായിരുന്നുവെന്ന് ഈ ഭാഗം നമുക്ക് വെളിപ്പെടുത്തി തരുന്നു. അതോടൊപ്പം ഈ മരുഭൂപ്രയാണം ചില ഗൗരവതരമായ സന്ദേശങ്ങളും നമുക്ക് നൽകുന്നുണ്ട്. കഷ്ടതകൾക്ക് മനുഷ്യജീവിതത്തിലുള്ള സ്ഥാനം എന്താണ് എന്നതത്രെ അതിൽ പ്രഥമവും പ്രധാനവുമായത്. കഷ്ടതകൾ ജീവിതത്തിൽ അനിവാര്യമാണ് എന്ന സത്യം ഇവിടെ വെളിവാക്കുന്നു. കഷ്ടതകൾ അനിവാര്യമാണ് എന്ന് പറയുവാൻ പല കാരണങ്ങൾ ഉണ്ട്. കഷ്ടതകളും ദുഃഖങ്ങളും ജീവിതത്തെക്കുറിച്ചുള്ള ശരിയായ അവബോധം ഉളവാക്കുവാൻ സഹായിക്കുന്നു. അനുഭവങ്ങളാണ് ഗുരുവെന്ന സാധാരണ പറയാറുണ്ട്. മഹാകവി കുമാരനാശാൻ 'ചിന്താവിഷ്ടയായ സീത' എന്ന കാവ്യത്തിൽ ഈ സത്യം വ്യക്തമാക്കിയിരിക്കുന്നത് ശ്രദ്ധിക്കുക.

"വ്യഥപോലറിവോതിടുന്ന സദ്
ഗുരുവും മർത്ത്യന് വേറെയില്ല താൻ".

കൊട്ടാരത്തിലെ രാജകീയ സുഖങ്ങളിൽ നിന്ന് കണ്ണീർ കയങ്ങളിലേക്ക് വലിച്ചെറിയപ്പെട്ട് ദുഃഖത്തിന്റെ കയ്പുനീർ ആവുന്നതിലപ്പുറം കുടിച്ച സീത സ്വജീവിതാനുഭവങ്ങളിൽ നിന്ന് തിരിച്ചറിഞ്ഞ സത്യമാണിത്. ദുർവിധി അടിച്ചേല്പിച്ച ഈ ദുഃഖം നൽകിയ ജീവിതാവബോധത്തിൽ നിന്ന് ഉരുത്തിരിഞ്ഞ സീതയുടെ ഉറച്ച തീരുമാനം ഗൗരവമേറിയ ഒരു ചിന്തയാണ്.

സീത പറയുന്നു:
വിനയാർന്ന സുഖം കൊതിക്കയി-
ല്ലിനിമേൽ ഞാൻ-അസുഖം വരിക്കുവാൻ;
മനമല്ലൽകൊതിച്ചു ചെല്ലുകിൽ
തനിയേ കൈവിടുമീർഷ്യ ദുർവിധി
ഒരുവേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കൈയ്പുതാനുമേ."

ദുർവിധിയെന്നു നാം വിളിക്കുന്ന ദുഃഖത്തെ അതിജീവിക്കുവാനുള്ള മാർഗ്ഗം, സുഖം ആഗ്രഹിക്കാതെ സ്വയം ദുഃഖത്തെ സ്വീകരിക്കുകയാണ് എന്ന് സീത പറയുന്നു. ഡയബറ്റിസ് ബാധിച്ചവർക്ക് ആദ്യമൊക്കെ മധുരമില്ലാത്ത ചായ കൈയ്പായിരുന്നുവെങ്കിലും കാലാന്തരത്തിൽ അത് മധുരമായി തോന്നുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

എന്താണ് ജീവിതമെന്ന് ചിന്തിക്കുവാനുള്ള ജീവിതത്തിന്റെ അർത്ഥം ഗ്രഹിക്കുവാനും അതിനനുസരണമായി ജീവിതത്തെ ക്രമപ്പെടുത്തുവാനും നമ്മെ സഹായിക്കുന്നത് ദുഃഖങ്ങളും പ്രതിസന്ധികളുമാണ്. സുഖാന്വേഷിയായ മനുഷ്യന് ഈ സത്യം മനസ്സിലാകുകയില്ല. ദുഃഖം മനസ്സിനെ സംസ്ക്കരിക്കുന്നു. ദിശാബോധം നൽകുന്നു. മുടിയനായ പുത്രന്റെ ഉപമയിൽ ഈ സത്യം നമുക്ക് വായിച്ചെടുക്കാൻ കഴിയുന്നു. തന്റെ അവകാശങ്ങൾ വാങ്ങി സുഖം തേടി അലഞ്ഞ്, വസ്തുവകകൾ നാനാവിധമാക്കി, പന്നിക്കു കൊടുക്കുന്ന ഭക്ഷണംപോലും ലഭിക്കാതെ വന്നപ്പോൾ ആ മകനുണ്ടായ മാറ്റത്തെക്കുറിച്ച് വി. വേദപുസ്തകം ഇങ്ങനെയാണ് സാക്ഷിക്കുന്നത്. ലൂക്കോ. 15:17-19. 'അപ്പോൾ സുബോധം വന്നിട്ട് അവൻ; എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു. ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അപ്പനോട് : അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകനെന്ന പേരിന് ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപോലെ എന്നെ ആക്കേണമേ എന്ന് പറയും എന്നു പറഞ്ഞു." അതികഠിനമായ ദുഃഖം അവനിൽ വരുത്തിയ മാറ്റം ശ്രദ്ധിക്കപ്പെടേണ്ടതാണ്. സുഖാന്വേഷിയായ അവന് താൻ ആരാണെന്നും തന്റെ ഉത്തരവാദിത്വങ്ങൾ എന്താണെന്നും അറിയില്ലായിരുന്നു. ദുഃഖം താൻ ആരാണെന്ന ബോധം ഉളവാക്കിയതോടൊപ്പം തന്റെ തെറ്റുകളെ തിരിച്ചറിയാനും സഹായിച്ചു. ദുഃഖം നമുക്ക് നൽകുന്നതും; നൽകേണ്ടതുമായ ഒന്ന് നമ്മുടെ വ്യക്തിത്വത്തെക്കുറിച്ചുള്ള ശരിയായ അറിവാണ്. ദുഃഖം നമുക്ക് സുബോധം നൽകുന്നുവെന്ന് സാരം.

ദുഃഖം നമ്മെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നു. സുഖകാലങ്ങളിൽ നാം പലപ്പോഴും ദൈവത്തിൽ നിന്നകന്നുപോകുന്നു. ദുഃഖകരങ്ങളായ അനുഭവങ്ങൾ ജീവിതത്തിലേക്ക് കടന്നുവരുമ്പോഴാണ് നാം ദൈവത്തെ അന്വേഷിക്കുന്നത്. നാം ദൈവത്തെ വിട്ടുകളയാതെ അവനോടു ചേർന്നു വസിക്കുവാനായിട്ടാണ് അനിഷ്ടകരങ്ങളായ അനുഭവങ്ങൾ വന്നു ചേരുന്നത്. സുഖം പോലെ തന്നെ ദുഃഖവും ദൈവം തരുന്നതാണെന്ന് മനസ്സിലാക്കുമ്പോൾ മാത്രമേ അതിനെ ഉൾക്കൊള്ളുവാനും അതിനനുസരണമായി ജീവിതത്തെ ക്രമപ്പെടുത്തുവാനും കഴിയുകയുള്ളു. നമുക്ക് ആവശ്യമുള്ളത് മാത്രം തരുന്ന സ്നേഹവാനായ പിതാവാം ദൈവത്തെയാണ് മശിഹാ തമ്പുരാൻ നമുക്ക് പരിചയപ്പെടുത്തി തന്നിട്ടുള്ളത്. വി. മത്തായി 6:8 "നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കും മുമ്പെ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ" എന്ന കർത്താവിന്റെ വാക്കുകളിൽ സുഖങ്ങളാകട്ടെ, ദുഃഖങ്ങളാകട്ടെ നമുക്ക് ആവശ്യമെ

ങ്കിൽ മാത്രമേ പിതാവാം ദൈവം തരികയുള്ളു എന്ന സത്യം ധ്വനിക്കുന്നു.

യിസ്രായേലിന്റെ ചരിത്രം മുഴുവൻ ഈ സത്യത്തിന് സാക്ഷ്യം വഹിക്കുന്നു. പ്രത്യേകിച്ച് മരുഭൂപ്രയാണം ഈ യാഥാർത്ഥ്യത്തെ അരക്കിട്ടുറപ്പിക്കുന്നു. മിസ്രയീമിൽ യൗസേഫിന് ലഭിച്ച അതുല്യമായ സ്ഥാനത്തിന്റെ ഫലമായി ഭാഗ്യകരമായ ഒരു ജീവിതാവസ്ഥ യിസ്രായേലിനു കരഗതമായി. ഈ ഭാഗ്യാവസ്ഥ ജീവനുള്ള ദൈവത്തിൽനിന്ന് അകന്നു പോകുവാൻ വഴിതെളിച്ചു. പൂർവ്വപിതാക്കന്മാരുടെ ദൈവത്തെ വിട്ടുകളഞ്ഞ യിസ്രായേൽ ജനത്തിന്റെ മേൽ യൗസേഫിനെ അറിയാത്ത ഒരു രാജാവ് ഭരണാധിപനായി വരുവാൻ അതു കാരണമായി. മിസ്രയീമ്യർക്കു ഭീഷണിയാകുമെന്ന് തോന്നുംവിധം യിസ്രായേൽ വർദ്ധിച്ച് പെരുകി, ഇതാകട്ടെ അവിശ്വസനീയമാണ്. ഏതാണ്ട് 70 പേരിൽ ആരംഭിച്ച ഈ വംശം 200-ൽപ്പരം വർഷം കൊണ്ട് 30 ലക്ഷത്തോളമായി വർദ്ധിച്ചത് അത്ഭുതം തന്നെയാണ്. തങ്ങൾക്ക് ഭീഷണിയായി വർദ്ധിച്ചുവരുന്ന യിസ്രായേൽക്കാരെ തങ്ങളുടെ നിയന്ത്രണത്തിൽ തന്നെ നിലനിർത്തുവാനുള്ള ശ്രമം മിസ്രയീമ്യർ ആരംഭിച്ചു. സന്താന നിയന്ത്രമായിരുന്നു ആദ്യപടി. സൂതികർമ്മിണികളെ നിയോഗിച്ചത് ഫലമാകാതെ വന്നപ്പോൾ ആൺകുഞ്ഞുങ്ങളെ കൊന്നുകളയണമെന്ന നിയമം യിസ്രായേൽക്കാരുടെ മേൽ അടിച്ചേൽപ്പിച്ചു. മാത്രമല്ല, യിസ്രായേൽക്കാരെ അടിമകളെപ്പോലെ പണിയെടുപ്പിക്കുവാനും തുടങ്ങി. ഫറവോന്റെ നിഷ്ഠുരതയിൽ ഞെരിഞ്ഞമർന്ന യിസ്രായേൽ ജനം പൂർവ്വപിതാക്കന്മാരുടെ ദൈവമായ യഹോവയിങ്കലേക്ക് തിരിഞ്ഞ് നിലവിളിച്ചു. നിലവിളി കേൾക്കുകയും തിരിച്ചുവരവിൽ സന്തോഷിക്കുകയും ചെയ്ത യഹോവ അവരെ മിസ്രയീമിൽ നിന്നു വിടുവിച്ചു. ആശ്വാസത്തോടെയും അതിലധികം സന്തോഷത്തോടെയുമാണ് അവർ വാഗ്ദത്ത നാട്ടിലേക്ക് തിരിച്ചത്. ചെങ്കടലിനെ വിഭാഗിച്ച് ഉണങ്ങിയ നിലത്തുകൂടെ തങ്ങളെ മറുകര എത്തിക്കുകയും ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ നശിപ്പിക്കുകയും ചെയ്ത ദൈവത്തിന്റെ കരുതലും സ്നേഹവും കരുണയും അവർ തിരിച്ചറിഞ്ഞു. എന്നാൽ മാനുഷിക ബലഹീനത അവരെ പിൻതുടർന്നു. വർത്തമാനകാലത്തിൽ വന്നു ഭവിക്കുന്ന പ്രതിസന്ധികളിലും പ്രശ്നങ്ങളിലും അവർ ദൈവത്തിന്റെ വഴി നടത്തിപ്പിൽ സംശയാലുക്കളായി. മോശയ്ക്കും ദൈവത്തിനും എതിരായി പിറുപിറുക്കുന്ന പല സന്ദർഭങ്ങളും മരുഭൂപ്രയാണ വേളയിൽ നാം ദർശിക്കുന്നുണ്ട്. എങ്കിലും അപ്പത്തിനായി മുറവിളി കൂട്ടിയപ്പോൾ മന്നാ വർഷിച്ചതും, ഇറച്ചിക്കായി പിണങ്ങിയപ്പോൾ കാടപ്പക്ഷികളെ നൽകിയും, പാറ പിളർന്നു വെള്ളം നൽകിയും, മാറായിലെ കയ്പുജലത്തെ പഥ്യമുള്ളതാക്കിയും, പകൽ മേഘസ്തംഭത്തിലും, രാത്രി അഗ്നിത്തൂണിലും ക്ഷേമകരമായി ദൈവം അവരെ പരിപാലിച്ചു. എങ്കിലും നിസ്സാര കാര്യങ്ങളിൽപ്പോലും ഇതെല്ലാം മറന്ന് അവർ കലഹിക്കുകയും പിറുപിറുക്കുകയും ചെയ്തുകൊണ്ടിരുന്നു. യഹോവയുടെ പർവ്വതത്തിലേക്കു കയറിപ്പോയ മോശയെ ദിവസങ്ങളോളം കാണാതായപ്പോൾ അവരുടെ വിശ്വാസം നഷ്ടപ്പെട്ടു. യഹോവയുടെ വായിൽ നിന്നുതന്നെ കേട്ട പത്തുകല്പനകളിൽ പ്രധാനപ്പെട്ട രണ്ടു കല്പനകളും കാലവിളംബമെന്യേ അവർ ലംഘിച്ചു. കാളക്കുട്ടിയെ ഉണ്ടാക്കി നമസ്കരിച്ചു. യഹോവയുടെ കോപം ജ്വലിച്ചു. അനേകർ ആ കോപാഗ്നിയിൽ വെന്തു പോയി. അന്ന് അവർക്കു നൽകിയ ശിക്ഷ അവരെ നശിപ്പിക്കുവാൻ വേണ്ടിയായിരുന്നില്ല. നേർവഴിയിൽ നടത്തി രക്ഷിക്കുവാനായിട്ടായിരുന്നു. ഇവിടെയെല്ലാം തെറ്റിപ്പോകുന്ന മനുഷ്യനെയും, അവനെ ഉപേക്ഷിക്കാതെ സ്നേഹപൂർവ്വം ശിക്ഷിച്ചു നേർവഴിയിൽ നടത്തുന്ന ദൈവത്തിന്റെ സ്നേഹവും, കരുതലും, കരുണയും കാണാൻ കഴിയും. കഷ്ടത, വരാൻ പോകുന്ന നന്മയുടെ ചവിട്ടുപടിയാണ്. ദുഃഖം സുഖത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. ക്രൂശിന്റെ പാതയാണ് പുനരുത്ഥാനത്തിലേക്കുള്ള വഴി. ക്രൂശില്ലാതെ കിരീടമില്ല. പരി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ കേൾക്കുക. റോമ. 5:3 'കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നുവെന്ന് അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.

കഷ്ടതകളെ ഈ കാഴ്ചപ്പാടിൽ ഉൾക്കൊള്ളാൻ കഴിയാത്തവർ അനിഷ്ടകരങ്ങളായ ജീവിതാനുഭവങ്ങളുടെ മുൻപിൽ പകച്ചു നിന്നുപോകുന്നു. ഭാവിയെക്കുറിച്ച് ആശങ്കാകുലരാകുന്നു. ഇതുവരെ നടത്തിയ ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെടുന്നു. ചിലർ ദൈവത്തെ ഉപേക്ഷിച്ച് നിരീശ്വരവാദികളാകുന്നു. ചിലർ ജീവിതത്തിന്റെ മുൻപിൽ വാതിലുകളെല്ലാം ഒരിക്കലും തുറക്കപ്പെടാത്തവിധം കൊട്ടിയടക്കപ്പെടുമെന്നു കരുതി ജീവിതം സ്വയം അവസാനിപ്പിക്കുന്നു. ഇവിടെയാണ് "ഈ നാല്പതു സംവത്സരം നീ ധരിച്ച വസ്ത്രം ജീർണ്ണിച്ചു പോയില്ല; നിന്റെ കാൽ വീങ്ങിയതുമില്ല" എന്ന ദൈവവചനം നമുക്ക് സ്ഥൈര്യം പകരുന്നത്. ജീവിതത്തിൽ പ്രത്യാശ വളർത്തിയെടുക്കുവാനും, പ്രശ്നങ്ങളുടെ നടുവിൽ തളർന്നു പോകാതിരിക്കുവാനും; സമസ്ത ജീവിതാനുഭവങ്ങളും ദൈവം തരുന്നതാണെന്ന് തിരിച്ചറിഞ്ഞ് സ്ഥൈര്യത്തോടെ അതിനെ നേരിടുവാനും ദുഃഖങ്ങളെക്കുറിച്ചുള്ള ഈ കാഴ്ചപ്പാടും ദൈവചിന്തയും അനിവാര്യമാണെന്ന്

മരുഭൂപ്രയാണ സംഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

മനുഷ്യജീവിതത്തെക്കുറിച്ചുള്ള ഒരു സമഗ്ര ദർശനം പ്രാപിക്കുവാൻ ദുഃഖങ്ങൾ ഉപകരിക്കുന്ന തോടൊപ്പം ദൈവത്തെക്കുറിച്ചു വ്യക്തമായ അറിവും അത് പ്രധാനം ചെയ്യുന്നുവെന്നത് മറ്റൊരു യാഥാർത്ഥ്യമാണ്. ദൈവം സ്നേഹമാണ്, കാരുണ്യവാനാണ്, കരുതുന്നവനാണ്, കാക്കുന്നവനാണ്, പരിരക്ഷിക്കുന്നവനാണ്, ദീർഘക്ഷമയും മഹാദയയുമുള്ളവനാണ് എന്നീ സത്യങ്ങൾ രുചിച്ചറിയുന്നത് ദുഃഖങ്ങളിലൂടെ കടന്നുപോയിക്കഴിയുമ്പോഴാണ്. ദാവീദ് രാജാവ് അബീമേലേക്കിന്റെ മുമ്പിൽ ബുദ്ധിഭ്രമം നടിക്കുകയും അവിടെനിന്ന് അവനെ ആട്ടിക്കളയുകയും ചെയ്തിട്ട് പോകുമ്പോൾ പാടിയ 34-ാം സങ്കീർത്തനം ഈ സത്യം പ്രകീർത്തിക്കുന്നു. പ്രശ്നങ്ങളിലൂടെ കടന്നുപോയപ്പോൾ തിരിച്ചറിയാൻ കഴിഞ്ഞ ദൈവത്തെക്കുറിച്ചാണ് 17-19 വരെയുള്ള വാക്യങ്ങളിൽ ദാവീദ് വിവരിക്കുന്നത്. 'നീതിമാന്മാർ നിലവിളിച്ചു യഹോവ കേട്ടു. സകല കഷ്ടങ്ങളിൽ നിന്നും അവനെ വിടുവിച്ചു. ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ, മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു. നീതിമാന്റെ അനർത്ഥങ്ങൾ അനവധിയാകുന്നു. അവ എല്ലാറ്റിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു. 'അവൻ നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കുകയും മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല യഹോവയുടെ വായിൽ നിന്നു പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കുന്നുവെന്ന് നിന്നെ ഗ്രഹിപ്പിക്കേണ്ടതിന് നീയും നിന്റെ പിതാക്കന്മാരും അറിഞ്ഞിട്ടില്ലാത്ത മന്നാകൊണ്ട് നിന്നെ പരിപോഷിപ്പിക്കുകയും ചെയ്തു' എന്ന ആവർത്തനവാക്യം ഇവിടെ ശ്രദ്ധാ ർഹമാകുന്നു.

മരുഭൂപ്രയാണത്തിലൂടെ വെളിവാകുന്ന ദൈവത്തിന്റെ കാരുണ്യാതിരേകവും സ്നേഹവും വ്യക്തമായി മനസ്സിലാക്കണമെങ്കിൽ പ്രയാണം ചെയ്യുന്ന വലിയ ജനതതിയുടെ ദൈനംദിന ആവശ്യങ്ങളെക്കുറിച്ചുള്ള ഏകദേശ കണക്കെങ്കിലും ഗ്രഹിച്ചിരിക്കണം. മിസ്രയീമിൽ നിന്നു പുറപ്പെട്ട യിസ്രായേൽ മക്കളുടെ സംഖ്യയെക്കുറിച്ച് പുറ. 12:37, 38 വാക്യങ്ങളിൽ ഇങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "എന്നാൽ യിസ്രായേൽ മക്കൾ, കുട്ടികൾ ഒഴികെ ഏകദേശം ആറുലക്ഷം പുരുഷന്മാർ കാൽനടയായി മെനേസിൽ നിന്ന് സൂക്കോത്തിലേക്ക് യാത്ര പുറപ്പെട്ടു. വലിയോരു സമ്മിശ്ര പുരുഷാരവും ആടുമാടുകളും, കന്നുകാലികളുമായി അനവധി മൃഗങ്ങളും അവരോടുകൂടെ പോന്നു. പുരുഷന്മാർ മാത്രം ആറുലക്ഷം എന്നുപറയുമ്പോൾ അവരുടെ ആകെ ജനസംഖ്യ നമുക്ക് ഊഹിക്കുവാൻ കഴിയും. കുട്ടികൾ, സ്ത്രീകൾ, ദാസീദാസന്മാർ എന്നിവർ അവരുടെ സംഘത്തിൽ ഉൾപ്പെടുന്നു. ഒരു വേദശാസ്ത്രപണ്ഡിതന്റെ കണക്കുകൂട്ടൽ അനുസരിച്ച് കുറഞ്ഞത് 32 ലക്ഷം പേർ ഉണ്ടായിരിക്കണമത്രെ. അവർക്ക് ഒരു ദിവസത്തേക്ക് 19 ½കോടി രൂപാ ചെലവാകും. 110 ഗ്യാലൻ വെള്ളം, 460 ടൺ വിറക്, ഭക്ഷണം, വസ്ത്രം, ഒപ്പം അപ്പവും ഇറച്ചിയും. മിസ്രയീമിൽ നിന്ന് തത്രപ്പാടോടെ യാത്രാതിരിച്ചപ്പോൾ കയ്യിൽ കിട്ടിയതെല്ലാം കൂടെ കൊണ്ടുപോന്നു. അത് എത്ര ദിവസത്തേക്ക് ഉണ്ടാകും. കൊണ്ടുനടക്കാൻ കഴിയുന്ന ഭാണ്ഡക്കെട്ടുകളുമായി യാത്ര ആരംഭിച്ച ഈ 32 ലക്ഷം ആളുകളെ പോറ്റി പുലർത്തിയ ദൈവത്തിന്റെ കരുതൽ അവിശ്വസനീയമത്രെ. ഒരു ദിവസത്തേക്ക് 19 ½ കോടി രൂപാ വെച്ച് 40 സംവത്സരത്തെ കണക്ക് കൂട്ടിനോക്കുമ്പോൾ ലഭിക്കുന്ന ഉത്തരം അത്ഭുതകരമെന്നല്ല, മനുഷ്യബുദ്ധിക്ക് നിരക്കാത്ത ഒന്നായി മാത്രമേ വിശേഷിപ്പിക്കുവാൻ കഴിയൂ. ഇവിടെയാണ് ദൈവത്തിന്റെ മഹത്വം പൂർണ്ണമായി വെളിപ്പെടുന്നത്. മാത്രമല്ല; ഈ നാല്പതു സംവത്സരം നീ ധരിച്ച വസ്ത്രം ജീർണ്ണിച്ചുപോയില്ല, നിന്റെ കാൽ വീങ്ങിയതുമില്ല. (ആവ. 8:4) എന്നും ആവ. 29:4 ൽ "ഞാൻ നിങ്ങളെ നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തി, നിങ്ങൾ ഉടുത്തിരുന്ന വസ്ത്രം ജീർണ്ണിച്ചില്ല; കാലിലെ ചെരുപ്പ് പഴകീട്ടുമില്ല'' എന്നും രേഖപ്പെടുത്തിയതും ചേർത്ത് വായിക്കുമ്പോൾ ദൈവത്തിന്റെ മഹത്വം ഗ്രഹണനാതീതമായിത്തീരുന്നു.

കഷ്ടതകളിൽ കൂടെ വെളിവാകുന്ന ദൈവമഹത്വത്തെക്കുറിച്ചുള്ള ഈ അറിവ് അവന്റെ ന്യായപ്രമാണത്തിൽ പ്രമോദിക്കുവാനും അനുസരിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു; പ്രാപ്തരാക്കണം. ആവ. 8:1,2 വാക്യങ്ങളിൽ പറയുന്ന രണ്ടുകാര്യങ്ങൾ ഈ യാഥാർത്ഥ്യത്തെ വിളിച്ചറിയിക്കുന്നു. "നിങ്ങൾ ജീവിച്ചിരിക്കയും വർദ്ധിക്കുകയും യഹോവ നിങ്ങളുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശം ചെന്ന് കൈവശമാക്കുകയും ചെയ്യേണ്ടതിന് നിങ്ങളോട് കല്പിക്കുന്ന സകല കല്പനകളും പ്രമാണിച്ചു നടക്കണം. നിന്റെ ദൈവമായ യഹോവ നിന്നെ താഴ്ത്തുവാനും തന്റെ കല്പന കളെ പ്രമാണിക്കുമോ ഇല്ലയോ എന്ന് നിന്നെ പരീക്ഷിച്ച് നിന്റെ ഹൃദയത്തിൽ ഇരിക്കുന്നത് അറിവാനുമായി ഈ നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കേണം.'' മരുഭൂമിയിൽ നടത്തിയ വിധമോർക്കുമ്പോൾ മാത്രമേ ദൈവത്തിന്റെ കല്പനകൾ പ്രമാണിച്ചു നടക്കാൻ കഴിയുകയുള്ളൂ. ഹ്രസ്വമായ മനുഷ്യായുസ്സിൽ അർത്ഥവത്തായി ജീവിക്കുവാനും അനന്തവും സന്തോഷപൂർണ്ണവുമായ സ്വർഗ്ഗകനാനിലെ വാസത്തിന് ഒരുങ്ങുവാനും കഷ്ടതകളും ദുഃഖങ്ങളും അനിവാര്യമാണെന്ന സത്യം മരുഭൂപ്രയാണം നമ്മെ പഠിപ്പിക്കുന്നു.



# എന്തിനിത്ര ഒച്ച

ഫാ. പി.കെ. കോശി

“എന്റെ കാലിന് എന്നിലൂടേ നടക്കാനാവൂ’ എന്ന ഒറ്റവരി കവിത കുഞ്ഞുണ്ണി മാഷിന്റേതാണ്. കേൾവിയിൽ നിസ്സാരമായി തോന്നിയാലും അത്യധികം അർത്ഥഗാംഭീര്യമുള്ള വരിയാണ് മുകളിലുദ്ധരിച്ചത്. പലപ്പോഴും ഈ സത്യം നാം മനസ്സിലാക്കാതെ പോകുമ്പോൾ ജീവിതത്തിന് ഉറപ്പും സ്ഥൈര്യവും ഇല്ലാതെ പോകുന്നു. വി. വേദപുസ്തകം നമ്മെ ഓർമ്മിപ്പിക്കുന്നു ‘‘താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിയ്ക്കാൻ സൂക്ഷിച്ചു കൊൾക”. നിൽക്കുവാനും, നടക്കുവാനും ആവശ്യമായിരിക്കുന്ന മനുഷ്യാവയവമാണ് കാൽ. മനുഷ്യശരീരത്തിൽ വ്യത്യസ്തങ്ങളായ അവയവങ്ങളുണ്ട്. ഓരോ അവയവത്തിനും വ്യത്യസ്തമായ ചുമതലകളും കടമകളുമുണ്ട്. ഭൂമിയിലെ എല്ലാ മനുഷ്യരും വ്യത്യസ്തരാണ്. ഒരുവനെപ്പോലെ മറ്റൊരാൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. രൂപത്തിലും ആകൃതിയിലും മാനസിക ഘടനയിലും ഈ വ്യത്യസ്തത നിലനിൽക്കുന്നു. എന്തെങ്കിലും കഴിവുകളില്ലാതെ ആരും സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നു പറയുമ്പോൾ എല്ലാവർക്കും ഒരേ കഴിവല്ല. അവനവനിലെ കഴിവുകൾ കണ്ടെത്തി വികസിപ്പിച്ച് സ്വന്തം കാലിൽ നടക്കാനും, നിൽക്കാനും പഠിക്കുക എന്നത് ജീവിതത്തെ സംബന്ധിച്ച് ഏറ്റം ഫലപ്രദമായ വസ്തുതയാണ്.

ഇംഗ്ലീഷിൽ ‘Publicity Craze’ എന്നു വിളിക്കുന്ന പ്രസിദ്ധിയോടുള്ള അമിതമായ, യുക്തിക്കു നിരക്കാത്ത തരത്തിൽ പരിഹാസ്യമായ ഒരാർത്തി മനുഷ്യസഹജമായിരിക്കുന്നു. ഇംഗ്ലീഷിൽ ‘ego’ എന്നും സംസ്കൃതത്തിൽ ‘അഹം’ എന്നു പറയുന്ന ഞാനെന്ന ഭാവമാണ് ഈ പരക്കം പാച്ചിലിനു പിന്നിലുള്ള ചേതോവികാരം. സുഭാഷിതത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

“ഘടം ഭിന്ദ്യാത്പടം ഛിന്ദ്യാത്,
മാതരംപ്രഹരേഭവി
യേനകേനപ്രകാരേണ
പ്രസിദ്ധ: പുരുഷോഭവേത്” കുടം തല്ലിയുടയ്ക്കുക, തുണി വലിച്ചു കീറുക, അമ്മയെ തല്ലുക ഏതെങ്കിലും വിധത്തിൽ പ്രശസ്തി നേടണം” ഇതാണ് പലരുടെയും ചിന്താഗതി. അതിശയോക്തിപരമായി തോന്നുമെങ്കിലും സമൂഹത്തിൽ വലിയ ഒരുവിഭാഗം ജനങ്ങളുടെ ദൗർബല്യമായി ഇത് മാറിയിരിക്കുന്നു. എങ്ങനെയും പ്രശസ്തനാവുക എന്ന ചിന്ത എല്ലാവരെയും മദിച്ചിരിക്കുന്നു. യേശുക്രിസ്തുവിനെ പരീക്ഷിക്കുന്ന പ്രലോഭകൻ ഗോപുരമുകളിൽ നിർത്തി പറയുന്നു നീ താഴെയ്ക്ക് ചാടുക, നിന്റെ കാൽ കല്ലിൽ തട്ടാതെവണ്ണം ഭുജങ്ങളിൽ താങ്ങും. ഇന്ന് അമാനുഷികത്വം പ്രദർശിപ്പിക്കുന്നവർ അനേകം. ആയിരിക്കുന്ന അവസ്ഥയ്ക്കപ്പുറമായി പെരുമാറുന്നവർ. “ഭാവിയ്ക്കേണ്ടതിനു മീതെ ഭാവിച്ചുയരരുത്” എന്ന് വി. വേദപുസ്തകം ഓർമ്മിപ്പിയ്ക്കുമ്പോൾ പ്രശസ്തി നേടാനുള്ള വ്യഗ്രത വലിയ വിഭാഗം ജനങ്ങളിലുമുണ്ട്. മനുഷ്യനായി ജീവിക്കുവാൻ ആദാമിനും ഹവ്വാക്കും അവസരം നൽകി ഏദനിൽ പാർപ്പിച്ച ദൈവത്തേക്കാൾ, ദൈവമായി ഭൂമിയിൽ ജീവിക്കാൻ അവസരം നൽകിയ പിശാചിന്റെ വാക്കിൽ അടിപ്പെടുന്ന ആദ്യമാതാപിതാക്കളുടെ പതനം ഗുരുതരം.

ഇന്ന് രാഷ്ട്രീയ മേഖലയിലായാലും, സാംസ്ക്കാരിക മേഖലയിലാ

യാലും, സാഹിത്യമേഖലയിലായാലും പണം നേടിയാൽ മാത്രം പോരാ പേരും പെരുമയുംകൂടി നേടണം എന്നതാണ് എല്ലാവരുടെയും മോഹം. എങ്ങനെയെങ്കിലും പത്തുപേർ അറിയണം, പത്രത്തിൽ പേരും പടവും വരണം, മഹത് വചനങ്ങൾ വാചകമേളാ പംക്തികളിൽ ഉദ്ധരിക്കപ്പെടണം, ടെലിവിഷൻ ചാനലുകളിൽ പ്രത്യക്ഷമാകണം ഈ രീതിയിലേക്ക് മാറുന്നു. ഒന്നുമൊത്തില്ലെങ്കിൽ യോഗത്തിനെത്തുന്ന, പ്രസംഗിക്കുന്ന മന്ത്രിയുടെയോ, പ്രമുഖരുടെയോ നേരെ പിറകിൽ നിൽക്കുക, അതുമല്ലെങ്കിൽ നടത്തിപ്പുകാരനായി തലങ്ങും വിലങ്ങും ഓടി നടക്കുക എന്നത് വിദ്വാന്റെ പരക്കം പാച്ചിലിന്റെയും വെപ്രാളത്തിന്റെയും അടിസ്ഥാനം. പ്രസിദ്ധിക്കുവേണ്ടി എന്തു കോമാളിവേഷം കെട്ടാനും വിവരക്കേടുകൾ തട്ടിവിടാനും യാതൊരു മടിയുമില്ലാത്തവരെക്കുറിച്ചാണ് കവി പറയുന്നത്. കുടം ഉടച്ചും, തുണി വലിച്ചുകീറിയും, അമ്മയെ തല്ലിയും പ്രസിദ്ധിക്കായി പരക്കം പായുന്ന അവസ്ഥ. പ്രസിദ്ധിയോടുള്ള അത്യാസക്തി കൊണ്ടായിരിക്കും പഴയ ഒരു കാരണവർ പറഞ്ഞ പഴമൊഴിയിൽ “നാലു കൊള്ളാവുന്നവരെ ക്ഷണിക്കണം ഒന്നു ഞാനായിക്കോട്ടെ” എന്നത്.

നവനാഗരികതയുടെ മഹാശാപമായ ശബ്ദമാലിന്യവും കൂടി വരുന്ന കാലഘട്ടം. “Cacophony of Language’ ശബ്ദങ്ങളുടെ ‘കോലാഹലം’ എന്ന പ്രയോഗം നാം കേട്ടിട്ടുണ്ടല്ലോ. വായു, ജലം, ഭക്ഷണപദാർത്ഥങ്ങൾ, ഔഷധങ്ങൾ തുടങ്ങി സകലതും മലിനമായിരിക്കുന്ന ഈ കാലത്ത് ശബ്ദം കൊണ്ടുള്ള മലിനീകരണം വരുത്തിക്കൂട്ടുന്ന ദ്രോഹം ചെറുതല്ല. പകൽ മുവുവൻ അദ്ധ്വാനിച്ച് വീട്ടിലെത്തി ചടഞ്ഞുകൂടുമ്പോൾ അടുത്ത വീട്ടിൽ നിന്നും അത്യുച്ചത്തിലുള്ള അഖണ്ഡ ചലച്ചിത്രഗാന പ്രക്ഷേപണ ഘോഷം, അല്ലെങ്കിൽ വിപണനകേന്ദ്രങ്ങളുടെ പരസ്യപ്രഘോഷണം, നാടിന്റെ ഓമനപുത്രനായ സ്ഥാനാർത്ഥിക്ക് വോട്ട് നൽകുവാനുള്ള അപേക്ഷയും അഭ്യർത്ഥനുമാകുന്ന കോലാഹലം. രോഗവും വാർദ്ധക്യവും നിമിത്തം അവശതകളാൽ തിരിഞ്ഞും മറിഞ്ഞും കിടക്കുന്ന ദൗർഭാഗ്യവന്മാർ, പരീക്ഷയ്ക്കു പഠിക്കുന്ന കുട്ടികൾ, ശാന്തതയ്ക്കായി ദാഹിക്കുന്ന സാധാരണക്കാർ ആരെയും പിൻതുടരുന്നു ഈ മാരണം. ഞെട്ടിക്കുന്ന ടെലഫോൺ മണിയടി, മൊബൈൽ ഫോൺ ശബ്ദത്താലുള്ള ജനദ്രോഹം, ഉച്ചഭാഷിണികളുടെ ഒടുങ്ങാത്ത ആവരം, ആംബുലൻസുകളുടെ അമിതമായ നിലവിളി, മോട്ടോർ വാഹനങ്ങളുടെ അത്യുച്ചത്തിലുള്ള ഹോണുകൾ, മനപൂർവ്വം സൈലൻസറുകൾ ഊരിക്കളഞ്ഞ് എട്ടു ദിക്കും പൊട്ടിച്ച് പൗരുഷം മാളോരെ ബോദ്ധ്യമാക്കാൻ നൂറുകിലോമീറ്റർ വേഗത്തിൽ മരണത്തെ വെല്ലുവിളിച്ച് ബൈക്കിൽ പായുന്ന കോടീശ്വര സന്തതികളുടെ ശല്യം തുടങ്ങി ശബ്ദമലിനീകരണത്തിന് അന്തമില്ല.

ഒരു നീക്കുപോക്കുമില്ലാതെ ദേവാലയങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന ഭക്തിഗാനങ്ങൾ യഥാർത്ഥ ഭക്തിയുടെ സ്ഫുരണമോ ആരാധനകൾ മധുരതരമാക്കാനുള്ള നമ്മുടെ ദേവാലയങ്ങളിലെ ഗായകസംഘം ഗാനമേളാ ട്രൂപ്പിനെ വെമ്പുന്ന കോലാഹലത്തിലെത്തുന്നു. താരതമ്യേന ശാന്തമായിരുന്ന നമ്മുടെ ആരാധന ഇന്ന് ശബ്ദമുഖരിതമാക്കി അധപതിക്കുന്ന ദുരവസ്ഥ. ഏതു മതസ്ഥന്റെ ദേവാലയമാണോ മൈക്ക് സിസ്റ്റം ‘സ്റ്റാറ്റസ് സിംബലാ’യിരിക്കുന്ന കാലഘട്ടം ശബ്ദഭീകരതയുടെ ദുസ്സഹ നിമിഷങ്ങൾ. കഷ്ടാനുഭവ ആഴ്ച, ദുഃഖവെള്ളിയാഴ്ച യേശു കുരിശിൽ കിടക്കുമ്പോഴും ശാന്തമായി ഗീതങ്ങൾ ആലപിച്ച് അനുതാപത്തോടെ ആയിരിക്കുന്നതിനു പകരം കിലോമീറ്ററുകൾ ദൂരത്തിൽ മൈക്കു സ്ഥാപിച്ച് ഘോരഘോരം പ്രക്ഷേപിക്കുക ശീലമാക്കിയിരിക്കുന്നു.

‘ദൈവത്തിന് എന്തിനിത്ര ഒച്ച’ എന്ന് നാളുകൾക്ക് മുൻപ് ഡി.സി. കിഴക്കേമുറി ലേഖനമെഴുതിയതോർമ്മയിൽ വരുന്നു. ശബ്ദശല്യം ആരോഗ്യത്തിനു വരുത്തിക്കൂട്ടുന്ന അപകടത്തെപ്പറ്റി ഒരു വലിയ വിഭാഗം ജനങ്ങൾ അജ്ഞരായിരിക്കുന്ന ഈ കാലത്തും ശബ്ദത്തിന്റെ തീവ്രത തളയ്ക്കുന്ന ഉപകരണമാണല്ലോ ഡെസിബൽ (Decibel). ശാസ്ത്രീയമായി മനസ്സിലാക്കിയാൽ ചില ശബ്ദങ്ങളുടെ തീവ്രത ഇപ്രകാരം.

പിറുപിറുക്കുന്നത് 30 ഡെസിബൽ, സാധാരണ സംഭാഷണം 60 ഡെസിബൽ, ഉച്ചത്തിലുള്ള സംഭാഷണം 70–80 ഡെസിബൽ, ലോറി 90 ഡെസിബൽ, മോട്ടോർ ഹോൺ 115 ഡെസിബൽ, വെടിയൊച്ച 140 ഡെസിബൽ. നമ്മുടെ ചെവിക്കു താങ്ങാവുന്ന ശബ്ദ തീവ്രതയ്ക്ക് പരിധിയുണ്ട്. ആ പരിധിയിൽ കവിയുന്നത് ഹാനികരമാണ്. 8 മണിക്കൂർ നേരം 85 ഡെസിബൽ. 2 മണിക്കൂർ 100 ഡെസിബൽ, 15 മിനിറ്റ് 115 ഡെസിബൽ. നിരന്തരമായി ഈ പരിധികൾ ലംഘിച്ചാൽ ശ്രവണശക്തി ക്രമേണ കുറയും എന്നു മാത്രമല്ല, ഗുരുതരമായ പലരോഗങ്ങൾക്കും കാരണമായി തീരുന്നു. ഹൃദയത്തിനും, മനസ്സിനും, നാഢീവ്യൂഹങ്ങൾക്കും അപകടകരമായ അവസ്ഥയിലേക്ക് ഇത് എത്തിക്കുന്നു. പകൽ പരമാവധി 55 ഡെസിബലും, രാത്രിയിൽ 45 ഡെസിബലുമാണ് നിയമാനുസൃത ശബ്ദതീവ്രത. ഇത് പലപ്പോഴും കടലാസിൽ മാത്രമാകുന്നു. നിയമപാലകർ നിയമം ലംഘിക്കാൻ കൂട്ടുചേരുന്ന അവസ്ഥ. രാത്രി 10 മണിക്കും രാവിലെ 6 മണിക്കും ഇടക്ക് ഉച്ചഭാഷിണി നിരോധിച്ചുള്ള നിയമ ഉത്തരവുണ്ട് എങ്കിലും അത് ലംഘിക്കപ്പെടുന്നു. Silent zone (നിശബ്ദമേഖല)യായി പ്രഖ്യാപിച്ചിരിക്കുന്ന വിദ്യാലയങ്ങൾ, കോടതികൾ, ആശുപത്രികൾ തുടങ്ങിയ പ്രദേശങ്ങളിലും നിയന്ത്രണം കാണുന്നില്ല. നിയമങ്ങൾ പലപ്പോഴും കടലാസ് പുലികളായി മാറുമ്പോൾ ശക്തവും വ്യാപകവുമായ അവബോധം അത്യാവശ്യമാണ്.

‘മിണ്ടാതിരുന്ന് ഞാൻ ദൈവമെന്നറിഞ്ഞു കൊൾക’ എന്ന് സങ്കീർത്തനക്കാരൻ ഓർമ്മിപ്പിക്കുമ്പോൾ ശാന്തതയും സൗമ്യതയും പൂണ്ട് ദൈവമുഖം ദർശിക്കുക. ശബ്ദകോലാഹലവും ശബ്ദമലിനീകരണവുമല്ല നിശബ്ദതയാണ് ഇന്നിന്നാവശ്യം. ❍



*രാജ്യത്തിൻ വാതിൽ – ചെറിയതുമാമാർഗ്ഗം–*
*വീതി കുറഞ്ഞതുമാ – ണാവഴി ഗമനം കാംക്ഷിപ്പോ–*
*നത്യുൽസഹമവശ്യം താൻ*
*അലസത ലേശം ബാധിച്ചാ–*
*ലശുഭവഴിക്ക് വശംവദനായ്*
*സ്വാത്മത്തെ – സ്വയമേ നിഹനിക്കും.*

# സഹയാത്രികൻ

## ഫാദർ സഖറിയാ പനയ്ക്കാമറ്റം

**നാം** ഉറങ്ങുന്ന അവസരത്തിലും യാത്രയിലാണ്. സൗരയൂഥത്തിലെ ഒരു ഗോളമായ ഭൂമിയും എപ്പോഴും ചലനാത്മകമാണ്. സാങ്കല്പിക അച്ചുതണ്ടിൽ അത് സ്വയം കറങ്ങിക്കൊണ്ടിരിക്കുകയാണ്. സ്വന്തം ഭവനത്തിൽ ഒരു സ്ഥാനത്തു നാം ഇരിക്കുന്നുവെന്ന് തോന്നുന്നെങ്കിലും, ഇരിക്കുമ്പോഴും ഒരു സ്ഥലത്ത് നില്ക്കുമ്പോഴും നാം യാത്രയിലാണ്. തൊട്ടിലിൽ ആരംഭിക്കുന്ന യാത്ര ശ്മശാനത്തിലെ വിശ്രമ സ്ഥലത്ത് എത്തുന്നതുവരെ തുടർന്നുകൊണ്ടേയിരിക്കുന്നു.

**യാത്ര അന്വേഷണത്തിന്റെ പാതയിൽ**

നാം എന്തായി തീരുമെന്നുള്ളത് നമുക്ക് രഹസ്യമാണ്. ലക്ഷ്യം ഒളിഞ്ഞിരിക്കുന്ന നിധി കണ്ടെത്തുവാനോ അഥവാ ഏറ്റവും വിലയേറിയ മുത്ത് കണ്ടെത്തുവാനോ ആണെങ്കിൽ, അതിന്റെ പിന്നിൽ കഠിനമായ അദ്ധ്വാനവും വിശ്രമം ഇല്ലാത്ത യാത്രയും അനിവാര്യമായി വരുന്നു. ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ മുമ്പോട്ടു ഗമിക്കുവാനുള്ള ശക്തി അവരവരുടെ ഉള്ളിൽ തന്നെ സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഈ ശക്തി പലപ്പോഴും ക്ഷയിച്ചുപോകുന്നത് നാം എന്തിനൊക്കെയോ അടിമയായി തീരുമ്പോഴാണ്. സ്വാർത്ഥത, ലാഭേച്ഛ, അറുതിയില്ലാത്ത ആഗ്രഹങ്ങൾ ഇവകൾക്ക് അടിമയായിത്തീരുമ്പോൾ ജീവിതത്തിൽ സ്വാതന്ത്ര്യം തന്നെ നഷ്ടപ്പെടുന്നു. ജഢമോഹം, കൺമോഹം, ജീവനത്തിന്റെ പ്രകാതം (Passion, Position and Pocession) ഇവ അടിമത്തത്തിലേക്ക് നയിക്കുന്നു. നമ്മെ ചുറ്റിപ്പറ്റിയുള്ള വിഷയങ്ങൾ പലപ്പോഴും വിഷത്തേക്കാൾ വിഷമം ആയിത്തീരുന്നു. വിഷം എന്നത് കഴിച്ചാൽ മാത്രമേ അപകടം ആകയുള്ളു. എന്നാൽ പുതിയ പാദരക്ഷകൾ ദേവാലയത്തിന് പുറത്ത് കരുതിവച്ചതിനു ശേഷം ആരാധനയ്ക്കായി ദേവാലയത്തിനുള്ളിൽ കയറിയാൽ തിരികെ ചെല്ലുന്നതിന് മുമ്പ് അത് ആരെങ്കിലും അടിച്ച് മാറ്റുമോയെന്ന ചിന്ത ആരാധനയേയും ബാധിക്കുന്നു. ഒരു വിഷയം നമ്മെ ആരാധനയുടെ ഏകാഗ്രതയിൽ നിന്നും അകറ്റുന്നു. ഉത്സാഹത്തോടെയുള്ള ഏകാഗ്രത ജീവിതത്തിന്റെ അനിവാര്യതയാണ്.

**പുതിയ ആരംഭം – ദൈവമക്കളുടെ അവകാശം**

പുതിയ ആരംഭത്തിനുള്ള അവകാശം ദൈവം വിലക്കുകയില്ല. പുതിയ ആരംഭങ്ങളുടെ ആഗമനം ആരാധനയിൽ ആയിരിക്കേണ്ടതാണ്. പെട്ടകത്തിൽ നിന്നും വെളിയിൽ വന്ന നോഹയുടേയും കുടുംബത്തിന്റെയും പുതിയ ജീവിതത്തിന്റെ തുടക്കം ആരാധനയോടെയാണ്. ജീവൻ നിലനിൽക്കുവാൻ സൃഷ്ടിയിൽ ആരാധനയിൽ നിന്നുടലെടുക്കുന്ന വിശുദ്ധി ആവശ്യമായിട്ടുണ്ട്. “ഇവർക്ക് വേണ്ടി ഞാൻ എന്നെത്തന്നെ ശുദ്ധീകരിക്കുന്നു” എന്ന പ്രാർത്ഥന ജീവന്റെ നിലനിൽപ്പിന് വേണ്ടിയാണ്. രക്തത്തിന് ശുദ്ധിയില്ലാതെ വന്നാൽ ഓർമ്മയില്ലാതാകും. വിശുദ്ധിയും ഓർമ്മയും തമ്മിൽ ബന്ധമുണ്ട്. പെട്ടകത്തിന്റെ കിളിവാതിൽ തുറന്നതിന്റെ കാരണം ബാഹ്യലോകത്തെപ്പറ്റിയുള്ള ചിന്തയും അറിവും ദൈവമക്കളുടെ നന്മ നിറഞ്ഞ ശുശ്രൂഷ ദൗത്യത്തിന്റെ പൂർണ്ണതയ്ക്ക് ആവശ്യമായതിനാലാണ്.

**ക്രിസ്തു – സഹയാത്രികൻ**

കാര്യസാദ്ധ്യത്തിനായി പലപ്പോഴും അധികാരമുള്ള മനുഷ്യരെ അന്വേഷിച്ചു പുറപ്പെടുന്നതോടൊപ്പം ദൈവത്തിന്റെ അധികാരം നാം മറക്കുന്നു. എന്നാൽ പ്രകൃതിയുടെ എല്ലാ മേഖലകളിലും




സൃഷ്ടികർത്താവിന് അധികാരം ഉണ്ട്. മാത്രമല്ല സൃഷ്ടിയോടൊപ്പം യാത്രചെയ്യുവാൻ സൃഷ്ടാവ് ആഗ്രഹിക്കുന്നു. എമ്മവൂസിലേക്ക് പോയ ശിഷ്യന്മാർ അല്പം വൈകിയാണെങ്കിലും വെളിപാടിൽ കൂടെ മനസ്സിലാക്കിയത്, കൂടെ നടന്ന ക്രിസ്തുവിന്റെ സജീവസാന്നിദ്ധ്യം ആണ്.

ക്രിസ്തുവിന്റെ സാന്നിദ്ധ്യം തിരുവെഴുത്തുകളെ തെളിയിക്കുന്നു. ദൈവവചനത്തിന് ചെവികൊടുക്കുവാൻ ഉൾപ്രേരണ വർദ്ധിക്കുകയും ചെയ്യുന്നു. (വി. ലൂക്കോസ് 24:32) 'ഞാൻ തന്നെ വഴി' എന്ന് ക്രിസ്തു വെളിപ്പെടുത്തിയത് ജീവിതത്തിന്റെ സഹയാത്രികൻ ആയി വഴികാട്ടിയുടെ സ്ഥാനത്ത് കാണപ്പെടുന്നതിലാണ്.

**ശക്തീകരിക്കുന്നത് – വഴി നടത്തുന്ന ആത്മാവ്**

'സത്യത്തിന്റെ ആത്മാവ് വരുമ്പോഴൊ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും' ദൈവകൃപയുടെ സുപ്രധാനമായ 'ചാനൽ' ജീവിതത്തിന്റെ താഴ്മ ഒന്നു മാത്രമാണ്. ഒരുത്തൻ തർക്കിക്കാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ലാ, ദൈവസഭകൾക്കുമില്ല" എന്ന് (1 കൊരിന്ത്യർ 11:14). പരി. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. മറ്റുള്ളവരുടെ മുൻപിൽ നാം ചെറിയതായിയെങ്കിൽ മാത്രമേ താഴ്മയും വിനയവും പ്രായോഗികതയിൽ സാദ്ധ്യമാകയുള്ളൂ. കാട്ടിലെ മരംവെട്ടുകാരനോട് താഴ്വരയിലേക്കുള്ള എളുപ്പവഴി ഏതാണെന്ന് ചോദിച്ചാൽ അരുവിയെ പിൻതുടരുവാൻ അവർ പറഞ്ഞുതരും. ഒരു അരുവിക്കും മുകളിലേക്ക് ഒഴുകുവാൻ സാദ്ധ്യമല്ല.

മശിഹായുടെ നൽവരങ്ങൾ ഏറ്റവും താണവരിലേക്കും, നിർദ്ധനരിലേക്കും ചെന്നെത്തേണ്ടതാണ്. കാണാതെ പോയ മകൻ, പ്രാർത്ഥിക്കുന്ന ചുങ്കക്കാരൻ, അനുതപിച്ച കള്ളൻ, നിർണ്ണായക നിമിഷങ്ങളിൽ തള്ളി പറഞ്ഞ ശിഷ്യൻ തുടങ്ങിയവരിൽ രൂപാന്തരം സൃഷ്ടിച്ചതും വഴി നടത്തുന്ന ആത്മാവു തന്നെ – സഹയാത്രികനായ ക്രിസ്തുവിനോട് ചേർന്ന് ദൈവം നമ്മെയും രൂപാന്തരപ്പെടുത്തും.

# മംഗളം നേരുന്നു ഞാൻ

**അനാമിക**

മംഗളം നേരുന്നു ഞാൻ – മംഗളം നേരുന്നു ഞാൻ
75 വസന്തങ്ങൾ കണ്ട പുണ്യാത്മാവിനു മംഗളം നേരുന്നു
നമ്രശിരസ്സുമായി പൂജ്യപാദത്തിൽ
നന്മതൻ ആയിരം പൂക്കൾ നിരത്തി – മംഗളം

എത്ര വസന്തങ്ങൾ കണ്ട പുണ്യാത്മാവേ
ഇനിയും വിരിയട്ടൊരായിരം നന്മതൻ പൂത്തിരി
തമ്പുരാൻ തന്നുടെ ദിവ്യകാരുണ്യത്താൽ
എന്നു പ്രാർത്ഥിക്കുന്നാത്മാർത്ഥമായി ഞാൻ –
മംഗളം.....

ഏഴുതിരിയിട്ട പൊൻവിളക്കായി
ഏവർക്കും നന്മതൻ കിടാവിളക്കായ് മാർഗ്ഗമോതി
സഭയുടെ അഭിമാന ഭാജനമായ്, ഇടവകയുടെ ഇടയനായി
ശോഭിയ്ക്കുവാൻ കൃപലഭിച്ചിടട്ടെ – മംഗളം......

ദൈവത്തിന്നോമന പുത്രനായി തിരുമേനി
ഏവർക്കും നന്മതൻ മാർഗ്ഗങ്ങളോതി
ഏതു ജന്മത്തിലും മറക്കുവാനാകാത്ത
ഉജ്ജ്വല നക്ഷത്ര പ്രഭയായി വാഴുനീണാൾ –
മംഗളം.......

ഈ പുജ്യപാദത്തിലൊരിക്കൽ കൂടി
ആത്മാർത്ഥമായി നമിക്കുന്നു ഞാനും
ആയുസ്സാരോഗ്യങ്ങളെല്ലാം ലഭിയ്ക്കാൻ
പ്രാർത്ഥിച്ചു നന്മകൾ നേരുന്നു വീണ്ടും.

## ഗുരുവന്ദനം

ശിഷ്യർക്ക് യഥാർത്ഥ അറിവായ ഈശ്വരനെ കാട്ടിക്കൊടുക്കുന്നവനാണ് ഗുരു എന്നും, ഭാരതീയ സംസ്ക്കാരത്തിൽ ഗുരുവിന്റെ മഹത്തായ സ്ഥാനം കുട്ടികൾക്ക് പകർന്നു കൊടുക്കുവാനും അറിവു തേടിയുള്ള യാത്രയിൽ ഗുരുവിന്റെ അനുഗ്രഹം ആവശ്യമാണെന്നും കുട്ടികളെ ബോധവത്ക്കരിക്കുവാൻ ചെങ്ങന്നൂർ ഭദ്രാസനത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതി. എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിന് തൊട്ടു മുമ്പുള്ള ഞായറാഴ്ച ഉച്ചകഴിഞ്ഞ് ബഥേൽ അരമനയിൽ വച്ച് നടത്തപ്പെടുന്നു.

## ഓർമ്മപ്പെരുന്നാൾ

**കൂർത്തമല:** കടപ്ര സെന്റ് ജോർജ്ജ് ചാപ്പലിൽ വി. ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 8 മുതൽ 11 വരെ ആചരിച്ചു. പെരുന്നാളിനോടനുബന്ധിച്ച് വചനശുശ്രൂഷയും വി. റാസയും നേർച്ച വിളമ്പും നടത്തപ്പെട്ടു. 11 ന് നടന്ന വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. കോരുത് ചെറിയാൻ, ഫാ. സുനിൽ ജോസഫ്, ഫാ. എം.ബി. ജോർജ്ജ്, ഫാ. ഷാജി പി. ജോഷ്വാ, ബിജു മണ്ണാരിയേത്ത്, ജോൺസൺ ചുണ്ടമണ്ണിൽ എന്നിവർ നേതൃത്വം നൽകി.

## ദിവ്യബോധനം സെമിനാർ

ദിവ്യബോധനം സെമിനാർ 2013 ജൂൺ 8 ശനിയാഴ്ച രാവിലെ 10 മണി മുതൽ ബഥേൽ അരമനയിൽ.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

അഡ്രസ്സ് പ്രിന്റിംഗിലെ സാങ്കേതിക തകരാറു മൂലം കഴിഞ്ഞ ലക്കം ബഥേൽ പത്രിക മാന്യവായനക്കാർക്ക് ലഭിക്കാഞ്ഞതിൽ ഖേദം പ്രകടിപ്പിക്കുന്നു.

# എബ്രായ ലേഖനം – പഠനം

## ഫാദർ മാത്യു വറുഗീസ്, പുളിമൂട്ടിൽ

എബ്രായ ലേഖന കർത്താവ് ബർണബാസോ അപ്പല്ലോസോ ആയിരിക്കാനാണ് സാധ്യത എന്നും, പരിശുദ്ധ പൗലോസ് ശ്ലീഹാ അരാമ്യ ഭാഷയിൽ എഴുതി. വി. ലൂക്കോസ് ഗ്രീക്കിലേക്ക് തർജ്ജിമ ചെയ്തുവെന്നും ചരിത്രകാരന്മാർ പറയുന്നു. എന്നാൽ നാലാം നൂറ്റാണ്ടോടുകൂടി (എ.ഡി. 407) ജോൺ ക്രിസോസ്റ്റവും, (എ.ഡി. 373) വി. അത്താനാസിയോസും എബ്രായ ലേഖനം വി. പൗലോസിന്റെ ആണെന്നും, എ.ഡ്. 367-ൽ കൂടിയ കാർത്തേജ് കൗൺസിൽ ഈ ലേഖനം വി. പൗലോസിന്റെ 14-ാമത്തെ ലേഖനമായി ഉയർത്തുകയും ചെയ്തു. ഓർത്തഡോക്സ് സഭയും ഈ അഭിപ്രായത്തിൽ നിലനിൽക്കുന്നു. എ.ഡി. 70-ൽ നടന്ന യെറുശലേം ദേവാലയത്തിന്റെ നശീകരണത്തെക്കുറിച്ച് ഈ ലേഖനത്തിൽ പ്രതിപാദിക്കാത്തതിനാൽ എ.ഡി. 64 നും 68 നും ഈ ലേഖനം എഴുതിയെന്ന് നമുക്ക് അനുമാനിക്കാം.

യഹൂദന്മാരുടെ പീഢകൾ കാരണം യഹൂദ ക്രിസ്ത്യാനികൾ യഹൂദ മതത്തിലേക്ക് തിരിച്ചു പോകാനാഗ്രഹിച്ചു. ആദികാലത്ത് ആഴമായ വിശ്വാസം ഉള്ളവരും (6:10) പീഢകൾ സ്വയം വഹിച്ചവരും മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചവരുമായിരുന്ന (10:32-34) യഹൂദ ക്രിസ്ത്യാനികൾ ആന്തരികമായി പാപവുമായുള്ള നിരന്തര പോരാട്ടത്തിലും (12:1) ഉത്സാഹത്തിൽ മടുപ്പുള്ളവരു (12:2-4,13.14) മായി തീർന്നു. യഹൂദ മതത്തിലേക്ക് തിരികെ പോകുവാനും തുടങ്ങി (13:9-14). ഇതു മനസ്സിലാക്കിയ പൗലോസ് ശ്ലീഹാ നിത്യനാശത്തിലേക്ക് യഹൂദ ക്രിസ്ത്യാനികൾ തിരിച്ചു പോകാതിരിപ്പാൻ യറുശലേം സഭയ്ക്കാണ് ഈ ലേഖനം എഴുതിയത്.

യേശുക്രിസ്തുവിന്റെ പൂർവ്വാസ്തിത്വം 1:2-3 വാക്യങ്ങളിലൂടെ ഏഴു വിധത്തിൽ തെളിയിക്കുന്നു. 1:4-14 വരെയുള്ള വാക്യങ്ങളിലൂടെ ദൈവപുത്രൻ മാലാഖമാരേക്കാൾ ശ്രേഷ്ഠനാണെന്നും, 1:8,9 വാക്യങ്ങൾ പുത്രന്റെ നീതിപൂർവ്വമായ ഭരണത്തെക്കുറിച്ചും വിശദീകരിക്കുമ്പോൾ 1:1-ാം വാക്യം പ്രവാചകന്മാരിലൂടെയും ക്രിസ്തുവിൽ കൂടിയുമുള്ള ദൈവീക വെളിപ്പെടുത്തലിലെ വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുന്ന തത്വത്തിന്റെ മുദ്ര (1:3) വലതുഭാഗത്ത് ഇരിക്കുക (1:3) ആദ്യജാതന്റെ (1:6) എന്നീ പദപ്രയോഗങ്ങളുടെ അർത്ഥവും വിശദീകരിക്കുന്നു. 2-ാം അദ്ധ്യായത്തിൽ, പുത്രൻ തമ്പുരാനിൽകൂടി വെളിപ്പെട്ട രക്ഷയെസംബന്ധിച്ചും (2:1-4), യേശു മാലാഖമാരേക്കാൾ ശ്രേഷ്ഠനാണെന്നും (2:5-9) യേശുവിന്റെ മഹാപുരോഹിത സ്ഥാനത്തിന്റെ സവിശേഷതകളും, മനുഷ്യസാദൃശ്യത്തിലായതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും (2:10-18) പ്രതിപാദിക്കുന്നു. നാം ഒഴുകിപോകാതിരിക്കുവാൻ ശ്രദ്ധിക്കുക (2:1), ജഡരക്തങ്ങളോടു കൂടിയവനായി (2:14), വിശുദ്ധീകരിക്കുക (2:11) എന്നീ പദപ്രയോഗങ്ങളുടെ അർത്ഥവും വിശദീകരിക്കുന്നു.

3-ാം അദ്ധ്യായത്തിൽ യേശു മോശയേക്കാൾ ശ്രേഷ്ഠനാണെന്ന് സമർത്ഥിക്കുകയാണ്. യിസ്രായേലിന് എന്തുകൊണ്ട് കനാനിൽ പ്രവേശിക്കുവാൻ സാധിച്ചില്ല (3:7-19) യെന്നും, ആയതിനാൽ സ്വർഗ്ഗീയ കനാൻ ലാക്കാക്കി ജീവിക്കുന്ന നാം എങ്ങനെ ഒരുങ്ങണമെന്നുള്ള പ്രതിപാദ്യമാണ് ഈ ഭാഗത്ത് കാണുന്നത്. വിശുദ്ധ സഹോദരന്മാർ സ്വർഗ്ഗീയ വിളിക്ക് ഓഹരിയാക്കിയവർ, അപ്പോസ്തോലൻ, മഹാപുരോഹിതൻ എന്നീ വാക്കുകൾക്കുള്ള വിശദീകരണവും ഈ ഭാഗത്ത് നിന്നും നാം മനസ്സിലാക്കണം. ഹൃദയം കഠിനമാക്കാതിരിക്കുവാൻ നാം എന്തു മുൻകരുതലുകൾ എടുക്കണമെന്നും ഈ അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് വിശദീകരിക്കുന്നുണ്ട്.

നാലാം അദ്ധ്യായത്തിൽ 3 കാര്യങ്ങളാണ് പ്രത്യേകം പരാമർശിക്കുന്നത്. ശാശ്വതമായ സ്വസ്ഥത, ദൈവവചനം, മഹാപുരോഹിതനായ ക്രിസ്തു. സ്വസ്ഥത എന്ന വാക്കിന്റെ അർത്ഥവും, വിശ്വാസിയുടെ മേന്മയേറിയ സ്വസ്ഥതയും (4:1-13) വിശദീകരിക്കുന്നു. ദൈവവചനത്തിന്റെ ശക്തിയെക്കുറിച്ച് 4:12-13 വാക്യങ്ങളിൽ പ്രതിപാദിക്കുന്നു. 4:4-16 വരെയുള്ള ഭാഗങ്ങളിൽ മഹാപുരോഹിതനായ ക്രിസ്തുവും പഴയനിയമ പുരോഹിതന്മാരുമായുള്ള ഒരു താരതമ്യപഠനം നടത്തുന്നു.

അഞ്ചാം അദ്ധ്യായത്തിൽ 5:1-4 വാക്യങ്ങളിൽ മഹാപുരോഹിതന്റെ ശുശ്രൂഷയും യോഗ്യതകളും വിശദീകരിക്കുന്നു. 5:5-10 വരെയുള്ള ഭാഗങ്ങളിൽ യേശുക്രിസ്തുവിന്റെ പൗരോഹിത്യം അഹറോന്യ പാരമ്പര്യപ്രകാരമുള്ളതല്ലെന്നും, മർക്കീസദേക്കിന്റെ ക്രമപ്രകാരമുള്ളതുമാണെന്ന് വിശദീകരിക്കുന്നു. 5:11-14 വരെയുള്ള ഭാഗങ്ങളിൽ "ശൈശവം പിന്നിടാത്തവർ" എന്ന പദപ്രയോഗം കാണുന്നു. ആയതിനെക്കുറിച്ചുള്ള ഒരു പഠനവും, അറിവും നാം ആർജ്ജിക്കണം.

(തുടരും)

# വൈദികർക്ക് സ്ഥലംമാറ്റം

ചെങ്ങന്നൂർ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചെങ്ങന്നൂർ ഭദ്രാസനത്തിലെ വൈദികരെ അവരുടെ പേരിനൊപ്പം ചേർത്തിരിക്കുന്ന ഇടവകകളിൽ വികാരിമാരായി സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് കല്പന പുറപ്പെടുവിച്ചു. ഈ സ്ഥലം മാറ്റം 2013 മെയ് മാസം 15 –ാം തീയതി മുതൽ പ്രാബല്യത്തിൽ വരും.

ഫാദർ ഏബ്രഹാം കോശി – ആറാട്ടുപുഴ സെന്റ് മേരീസ്, ഫാദർ എബി സി. ഫിലിപ്പ് – കൂറ്റൂർ സെന്റ് ഗ്രീഗോറിയോസ് ബഥാന്യ, ഫാദർ ബിജു റ്റി. മാത്യു – പേരിശേരി സെന്റ് മേരീസ്, ഫാദർ സി. പി. ചാക്കോ – പേരിശേരി ഈസ്റ്റ് മാർ ഗ്രീഗോറിയോസ്, ഫാദർ സി. കെ. ഗീവർഗീസ് – പൂഴിക്കാട് സെന്റ് ജോർജ്, ഫാദർ ഗീവർഗീസ് ജോൺ – പിരളശേരി സെന്റ് ജോർജ് കാതോലിക്കേറ്റ് സിംഹാസന പള്ളി, ഫാദർ ഗീവർഗീസ് കോശി – ഉള്ളന്നൂർ സെന്റ് മേരീസ് വലിയപള്ളി, ഫാദർ ഗീവർഗീസ് സമുവേൽ – നെല്ലിമല മാർ ഗ്രീഗോറിയോസ്, ഫാദർ ജോർജ് ഏബ്രഹാം – കുട്ടമ്പേരൂർ സെന്റ് മേരീസ്, ഫാദർ എം. കെ. ഇമ്മാനുവേൽ – കല്ലുങ്കൽ വെസ്റ്റ് സെന്റ് ജോർജ്, ഫാദർ ഐപ്പ് പി. സാം – കുടശനാട് സെന്റ് സ്റ്റീഫൻസ്, ഫാദർ ജേക്കബ് ചെറിയാൻ – കല്ലുങ്കൽ ഈസ്റ്റ് സെന്റ് ഇഗ്നേഷ്യസ്, ഫാദർ ജേക്കബ് റ്റി. ഏബ്രഹാം – ഓതറ സെന്റ് മേരീസ്, ഫാദർ ജിബു ഫിലിപ്പ് – അറത്തിൽ സെന്റ് ജോർജ് മഹാ ഇടവക, ഫാദർ ജോൺ ചാക്കോ – ആലാ സെന്റ് ജോർജ്, ഫാദർ ജോൺ പോൾ – മെഴുവേലി ഹോളി ഇന്നസെന്റ്സ് വലിയപള്ളി, ഫാദർ ജോൺ പി. ഉമ്മൻ – മാന്തളിർ സെന്റ് തോമസ് അസിസ്റ്റന്റ്, ഫാദർ ജോസ് തോമസ് – കുരമ്പാല സെന്റ് തോമസ്, ഫാദർ കെ. കെ. ജോസഫ് – പുല്ലാട് സെന്റ് ജോർജ്, ഫാദർ ജോസഫ് കുറിയാക്കോസ് – തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ്, ഫാദർ കോരുത് ചെറിയാൻ –കോടുകുളഞ്ഞി പ്രകാശഗിരി സെന്റ് മേരീസ്, ഫാദർ പി. കെ. കോശി – കാരയ്ക്കാട് സീനായിക്കുന്ന് സെന്റ് മേരീസ്, ഫാദർ എ. ഡി. കുറിയാക്കോസ് – ഓലിക്കൽ മാർ ഗ്രീഗോറിയോസ്, ഫാദർ കുര്യൻ ജോസഫ് – ഉള്ളന്നൂർ സെന്റ് ജോർജ് ചെറിയപള്ളി, ഫാദർ മാമ്മൻ തോമസ് – കൂർത്തമല സെന്റ് മേരീസ്, ഫാദർ മത്തായി കുന്നിൽ – ചെങ്ങന്നൂർ ബഥേൽ മാർ ഗ്രീഗോറിയോസ്, ഫാദർ മത്തായി സഖറിയ – പുലിയൂർ സെന്റ് മേരീസ് & സെന്റ് ജോർജ്, കൂർത്തമല സെന്റ് മേരീസ് അസിസ്റ്റന്റ്, ഫാദർ മാത്യു ഏബ്രഹാം – ഇടവങ്കാട് സെന്റ് മേരീസ്, ഫാദർ മാത്യു ജോയി – കുറിച്ചിമുട്ടം സെന്റ് സ്റ്റീഫൻസ്, ഫാദർ മാത്യു തോമസ് – മുളക്കുഴ സെന്റ് മേരീസ്, ഫാദർ മാത്യു വർഗീസ് – ചെറിയനാട് സെന്റ് ജോർജ്, ഫാദർ നൈനാൻ കെ. ജോർജ് –മംഗലം സെന്റ് ജോർജ്, ഫാദർ ഫിലിപ്പ് ജേക്കബ് – ഉമയാറ്റുകര സെന്റ് തോമസ് വലിയപള്ളി, ഫാദർ രാജൻ വർഗീസ് – പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ, ഫാദർ കെ. എസ്. സാമുവേൽ – കൊഴുവല്ലൂർ സെന്റ് ജോർജ്, ഫാദർ ഷിബു വർഗീസ് – ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ, ഫാദർ സ്റ്റീഫൻ വർഗീസ് – ആറ്റുവ സെന്റ് ബർസൗമ, ഫാദർ സുനിൽ ജോസഫ് – ബുധന്നൂർ സെന്റ് ഏലിയാസ് & പാണ്ടനാട് സെന്റ് തോമസ്, ഫാദർ തോമസ് ജോസഫ്–നെല്ലിക്കൽ സെന്റ് മേരീസ്, ഫാദർ കെ. ഒ. തോമസ് –പാണ്ടനാട് സെന്റ് മേരീസ്, ഫാദർ തോമസ് പി. നൈനാൻ – മാരാമൺ സെന്റ് മേരീസ്, ഫാദർ തോമസ് തേക്കിൽ – തിരുവൻവണ്ടൂർ സെന്റ് ജോർജ്, ഫാദർ തോമസ് വർഗീസ് അമയിൽ – യോർദ്ദാൻപുരം മാർ ഗ്രീഗോറിയോസ്, ഫാദർ തോമസ് വർഗീസ് കടവിൽ – കുടശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ അസിസ്റ്റന്റ്, ഫാദർ തോമസ് സാമുവേൽ – കടമാങ്കുളം സെന്റ് മേരീസ്, ഫാദർ വൈ. തോമസ് – ഇടനാട് സെന്റ് മേരീസ്, ഫാദർ വിമൽ മാമ്മൻ ചെറിയാൻ – വെൺമണി സെന്റ് മേരീസ്, ഫാദർ വിൽസൺ ശങ്കരത്തിൽ – നൂറനാട് സെന്റ് തോമസ്, ഫാദർ സഖറിയാ പനയ്ക്കാമറ്റം – നീർവിളാകം മാർ ഗ്രീഗോറിയോസ്, ഫാദർ സഖറിയാ തോമസ് – വള്ളംകുളം സെന്റ് മേരീസ്.

## വിദ്യാജ്യോതി

സ്കൂൾ വർഷാരംഭത്തിനു തൊട്ടുമുമ്പുള്ള ആഴ്ചയിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യപ്രാപ്തിയിലേക്ക് അവരെ എത്തിക്കുവാനും അതുവഴി മൂല്യബോധമുള്ള തലമുറകളെ വാർത്തെടുക്കുവാനും വേണ്ടി ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഇടവകകളിൽ നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ പദ്ധതി. മെയ്മാസം അവസാനയാഴ്ച ഇടവക തലത്തിൽ ഇത് നടപ്പാക്കണമെന്ന് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി അറിയിച്ചു

## ഓർമ്മപ്പെരുന്നാൾ



മാന്തളിർ സെന്റ് തോമസ് ഇടവകയുടെ കുളനട സെന്റ് ജോർജ്ജ് ചാപ്പലിൽ വി. ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 12, 13 തീയതികളിൽ ആചരിച്ചു. അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്, ട്രസ്റ്റിമാരായ പി.എം. മത്തായി, വില്ലീസ് ജോയ്സ്, സെക്രട്ടറി പി.ഒ. ദാനിയേൽ, ജനറൽ കൺവീനർ പി.ഡി. മത്തായി തുടങ്ങിയവർ നേതൃത്വം നൽകി.



### ഏവൻഗേല്യോന്വ്യാഖ്യാനം

# മെൽത്തോ

**ഫാ. ബിജു റ്റി. മാത്യു**

**പെന്തിക്കോസ്തി ഞായറാഴ്ച : വി. യോഹന്നാൻ 15:1–14**

**1. സജീവ സാന്നിദ്ധ്യമായിരിക്കുന്ന പരിശുദ്ധാത്മാവ്**

പരിശുദ്ധാത്മാവിൽ പുതുക്കം പ്രാപിക്കുവാൻ സഭ ഒരുക്കിത്തരുന്ന ആത്മീയ സാദ്ധ്യതയാണ് പെന്തിക്കോസ്തി പെരുന്നാൾ. പെന്തിക്കോസ്തി എന്ന വാക്കിന്റെ അർത്ഥം 50–ാമത്തെ എന്നതാണ്. ആദ്യം വിളവെടുപ്പു തിരുനാൾ (പുറപ്പാട് 23:16). ആഴ്ചകളുടെ തിരുനാൾ (പുറ. 34:22) ആദ്യഫല പെരുന്നാൾ (സംഖ്യ. 28:26) എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നുവെങ്കിൽ, പിന്നീട് സീനായ് മലയിൽ വച്ച് ന്യായപ്രമാണം ലഭിച്ചതിനെ അനുസ്മരിക്കുവാനായിട്ടാണ് ഈ പെരുന്നാൾ ആചരിച്ചു വന്നത്. യിസ്രായേൽ ജനതയുടെ ആത്മീയ വളർച്ചയിൽ 10 കല്പനകൾ സ്വാധീനിച്ചിട്ടുള്ളതുപോലെ പഴയനിയമ കാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം അതുല്യവും ശ്രേഷ്ഠവുമായിരുന്നു. സൃഷ്ടിയിൽ വെള്ളത്തിൻ മീതെ പരിവർത്തിച്ച് യിസ്രായേൽ മക്കളുടെ വ്യത്യസ്ത ജീവിതാനുഭവങ്ങളിലൂടെ പ്രവാചകന്മാരെ പ്രത്യേക ദൗത്യ നിർവ്വഹണത്തിനായി ശക്തീകരിച്ച്, പുതിയ യിസ്രായേലാകുന്ന സഭയുടെ കെട്ടുപണിക്കും പരിത്രാണ പദ്ധതിയുടെ ആരംഭത്തിനുമായി കന്യക മറിയാമിൽ വസിച്ച്, ദൈവപുത്രന്റെ സ്നാന സമയത്ത് നിറഞ്ഞ സാന്നിദ്ധ്യമായി കടന്നുവന്ന പരിശുദ്ധാത്മാവ് ആദിമസഭാംഗങ്ങളുടെ ഇടയിൽ വ്യാപരിച്ച് അവരെ ആത്മീയ പുതുക്കത്തിലേക്ക് നയിച്ചു.

വി. യോഹന്നാൻ 14:28, ഞാൻ പോകുകയും, നിങ്ങളുടെ അടുക്കൽ മടങ്ങിവരികയും ചെയ്യും. 14:16 മറ്റൊരു കാര്യസ്ഥൻ എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. 'പാരക്ലീത്താ' എന്ന വാക്കിന്റെ അർത്ഥം 'കൂടെ ആയിരിപ്പാൻ വിളിച്ചാക്കപ്പെട്ടവൻ' എന്നാണ് (One called alongside) വി. യോഹന്നാൻ 14:16,7,8,26. പരിശുദ്ധാത്മാവ് ശിഷ്യസമൂഹത്തോടുകൂടി സഭാ നിലകൊണ്ട് ദൈവീക ശോഭയിൽ നയിച്ച് സത്യത്തിന്റെ പൂർണ്ണതയിൽ വിശുദ്ധീകരിക്കപ്പെട്ടതുപോലെ, സഭയിൽ വിശ്വാസികൾ പുതുക്കപ്പെട്ട ആത്മീയ അനുഭവത്തിൽ, സത്യം, നീതി, ന്യായവിധി എന്നിവയെക്കുറിച്ചുള്ള ബോദ്ധ്യം ഉൾക്കൊണ്ട് പരിശുദ്ധാത്മാവിന്റെ ഫലം പുറപ്പെടുവിക്കണം.

**2. Abide in me and bearing fruits :**

**വി. യോഹ. 15:1–14**

ശിഷ്യത്വം സ്വീകരിക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട വിധേയത്വവും പ്രയോജനകരമായ ജീവിതം നയിച്ചു ക്രിസ്തീയ ധർമ്മം നിറവേറ്റുവാനുമുള്ള ആഹ്വാനമാണ് വേദഭാഗത്തിന്റെ സാരം. വി. യോഹന്നാൻ 5:5, 14:2, 10:23, 15:5. കൊമ്പുകൾക്ക് വൃക്ഷത്തെ കൂടാതെ നിലനിൽക്കുവാൻ സാദ്ധ്യമല്ല അപ്രകാരം ശിഷ്യന്മാർ യേശുവിൽ വസിക്കുകയും അവിടുത്തെ കല്പനകൾ പാലിച്ച് ആ സ്നേഹബന്ധത്തിൽ നിലനിൽക്കുകയും ചെയ്തതുപോലെ, വിശ്വാസികൾക്ക്, യേശു തമ്പുരാൻ മാറ്റമില്ലാത്ത സാന്നിദ്ധ്യമായി മാറുമ്പോൾ ജീവിതം അർത്ഥപൂർണ്ണമാകും.

ജീവിതത്തിന്റെ സുരക്ഷിതത്വവും പ്രാമു

ഖ്യവും ഭൗതികമായ ഇടങ്ങളിൽ കണ്ടെത്തുവാൻ ശ്രമിച്ച് ദുരിതപൂർണ്ണമായ ജീവിതസംഘർഷങ്ങളിൽ ആയിരിക്കുന്നവർ ധാരാളം. ക്രിസ്തുവുമായുള്ള ഐക്യത്തിലൂടെ സാമൂഹിക, മത, ആദ്ധ്യാത്മിക മേഖലകളെ സംശുദ്ധമാക്കുവാനും, ആത്മീക ചൈതന്യം പ്രാപിച്ച്; തികഞ്ഞ മാനവികതയും മാനുഷികതയും ഒരുപോലെ ജീവിതത്തിലൂടെ പ്രകാശിപ്പിക്കുവാൻ കഴിയണം.

**പെന്തിക്കോസ്തിയ്ക്ക് ശേഷം ഒന്നാം ഞായ റാഴ്ച : വി. യോഹന്നാൻ 6:26-35**

Eucharistie chapter എന്നറിയപ്പെടുന്ന വി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായത്തിൽ വി. കുർബ്ബാനയുടെ പ്രാധാന്യമാണ് വിവരിക്കുന്നത്. ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന പ്രസ്താവന തന്നെ വി. യോഹന്നാൻ 6:33, 38, 41, 42, 50, 51, 58 എന്നീ വേദഭാഗങ്ങളിൽ കാണാം. സ്വർഗ്ഗീയ മന്നാ ജീവന്റെ അപ്പമായി മാറുകയാണ്. എങ്ങനെ? എന്തിന്? യെശ. 53, 5, 6,10 യേശു തമ്പുരാൻ നമ്മുടെ കടങ്ങളും അതിക്രമങ്ങളും സ്വന്തം ചുമലിലേറ്റിക്കൊണ്ട് സ്വയം മോചനദ്രവ്യമാവുകയായിരുന്നു എന്നു വച്ചാൽ, പാപരഹിതനായ യേശു തന്റെ മരണം വഴി, പാപികളായ നമ്മുടെ പാപാവസ്ഥ സ്വന്തം ചുമലിൽ വഹിച്ചുകൊണ്ട് പാപപരിഹാര ബലിയായിത്തീരുക മാത്രമല്ല പാപബാദ്ധ്യതയിൽ നിന്ന് നമ്മെ വിമുക്തരാക്കുകയും ചെയ്തു. വി. ലൂക്കോസ്1:68, 69; യെശ. 61:12.

**1. സംതൃപ്തിയില്ലാത്ത ലോകവും ജീവന്റെ അപ്പത്തിന്റെ അനുഭവങ്ങളും**

വി. യോഹ. 6:26, 27 നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ട് തന്നെ പ്രവർത്തിപ്പിൻ. അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും.

യേശുവിന്റെ സനാതനവും നിത്യനൂതനവുമായ സുവിശേഷ വിരുന്നിലേക്ക് അനേകർ ആകൃഷ്ടരായെങ്കിലും അടയാളങ്ങളിലും അത്ഭുതങ്ങളിലും മാത്രമല്ല ലൗകീകമായ ആഹാരത്തിൽ സംതൃപ്തി കണ്ടെത്തുന്ന ജനങ്ങളുടെ അന്തർഗതം അറിഞ്ഞ് യേശുതമ്പുരാൻ പറയുന്ന വാക്കുകളാണിവ. വേദചിന്തകനായ C.H. Spurgen പറയുന്നു; food for body is necessary but food for spirit is essential. മനുഷ്യൻ ജീവൻ നിലനിർത്തുവാൻ സ്വീകരിച്ചിരിക്കുന്ന അടിസ്ഥാന ഘടകങ്ങളിലൊന്നാണ് ആഹാരം. എന്നാൽ ആഹാരം കൊണ്ട് മാത്രം ജീവൻ നിലനിർത്താൻ കഴിയുകയില്ല കാരണം ജീവൻ ദൈവത്തിന്റെ ദാനമാണ് യെശ: 55:2; എഫേ. 2:8-10. കേവലം ലൗകികന്മാരാകാതെ, ലോകമോഹങ്ങളിൽപ്പെട്ടുഴലാതെ നിത്യജീവൻ ലക്ഷ്യമാക്കി, ജീവന്റെ ദാതാവായ ജീവന്റെ അപ്പമാകുന്ന ക്രിസ്തുവിനെ അനുഭവിക്കുവാൻ നമുക്ക് കഴിയണം.

**2. അടയാളം അന്വേഷിക്കുന്ന പുരുഷാരത്തിന്റെ ആത്മീക ചൈതന്യം**

വി. യോഹന്നാൻ 6:30,31 ഞങ്ങൾ കണ്ടു വിശ്വസിക്കേണ്ടതിന് നീ എന്തടയാളം ചെയ്യുന്നു? ക്രിസ്തുവിനെ അന്വേഷിക്കുകയും ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്യുന്നത് കാണുന്ന അടയാളങ്ങളിലൂടെയും കാണിക്കുന്ന അത്ഭുതങ്ങളിലൂടെയും മാത്രമാണോ? വി. യോഹ. 6:35, 36 ഞാൻ ജീവന്റെ അപ്പമാകുന്നു....

**ജീവന്റെ അപ്പത്തിന്റെ 3 പ്രത്യേകതകൾ**

1. സ്വർഗ്ഗത്തിൽ വന്ന ജീവന്റെ അപ്പം
2. യിസ്രായേലിനുവേണ്ടി മാത്രമല്ല സകല ജനത്തിനുവേണ്ടിയുള്ള ജീവന്റെ അപ്പം
3. ജീവൻ നിലനിർത്തുവാനും സമൃദ്ധിയായി ജീവൻ നൽകുവാനുമുള്ള ജീവന്റെ അപ്പം

ശമര്യാക്കാരത്തി യേശുവിനോട് വെള്ളം ചോദിക്കുന്നത് വി. യോഹ 4 ൽ വിവരിക്കുന്നു. ഈ യാചന ശാരീരിക ദാഹം കൊണ്ടും വെള്ളം കോരുവാനുമുള്ള അലസത കൊണ്ടുമാണ്. ആത്മീയ ജീവൻ പ്രാപിക്കുവാനുള്ള ആത്മീയ ജീവിതത്തിന്റെ ദാഹം ശമിപ്പിക്കുവാനുള്ള അന്വേഷണമല്ലായിരുന്നു അത്. നിത്യജീവൻ ലക്ഷ്യമാക്കിയുള്ള യാത്രയിൽ അടയാളങ്ങൾ ആത്മീകചൈതന്യം പ്രാപിക്കുവാ നുള്ള വഴികളും ദൈവവിശ്വാസത്തിന്റെ വർദ്ധനവിന് കാരണവുമായിത്തീരണം.

**പെന്തിക്കോസ്തിയ്ക്കു ശേഷം രണ്ടാം ഞായ റാഴ്ച : വി. മത്തായി 10:5-16**

ജീവകാരുണ്യപരമായ അനുഭവത്തിലേക്ക് നയിക്കുന്ന പ്രബോധനങ്ങളാണിവ. 12 ശിഷ്യന്മാർ, യാക്കോബിന്റെ 12 മക്കൾ എന്നും അത് ഇസ്രായേലിന്റെ 12 ഗോത്രങ്ങളെയും പ്രതിനിധാനം ചെയ്യുന്നു എന്നും വേദചിന്തകന്മാർ അഭിപ്രായപ്പെടുന്നു. Universality of Gospel message ദൈവരാജ്യത്തിന്റെ സന്ദേശം ലോകം മുഴുവനെയും അറിയിക്കുവാനുള്ള ആഹ്വാനവും കല്പനയുമാണിത്. അയയ്ക്കപ്പെട്ടവർ ദൈവത്തിന്റെ പ്രതിപുരുഷന്മാരും (Ambassadors of God), സത്യവിശ്വാസികളും (True believers) ദൈവത്തിന്റെ സത്യ ആരാധകരും (Worshipers) ആയിരുന്നു.

**ദൈവീക ശുശ്രൂഷകർക്കുവേണ്ട ഉൾക്കാഴ്ചകളും ദൈവീക ശുശ്രൂഷകരോടുള്ള സമീപനങ്ങളും**

ദൈവരാജ്യ നിർമ്മിതി, സുവിശേഷഘോഷണം ഇവയെ സംബന്ധിച്ച വലിയ കർത്തവ്യബോധം, ഇതിനായിട്ട് യേശുതമ്പുരാൻ ചില സവിശേഷ ഗുണങ്ങൾ ഇവർക്ക് നൽകുന്നുണ്ട്. (1) They were sent with power (വി. ലൂക്കോസ് 9:1), (2) They

were sent with a purpose (വി. ലൂക്കോസ് 9:2), (3) They were sent personally (വി. മത്തായി 10:1) മാത്രമല്ല ശുശ്രൂഷയിലെ അനന്യതകൾ ഈ വേദ ഭാഗത്ത് കാണാം.

1. ശിഷ്യന്മാർ പ്രഘോഷിക്കപ്പെടേണ്ട വചനം – കർത്താവിന്റെ കല്പനയും സന്ദേശവും: വി. മത്തായി 4:17; 10:7

2. ശിഷ്യന്മാരുടെ പ്രവർത്തനങ്ങൾ – യേശു തമ്പുരാന്റെ രക്ഷാകര പദ്ധതിയുടെ തുടർച്ച: വി. മത്തായി 8:9; 10:8

3. ദൈവീക ശുശ്രൂഷകൾക്ക് നേരിടുന്ന പ്രതി സന്ധികൾ ദൈവത്തിന്റെ ന്യായവിധിക്കായി സമർപ്പിക്കണം : വി. മത്തായി 10:14,15

സഭയ്ക്കു ലഭിച്ചിരിക്കുന്ന ഈ അപ്പോസ്തോലിക ഭാവവും ക്രിസ്ത്യാനിത്വത്തിന്റെ നൽവരങ്ങളും യാഥാർത്ഥ്യവൽക്കരിക്കപ്പെടേണ്ടത്, സഭയിലും സമൂഹത്തിലും നാം ഏറ്റെടുക്കുന്ന ദൗത്യത്തിലൂടെയായിരിക്കണം. മാത്രമല്ല സുവിശേഷകരുടെ ദൗത്യനിർവ്വഹണം അധികാര പ്രചോദിതമായിത്തീരാതെ നിസ്സഹായരും നിരാലംബരുമായവർക്ക് ദൈവസ്നേഹം പകർന്നുകൊടുക്കുന്ന വിധത്തിൽ ആയിരിക്കണം. Mother Teresa "Poverty of love is more than poverty of money and power" ഉത്തരവാദിത്വങ്ങളെ സ്വീകരിക്കുവാനും അത് പ്രാവർത്തികമാക്കുവാനുമുള്ള വിമുഖത ഉത്തരാധുനിക തലമുറയുടെ പരാജയകാരണങ്ങളിലൊന്നാണ്.

**2. അനുതപിക്കാത്ത നഗരവും നൽവരങ്ങളെ സ്വീകരിക്കാത്ത കുടുംബങ്ങളും**

വി. മത്തായി 10:13, വീടിനു യോഗ്യതയുണ്ടെങ്കിൽ സമാധാനം അതിന്മേൽ വരട്ടെ. 10:15 ന്യായവിധി ദിവസത്തിൽ ആ പട്ടണത്തെക്കാൾ സൊദോമ്യരുടെയും ഗമോര്യരുടെയും ദേശത്തിന് സഹിക്കാവതാകും. സോദോമിലെ മനുഷ്യരെക്കുറിച്ച് യഹൂദ മിഷ്നായിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ് The men of Sodom have no share in the world to come, for it is written mew the men of Sodom were wicked and sinners against the Lord exceedingly.

ദൈവകല്പനകളെ തൃണവൽഗണിച്ച് സുവിശേഷം സ്വീകരിക്കാത്ത പട്ടണങ്ങൾ കഠിനമായ ന്യായവിധിയെ നേരിടേണ്ടിവരുമെന്ന് വേദഭാഗം സമർത്ഥിക്കുന്നു. ഇന്ന് ദേശവും പട്ടണവും രാജ്യങ്ങളും വികസനത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലിലാണ്. UNO ലോകത്തിന് നൽകിയിരിക്കുന്ന പേര് തന്നെ Knowledge society എന്നാണ്. വികസനത്തിന്റെ പാതയിൽ, വിവര സമൂഹത്തിന്റെ ധാർമ്മിക അധഃപതനം, മൂല്യശോഷണം, ആത്മീക തളർച്ച അതായത് മാനവ വർഗ്ഗത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി ശുശ്രൂഷകരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ആത്മപരിത്യാഗിയായി കൂടുതൽ ശക്തിയോടെയും ഉത്സാഹത്തോടെയും ഉന്മേഷത്തോടെയും പ്രവർത്തിക്കുകയും ചെയ്യണം.

**പെന്തിക്കോസ്തിയ്ക്കുശേഷം 3-ാം ഞായറാഴ്ച : വി. യോഹന്നാൻ 6:35-46**

സ്വർഗ്ഗീയ മന്നാ ക്രിസ്തുവിലൂടെ ജീവന്റെ അപ്പമായി സഭയിൽ

യേശുതമ്പുരാൻ പരസ്യശുശ്രൂഷയിൽ തന്റെ തനാത്മകത (Identity) വെളിപ്പെടുത്തുന്ന ഭാഗങ്ങൾ വി. യോഹന്നാന്റെ സുവിശേഷത്തിൽ ഏറെയാണ്. ലോകത്തിന്റെ വെളിച്ചം (8:12), വാതിൽ (10:7), നല്ല ഇടയൻ (11:25), വഴിയും സത്യവും ജീവനും (14:6), മുന്തിരിവള്ളി (15:1) ഇതെല്ലാം തന്നെ ക്രൈസ്തവ ജീവിതത്തോടു ബന്ധപ്പെട്ടതാണെങ്കിലും ഇതിൽ അതുല്യവും അനന്യവുമായ ഒരു പ്രസ്താവന യാണ്, ഞാൻ ജീവന്റെ അപ്പമാകുന്നു എന്നുള്ളതാണ്.

**1. പിറുപിറുപ്പും ജീവന്റെ പൂർണ്ണത പങ്കിടുന്ന അനുഭവങ്ങളും**

യിസ്രായേൽ ജനം ഈജിപ്റ്റിൽ നിന്ന് പുറപ്പെട്ട് അത്ഭുതകരമായി ചെങ്കടൽ കടന്നു മോചനം പ്രാപിച്ചതും (പുറ. 14:1-25), മരുഭൂമിയിൽ ദൈവം മന്നാ വർഷിപ്പിച്ചതും (പുറ. 16:13-16), മരുഭൂമിയിൽ യിസ്രായേൽ ജനം പിറുപിറുത്തതും എല്ലാം ഈ വേദഭാഗത്ത് 6:1, 22, 38, 39, 42, 43) കാണുന്ന ദൃഷ്ടാന്തങ്ങളുടെ മുൻകുറിയായി കാണാവുന്നതാണ്. മോശ നൽകിയ അത്ഭുതകരമായ മന്നാ ഭക്ഷിച്ചവർ മരിച്ചെങ്കിൽ സ്വർഗ്ഗീയ അപ്പമാകുന്ന മിശിഹാ തമ്പുരാന്റെ ശരീരരക്തങ്ങൾ (ജീവന്റെ അപ്പം) സഭയിൽ നിത്യജീവന്റെ അനുഭവമാണ് പ്രദാനം ചെയ്യുന്നത്. വി. യോഹ. 6:1 ൽ പറയുന്നു, ഈ സംഭവം തിബര്യാസിൽ വച്ചാണ് നടക്കുന്നതെന്ന്. ഈ പട്ടണത്തിന് ഒരു ചരിത്രപശ്ചാത്തലമുണ്ട്.

തിബര്യാസ് ചക്രവർത്തിയുടെ നാമത്തിൽ എ.ഡി. 19-ൽ ഹേരോദ് അന്തിപ്പാസ് എന്ന റോമൻ നാടുവാഴി പണി തീർത്തതാണ് തിബര്യാസ് പട്ടണം. അധികാരം നിലനിർത്തുന്നതിനായി യവനന്മാരെയും യഹൂദന്മാരെയും ഒരുപോലെ സന്തോഷിപ്പിക്കുന്ന ഒരു സങ്കര സംസ്ക്കാരം (Hellenistic Culture) അന്ന് റോമൻ അധികാരികൾ പരിപോഷിപ്പിച്ചിരുന്നു. ഒരു ശ്മശാന ഭൂമിയാണ് തിബര്യാസ് പട്ടണമാക്കി മാറ്റിയത്. അതുകൊണ്ടു തന്നെ യഹൂദന്മാർ അവിടെ താമസിക്കുവാൻ മടിച്ചു. കാരണം, ശ്മശാനഭൂമി യഹൂദന്മാർക്ക് അശുദ്ധ സ്ഥലമായിരുന്നു. അടിമകളെ സ്വതന്ത്രരാക്കി രാജാവ് അവരെ അവിടുത്തെ സ്ഥിരവാസരാക്കി. യഹൂദന്മാരെയും യവനന്മാരെയും രാജാവ് ആകർഷിച്ചത് സൗജന്യമായി അപ്പവും വീഞ്ഞും നൽകിക്കൊണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം അപ്പം എന്ന് കേട്ടപ്പോൾ അവർ യേശുവിനെ അനുഗമിച്ചത്. എന്നാൽ മോശയുടെ മന്നയും യേശുവെന്ന ജീവന്റെ അപ്പത്തെയും തമ്മിൽ തിരിച്ചറിയുവാൻ അവർക്ക് കഴിഞ്ഞില്ല.

സ്വന്തം താല്പര്യങ്ങളിലും നൈമിഷിക അടയാളങ്ങളിലും മാത്രമായിട്ടുള്ള ദൈവത്തിന്റെ ഉപാസകരായിത്തീരാതെ പ്രത്യുത ജീവന്റെ പൂർണ്ണത പങ്കിടുന്ന ശിഷ്യത്വത്തിന്റെ കൂട്ടമായിത്തീരുവാൻ, ജീവന്റെ അപ്പമായ ആരാധനയിലൂടെയും വചനത്തിലൂടെയും ഉൾക്കൊള്ളണം.

**2. കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും.**

"സ്വർഗ്ഗത്തിൽ നിന്ന് വന്ന ജീവന്റെ അപ്പം" എന്ന് യേശു തന്നെക്കുറിച്ച് പറഞ്ഞപ്പോൾ അത് പുരോഹിതന്മാരെയും മത പണ്ഡിതന്മാരെയും അസ്വസ്ഥരാക്കി. കാരണം യേശു ആരുടെ മകനാണെന്നും അവൻ എവിടെ നിന്നു വന്നു എന്നും അവർക്ക് അറിയാം. അവർ ചോദിക്കുന്നു "ഇവൻ യൗസേഫിന്റെ പുത്രനല്ലയോ? എന്നാൽ ജീവന്റെ അപ്പമായി വന്ന് നിത്യജീവന്റെ അനുഭവം തരുവാൻ വന്ന മശിഹാ എന്ന് യേശുവിനെ അറിയുകയും വിശ്വസിക്കുകയും ചെയ്യുവാൻ അവർക്ക് കഴിഞ്ഞില്ല. അതുപോലെ നമ്മുടെ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും സഭയിൽ ഏറ്റവും വലിയ സാദ്ധ്യതയായ വി. കുർബ്ബാനയെ ലാഘവത്തോടെ അനുഭവിക്കുന്നവർ ധാരാളം. വി. കുർബ്ബാനയിലെ ദ്വിമുഖമാനങ്ങളായ കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും (Dimension of Atonement and Dimension of liberation) കർത്താവ് നമുക്ക് നൽകിയ, തിരുശരീര രക്തത്താലുള്ള വീണ്ടെടുപ്പിന്റെ അനുഭവമാണ്, പാപരഹിതനായ യേശു തന്റെ മരണം വഴി, പാപികളായ നമ്മുടെ പാപാവസ്ഥ സ്വന്തം ചുമലിൽ വഹിച്ചുകൊണ്ട് പാപപരിഹാര ബലിയായിത്തീരുക മാത്രമല്ല പാപബാദ്ധ്യതയിൽ നിന്നു നമ്മെ വിമുക്തരാക്കുകയും ചെയ്തു. യെശയ്യാവ് 53:10; റോമ. 5:8; വി. ലൂക്കോസ് 1:68–69 വി. ജോൺ ക്രിസോസ്റ്റം വി. കുർബ്ബാനയെക്കുറിച്ച് ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു "നിങ്ങൾ അശിരീരി ആയിരുന്നുവെങ്കിൽ ശാരീരികമല്ലാത്ത ദാനങ്ങൾ യാതൊരു മാറ്റവും കൂടാതെ അവിടുന്ന് നിങ്ങൾക്ക് നൽകുമായിരുന്നു. പക്ഷേ ആത്മാവ് ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ബുദ്ധിശക്തിയാൽ ഗ്രഹിക്കപ്പെടുന്നതിനുവേണ്ടി ഇന്ദ്രിയഗോചരങ്ങളായ സാധനങ്ങൾ അവിടുന്ന് നിങ്ങൾക്ക് നൽകുന്നു. അവിടുത്തെ (യേശുവിന്റെ) ആകൃതിയും രൂപവും വസ്ത്രവും ചെരിപ്പുകളും നമുക്ക് കാണാൻ കഴിഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായിരുന്നുവെന്ന് ആധുനിക കാലത്ത് പലരും പറയുന്നുണ്ട്. പക്ഷേ നിങ്ങളാകട്ടെ കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനുമായി അവിടുത്തെ സ്പർശിക്കുകയും അനുഭവിക്കുകയും ചെയ്യുന്നുണ്ടല്ലോ".

വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. 38, ബഥേൽ അരമന ചെങ്ങന്നൂർ 689 121

പ്രതികരണപത്രിക

## അന്യസഭയിൽ പോകുന്നവർക്ക് ദേശക്കുറിയും വിളിച്ചുചൊല്ലും പാടില്ല

നമ്മുടെ പെൺകുട്ടികൾ അന്യസഭയിലേക്ക് വിവാഹിതരാകുമ്പോൾ ദേശക്കുറി കൊടുക്കാനും വിളിച്ചുചൊല്ലാനും പാടില്ലാ എന്നാണല്ലോ സഭയുടെ നിയമം. എന്നാൽ ചില വൈദികർ ഇതു ലംഘിക്കുന്നതായി കാണുന്നുണ്ട്. ചില ഇടവകകളിൽ ഈ നിയമം കൃത്യമായി പാലിക്കുന്നുമില്ല. ഈ അയഞ്ഞ സമീപനം ശരിയല്ല. സഭാനിയമങ്ങൾ കൃത്യമായി പാലിക്കുന്ന വൈദികർക്കും ഇടവകകളിലും ഈ സമീപനം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നിയമം കൃത്യമായി പാലിക്കണമെന്നാഗ്രഹിക്കുന്നവർക്ക് അതിനു കഴിയാത്ത അവസ്ഥയും ഉണ്ടാകുന്നുണ്ട്.

"മറ്റ് സഭകളിൽ വച്ച് നടത്തുന്ന വിവാഹത്തിനു നമ്മുടെ സഭയിൽ വച്ചു നടക്കുന്ന വിവാഹങ്ങൾക്കു കൊടുത്തുവരുന്ന രീതിയിലുള്ള വിവാഹക്കുറി (അതായത് ദേശക്കുറി) കൊടുക്കുകയോ പ്രസ്തുത വിവാഹങ്ങളുടെ വിളിച്ചുചൊല്ല് നമ്മുടെ പള്ളികളിൽ നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു" എന്ന് 1977 ഫെബ്രുവരിയിൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് എടുത്ത നിശ്ചയം പാത്രിയർക്കീസ് കക്ഷിയിലേക്കുള്ള വിവാഹത്തിനൊഴികെ കർശനമായി നടപ്പാക്കേണ്ടതാണ്. മറ്റുള്ളവർക്ക് ഒരു സർട്ടിഫിക്കേറ്റ് നൽകിയാൽ മതി.

വിവാഹം നടത്തുന്നതിനു വധുവിന്റെയോ വരന്റെയോ ഇടവകയിൽ നിന്ന്, വിവാഹ ശുശ്രൂഷ നടത്തുന്ന പള്ളിയിലെ വികാരിയുടെ പേർക്ക് നൽകുന്ന അപേക്ഷാ പത്രികയും ദേശകുറി എന്നറിയപ്പെടുന്നു. കുർബാനാസംസർഗ്ഗം ഉള്ള സഭകൾ തമ്മിലേ വിവാഹത്തിനു ദേശകുറി കൊടുക്കാറുള്ളൂ." (മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശം പേജ് 405) നമ്മുടെ ഒരു സഭാംഗം സഭ വിട്ടുപോകുന്നതു കാനോനികമായ പ്രതിബന്ധമുള്ളതുകൊണ്ടും ഔദ്യോഗികമായി അംഗീകരിക്കാനാകാത്തതുകൊണ്ടും പ്രോത്സാഹിപ്പിക്കാൻ പാടില്ലാത്തതുകൊണ്ടും എടുത്തിരിക്കുന്ന സുന്നഹദോസ് നിശ്ചയം കൃത്യമായി പാലിക്കാൻ വൈദികരെയും സഭാംഗങ്ങളെയും ബോധവൽക്കരിക്കാൻ ഇടവക മെത്രാപ്പോലീത്താമാർ ശ്രമിച്ചാൽ നന്നായിരുന്നു.

**ജോൺ വർഗ്ഗീസ്, ഇരവിപേരൂർ**




# പകലോമറ്റത്തു തമ്പ്രാക്കൾ

**ഡോ. എം കുര്യൻ തോമസ്**

സവർണ്ണ ജാതിയിൽ വൈശ്യ ധർമ്മം അനുഷ്ടിച്ചിരുന്ന നസ്രാണിയുടെ നില വ്യത്യസ്ഥമായിരുന്നു. നമ്പൂതിരിമാരിൽനിന്നും വിഭിന്ന മത വിശ്വാസം പുലർത്തിയിരുന്ന നസ്രാണിയുടെ *ജാതിമര്യാദ ഇടപെട്ട* കാര്യങ്ങൾക്കും വൈജാത്യമുണ്ടായിരുന്നു. അതിനാൽ നമ്പൂതിരി *തമ്പ്രാക്കൾ*ക്ക് അവരുടെമേൽ അധികാരം നടത്തുക അസാദ്ധ്യമായിരുന്നു. അതിനാൽ നസ്രാണികൾക്ക് ഒരു ജാതിക്കു തലവൻ – *തമ്പ്രാക്കൾ* – ഉണ്ടാകേണ്ടത് അനിവാര്യമായി.

ഇവിടെ ശ്രദ്ധേയമായ ഒരു വസ്തുതയുണ്ട്. അത് നസ്രാണി അർക്കദ്യക്കോന്റെ ഇതര നാമങ്ങളാണ്. *ജാതിക്കു തലവൻ, ജാതിക്കു കർത്തവ്യൻ, മണക്കുളത്തിലക്കൻ* എന്നിങ്ങനെയുള്ള സ്ഥന നാമങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നതായി രേഖകളുണ്ട്. നസ്രാണികളുടെ *വേദ തലവനും* ലൗകീക ഭരണാധികാരിയും അർക്കദ്യക്കോനായിരുന്നു എന്നും ചിലർ ചൂണ്ടിക്കാട്ടുന്നു. 1660–ൽ കേരളത്തിലെത്തിയ ബിഷപ്പ് ജോസഫ് സാന്താമരിയായുടെ വാക്കുകളിൽ ... *തങ്ങളുടെ നാട്ടിൽ ആത്മീയമായോ ഭൗമീകമായോ മറ്റൊരു മേലധികാരി ഇല്ലാത്ത ഒരു രാജകുമാരനോ അധിപനോ പോലയായിരുന്നു മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അർക്കദ്യക്കോൻ* ... പൗരസ്ത്യ കൽദായ സഭയുടെ കാനോനാകളേക്കാൾ ഉപരിയായ അധികാരാവകശങ്ങൾ ഉണ്ടായിരുന്ന നസ്രാണികളുടെ അർക്കദ്യക്കോൻ, നമ്പൂതിരി –കേന്ദ്രീകൃത ജാതി വ്യവസ്ഥയിലെ *ജാതിക്കു തലവൻ* എന്ന നിലയിലാണ് അവ വിനിയോഗിച്ചിരുന്നത് എന്നു വ്യക്തം. പൗരസ്ത്യ കൽദായ സഭ കേരളത്തിലേയ്ക്കയക്കുന്ന പേർഷ്യൻ മെത്രാന്റെ *തറവോദ് കോൽ ഹിന്ദോ* – ഇന്ത്യയൊക്കയുടെയും വാതിൽ – എന്ന സ്ഥാനനാമം ഉപയോഗിക്കുവാൻ അവരെ പ്രാപ്തരാക്കിയതും അവരുടെ *ജാതിക്കു തലവൻ* എന്ന സ്ഥാനമഹത്വമാണ്.

ഇതു മനസിലാക്കണമെങ്കിൽ തമ്പ്രാക്കളുടെ അധികാരസീമയും അവകാശങ്ങളും അർക്കദ്യക്കോനുമായി താരതമ്യപ്പെടുത്തണം. നമ്പൂതിരി – കേന്ദ്രീകൃത ജാതി വ്യവസ്ഥയിൽ ആത്മീയമായും ലൗകീകമായും എല്ലാ വിഷയത്തിലും അവസാന വാക്ക് ഓരോ ഗ്രാമത്തിലും അതത് തമ്പ്രാക്കളുടേതായിരുന്നു. നിയമത്തിന്റെ വ്യാഖ്യാനം, വിധി നിർണ്ണയം ശിക്ഷണ നടപടി ഇവ തമ്പ്രാക്കളുടെ അധികാരത്തിൽ പെട്ടവയായിരുന്നു. ഭദ്രാസനം, സർവമാന്യം, ബ്രഹ്മസാമ്രാജ്യം, ബ്രഹ്മവർച്ചസ് ഇവ തമ്പ്രാക്കൾക്ക് അവകാശപ്പെട്ടതായിരുന്നു. ഇതിനു സമാനമായി, 16–17 നൂറ്റാണ്ടുകളിലെ രേഖകൾപ്രകാരം, മലങ്കര നസ്രാണികളുടെ ആത്മീയവും ലൗകീകവുമായ അധികാരങ്ങൾ സകലവും *അർക്കദ്യക്കോനിൽ* നിക്ഷിപ്തമായിരുന്നു. അരമന, സുസജ്ജവും സുശക്തവുമായ അംഗരക്ഷക സേന, തർക്കങ്ങൾ കേട്ടു തീരുമാനിക്കാനുള്ള സ്വന്തം സദസ്സ്, രാജതുല്യമായ അധികാരങ്ങളും അവകാശങ്ങളും ഇതെല്ലാം *ഇന്ത്യയൊക്കയുടേയും അർക്കദ്യക്കോന്* ഉണ്ടായിരുന്നു.

നമ്പൂതിരി – കേന്ദ്രീകൃത ജാതി വ്യവസ്ഥയിൽ ഗ്രാമങ്ങൾക്കു താഴെയുള്ള *ദേശ*ങ്ങളുടെ സ്ഥാനത്ത് നസ്രാണി സമൂഹത്തിൽ ഇടവക പള്ളികളാണ് ഉണ്ടായിരുന്നത്. ദേശത്തു പട്ടക്കാരനോ മൂപ്പൻ കത്തനാരോ അവിടെ പ്രാദേശിക ദേശവാഴിയായി വർത്തിച്ചു. പ്രാദേശികമായ വൈദീക – ആത്മീയ വിഷയങ്ങളും ദേശവാഴിയുടെ പരിഗണനയ്ക്കു വിധേയമാണ് എന്ന വസ്തുത പരിഗണിച്ചാൽ ആ സ്ഥാനി ഒരു വൈദീകനാകാതിരിക്കാൻ തരമില്ല. നമ്പൂതിരിമാർ എല്ലാം ബ്രാഹ്മണ്യം – വൈദീകാധികാരം – ഉള്ളവരാണ് എന്ന വസ്തുത ഇവിടെ പരിഗണിക്കണം. നമ്പൂതിരിമാരുടെ ദേശയോഗങ്ങളുടേയും നസ്രാണിയുടെ പള്ളിയോഗത്തിന്റെയും ഘടന സമാനമായിരുന്നു. അതേപോലെ *മലങ്കര പള്ളിയോഗം, ഗ്രാമയോഗം* എന്നീ ഉപരിസഭകളും തുല്യ സ്വഭാവമുള്ളവയായിരുന്നു. തമ്പ്രാക്കളുടേയും അർക്കദ്യക്കോന്റെയും ആലോചനാ – ഉപദേശക സമിതികൾ യഥാക്രമം അതത് ഗ്രാമയോഗം, മലങ്കര പള്ളിയോഗം എന്നിവയായിരുന്നു.

ഇതേ കാരണത്താൽ നസ്രാണികളുടെ ജാതിക്കു തലവനും ഒരു വൈദീകൻ – *കത്തനാർ* – ആകാതെ തരമില്ല. 16–17 നൂറ്റാണ്ടുകളിൽ അർക്കദ്യക്കോന് *ജാതിക്കു കർത്തവ്യൻ* എന്നൊരു സ്ഥാനനാമം ഉണ്ടായിരുന്നു എന്നു ചിലർ ചൂണ്ടിക്കാട്ടുന്നുണ്ട്. അന്തിമ വിധി കൽപ്പിക്കേണ്ടത് ഭാഷാശാസ്ത്രജ്ഞന്മാരാണെങ്കിലും ആ കാലഘട്ടത്തിൽ *കർത്തവ്യൻ* എന്ന സംസ്കൃത പദം പ്രാദേശിക ദ്രാവിഡ ഉച്ചാരണ ഭേദം കൂടാതെ പ്രയോഗിക്കപ്പെടാനുള്ള സാദ്ധ്യത വിരളമാണ്. പകരം ആ പദം *ജാതിക്കു കത്തനാർ* എന്നാണന്നു ചിന്തിക്കുന്നത് ഭാഷാപരമായും സ്ഥാനന്യയേനയും യുക്തിഭദ്രമാണ്. നസ്രാണി വൈദീകർക്ക് *കത്തനാർ* എന്ന

സ്ഥാനനാമം ഉണ്ടായത് *കർത്തവ്യം നടത്തുന്ന ആൾ* എന്ന അർത്ഥത്തിലാണന്ന് നിഘണ്ടുക്കൾ വിശദീകരിക്കുന്നു.

കുലധർമ്മവും കുലത്തൊഴിലും പരമ്പരാഗത സ്ഥാനങ്ങളും നമ്പൂതിരി - കേന്ദ്രീകൃത ജാതി വ്യവസ്ഥയുടെ അവിഭാജ്യ ഘടകമായിരുന്നു. തമ്പ്രാക്കൾ സ്ഥാനവും പരമ്പരാഗതമായിരുന്നു. ആഴ്വാഞ്ചേരി, കല്പകഞ്ചേരി, കീരങ്ങാട്ട്, അകവൂർ, കുറുമാത്തൂർ എന്നീ നമ്പൂതിരി ഇല്ലങ്ങൾക്കായിരുന്നു യഥാക്രമം ശുകപുരം, പന്നിയൂർ, പെരുവനം, ഐരാണിക്കുളം, പെരിഞ്ചെല്ലൂർ എന്നീ ഗ്രാമങ്ങളിലെ *തമ്പ്രാക്കൾ* സ്ഥാനം. മുകളിൽ പറഞ്ഞ ഇല്ലങ്ങളിൽനിന്ന് ഒരു സമയം ഓരോ വ്യക്തികൾ മാത്രമാണ് തമ്പ്രാക്കൾ സ്ഥാനം വഹിക്കുക. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്താൽ നസ്രാണികൾക്ക് ഒരേ സമയം ഒന്നിലധികം തമ്പ്രാക്കൾ - ജാതിക്കു തലവൻ - ഉണ്ടാവുക അസാദ്ധ്യമായിരുന്നു എന്നുകാണാം.

നാട്ടുനടപ്പനുസരിച്ച് കേരളത്തിൽ എല്ലാ സ്ഥാനങ്ങളും പരമ്പരാഗതമായിരുന്നു. കത്തനാർ സ്ഥാനവും ഇതിനൊരു അപവാദമായിരുന്നില്ല. സ്വാഭാവികമായും *ജാതിക്കു തലവൻ* സ്ഥാനവും ഒരേ കുടുംബത്തിൽ തന്നെ നിലനിൽക്കും. തങ്ങൾ *മാർത്തോമ്മാ ശ്ലീഹായുടെ മാർഗ്ഗവും വഴിപാടും* ആണെന്ന് അഭിമാനിച്ചിരുന്ന നസ്രാണികൾ ആ കൈവെയ്പ്പിന്റെ പിന്തുടർച്ചയുള്ള ഒരു കുടുംബം നിലനിൽക്കുന്നുണ്ടെങ്കിൽ സ്വാഭാവികമായും ജാതിക്കു തലവൻ സ്ഥാനം ആ കുടുംബത്തിനു തന്നെ നൽകും. പകലോമറ്റം കുടുംബത്തിന് അപ്രകാരം തെളിയിക്കുവാൻ, കുറഞ്ഞപക്ഷം വിശ്വസിപ്പിക്കുവാൻ, സാധിച്ചു എങ്കിൽ ജാതിക്കു തലവൻ സ്ഥാനം അവർക്കു ലഭിച്ചതിൽ യുക്തിരഹിതമായി ഒന്നുമില്ല. ആദ്യ നമ്പൂതിരിമാർക്കും മുഹമ്മദ് നബിയുടെ വംശപരമ്പരയിൽപ്പെട്ട തങ്ങൾമാർക്കും കേരളീയ സമൂഹത്തിൽ ലഭിക്കുന്ന സവിശേഷ ബഹുമാനവും ഇതിനോട് ചേർത്ത് ചിന്തിക്കണം.

ഇവിടെ സ്വാഭാവികമായി ഒരു ചോദ്യം ഉയരാം. പതിനാറാം നൂറ്റാണ്ടിൽ ഒരേ സമയം രണ്ട് അർക്കദ്യക്കോന്മാർ കേരളത്തിലുണ്ടായിരുന്നു എന്നു ചില സൂചനകളുണ്ട്. അത് അക്കാലത്ത് കേരളത്തിലുണ്ടായിരുന്ന രണ്ടു കൽദായ മെത്രാന്മാർ ഇരുവരും സ്വന്തം അർക്കദ്യക്കോന്മാരെ വാഴിച്ചതുകൊണ്ടാണന്നു ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. ഇവരിൽ ഒരാൾ തെക്കും ഒരാൾ വടക്കും ആസ്ഥാനമുറപ്പിച്ചെന്നും, എന്നാൽ ഇവരിൽ വടക്കുള്ള ആൾ മാത്രമായിരുന്നു ജാതിക്കു തലവൻ എന്നും ഉള്ള നിഗമനമാണ് അർക്കദ്യക്കോന്മാരെപ്പറ്റി വിശദപഠനം നടത്തിയ ഫാ. ഡോ. ജേക്കബ് കൊല്ലപറമ്പിലിനുള്ളത്.

വ്യക്തമായ അടിസ്ഥാനങ്ങളൊന്നും ഈ വിശകലനത്തിനു പിന്നിലില്ലാ എങ്കിലും ശ്രദ്ധേയമായ ഒരു വസ്തുതയിലേയ്ക്ക് ഈ നിഗമനം വിരൽ ചൂണ്ടുന്നുണ്ട്. അർക്കദ്യക്കോൻ, ജാതിക്കു തലവൻ എന്നീ സ്ഥാനങ്ങളെ വ്യത്യസ്ഥമായി കാണണം എന്നുള്ളതാണത്. പേർഷ്യൻ മെത്രാന്മാർ നിയമിക്കുന്നത് ആ സഭയുടെ കാനോൻ നിയമപ്രകാരം എല്ലാ മെത്രാന്മാർക്കും *ശുശ്രാഷാധികാരി* എന്ന നിലയിൽ അത്യന്താപേഷിതമായ *അർക്കദ്യക്കോൻ* എന്ന വൈദീക സ്ഥാനിയേയാണ്. *ജാതിക്കു തലവൻ* എന്നത് പ്രാദേശികമായ ഒരു പരമ്പരാഗത സ്ഥാനമാണ്.

ഈ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ മലങ്കര നസ്രാണികളുടെ *അർക്കദ്യക്കോൻ* സ്ഥാനത്തിന്റെ പ്രാരംഭത്തെക്കുറിച്ച് കൂടുതൽ വ്യക്തമായ ഒരു ചിത്രം ലഭിക്കും. കേരളത്തിന്റെ സാമൂഹിക വ്യവസ്ഥ നമ്പൂതിരി - കേന്ദ്രീകൃത ജാതി സമ്പ്രദായമായി മാറുകയും, *ജാതിക്കു തലവന്മാർ* അത്യന്താപേഷിതമാവുകയും ചെയ്തതോടെ നസ്രാണികൾക്കും ഒരു ജാതിക്കു തലവൻ ഉണ്ടായി. അതേ സമയംതന്നെ കേരളത്തിലെത്തുന്ന പേർഷ്യൻ മെത്രാന്മാർക്ക് നസ്രാണികളുമായി സംവേദിക്കുവാൻ ഒരു മാദ്ധ്യമവും, തങ്ങളുടെ കാനോൻ നിയമപ്രകാരം ഒരു *അർക്കദ്യക്കോനും* ആവശ്യമായി വന്നു. സ്വാഭാവികമായി പൊതുജനാംഗീകാരമുള്ള, പരമ്പരാഗതമായി സ്ഥാനത്തെത്തുന്ന, *ജാതിക്കു തലവൻ* അഥവാ *ജാതിക്കു കത്തനാർ* എന്ന വൈദീകനെ *അർക്കദ്യക്കോൻ* സ്ഥാനത്തേയ്ക്ക് ഉയർത്തി. അഥവാ അദ്ദേഹത്തെ *അർക്കദ്യക്കോൻ* ആയി അംഗീകരിക്കാൻ പേർഷ്യൻ മെത്രാന്മാർ നിർബന്ധിതരായി എന്നു ചിന്തിക്കുന്നതിൽ യുക്തി ഭംഗമില്ല.

എന്നാൽ നസ്രാണികളുടെ എല്ലാ ജാതിക്കു തലവന്മാരും *അർക്കദ്യക്കോൻ സ്ഥാനത്തിനുള്ള സ്യാമീനേ തക്സാ* എന്ന പേർഷ്യൻ ക്രമമനുസരിച്ച് സ്ഥാനാരോഹണം ചെയ്തവരാണ് എന്നു ചിന്തിക്കുന്നത് തെറ്റാണ്. മെത്രാന്റെ അഭാവത്തിലും - അതു പലപ്പോഴും അതി ദീർഘമാകാം - ഒരു ജാതിക്കു തലവന്റെ കാലശേഷം പിന്തുടർച്ചാ ക്രമമനുസരിച്ച് അടുത്തയാൾ സ്ഥാനം പ്രാപിക്കും. അവരിൽ ചിലരെയെങ്കിലും അന്നു നാട്ടിൽ പേർഷ്യൻ മെത്രാനുണ്ടെങ്കിൽ *അർക്കദ്യക്കോൻ* എന്ന സ്ഥാനത്തേക്കുയർത്തും. കാലക്രമത്തിൽ എല്ലാ ജാതിക്കു തലവന്മാരും *അർക്കദ്യക്കോൻ* എന്ന സ്ഥാന നാമത്തിൽ - വൈദീകമായി ആ സ്ഥാനമേറ്റാലും ഇല്ലങ്കിലും - അറിയപ്പെട്ടു എന്നിങ്ങനെ ചിന്തിക്കുന്നതിൽ ക്രമബന്ധതയുണ്ട്. മെത്രാന്റെ നിയമനം കൂടാതെ പിന്തുടർച്ചാക്രമമനുസരിച്ചും *ജാതി മര്യാദ* അനുസരിച്ചും ജാതിക്കു തലവരാകുന്നവർ ശക്തരാകുന്നതും, പേർഷ്യൻ മെത്രാന്മാർ അവരുടെ നിയന്ത്രണത്തിലാകുന്നതും തികച്ചും സ്വാഭാവികമാണ്. നസ്രാണികളുടെ അർക്കദ്യക്കോൻ *തറവോദ് കോൽ ഹിന്ദോ* ആയി ഉയർന്നതിന് മറ്റു കാരണങ്ങൾ അന്വേഷിക്കേണ്ടതില്ല.

അർക്കദ്യക്കോൻ, ജാതിക്കു തലവൻ എന്നീ സ്ഥാനങ്ങളെ അവ ഒരേ വ്യക്തി വഹിക്കുന്നുവെങ്കിലും വ്യത്യസ്ഥമായി കണ്ടാൽ ആ സ്ഥാനിയുടെ പ്രാരംഭം ഏകദേശമായി കണക്കു കൂട്ടുവാൻ കഴിയും. ക്രിസ്തുവർഷം എട്ടാം ശതകത്തോടെ കേരളത്തിൽ നമ്പൂതിരി - കേന്ദ്രീകൃത ജാതിവ്യവസ്ഥ ഉറച്ചു എന്നാണ് പൊതുവെയുള്ള നിഗമനം. അതിനാൽ അക്കാലത്തുതന്നെ നസ്രാണി വൈശ്യനായി ചാതുർവർണ്യ വ്യവസ്ഥിതിയിൽ പ്രവേശിച്ചു എന്നും, അവർക്കു ജാതിക്കു തലവൻ ഉണ്ടായി

എന്നും വിചാരിക്കുന്നതിൽ തെറ്റില്ല. അങ്ങനെയെങ്കിൽ മുകളിൽ പരാമർശിച്ച മഹാനായ തീമോത്തിയുടെ *ഇന്ത്യയിലെ വിശ്വാസികളുടെ തലവനായ അർക്കന്* എഴുതിയ കല്പന നസ്രാണികളുടെ ജാതിക്കു തലവനെ അഭിസംബോധന ചെയ്തുള്ളതാണ്.

ഇനി ഒരേസമയം ഒന്നിലധികം ജാതിക്കു തലവൻ – അർക്കദ്യക്കോൻ – നസ്രാണികൾക്കുണ്ടാകാനുള്ള സാദ്ധ്യത പരിശോധിക്കാം. കേരളത്തിൽ നിലനിന്ന ജാതി നിയമങ്ങൾ അനുസരിച്ച് ഇത് അസാദ്ധ്യമാണ്. കാരണം, ഒരു ജാതിക്കു തലവനു മാത്രമേ ഈ വ്യവസ്ഥിതിയിൽ ഒരു സമൂഹത്തിനു ഉണ്ടാകാവു. കേരളത്തിലെ നസ്രാണികൾ മുഴുവൻ ഒരു സമൂഹമായിരുന്നു. *മഹോദയപുരത്തു കുടിയിരിക്കും നസ്രാണിയും, കുരക്കേണി കൊല്ലത്തു കുടിയിരിക്കും നസ്രാണിയും* വാണിജ്യപരമായ ഒരു സംവിധാനത്തിനപ്പുറം വ്യത്യസ്ഥങ്ങളായ രണ്ടു സമൂഹങ്ങളായിരുന്നു എന്നതിനു തെളിവുകളൊന്നുമില്ല. അതിനാൽ ഒരു ജാതിക്കു തലവൻ – അർക്കദ്യക്കോൻ – മാത്രമായിരുന്നു നസ്രാണികൾക്കുണ്ടായിരുന്നത്. പേർഷ്യൻ മെത്രാന്മാർ ഒന്നിലധികം അർക്കദ്യക്കോന്മാരെ വാഴിച്ചെങ്കിൽ അത് പേർഷ്യൻ സഭയുടെ കാനോനാകളിൽ വിവക്ഷിക്കുന്ന കൂദാശാപരമായ ആവശ്യങ്ങൾക്കു മാത്രമാവണം. നസ്രാണികളുടെ യഥാർത്ഥ ഭരണാധികാരിയായ ജാതിക്കു കത്തനാരുമായി അതിനു ബന്ധമൊന്നുമില്ല.

നസ്രാണികളുടെ ആത്മീയവും ലൗകീകവുമായ ഭരണവ്യവസ്ഥകൾ വിശദമായി പ്രതിപാദിക്കുന്ന ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ അർക്കദ്യക്കോന്റെ സ്ഥാനത്തേയും അധികാരത്തേയും പറ്റി പൂർണ്ണ നിശബ്ദത പാലിക്കുന്നു എന്നത് വിചിത്രമായി തോന്നാം. അധികാരം മെത്രാനിൽ കേന്ദ്രീകരിക്കുന്ന റോമൻ പിരമിഡ് ശൈലിയിലുള്ള അധികാര വിതരണം നടപ്പാക്കാനാണ് അർക്കദ്യക്കോനെ ഒഴിവാക്കി അദ്ദേഹത്തിൽ നിക്ഷിപ്തമായ അധികരങ്ങൾകൂടി മെത്രാനിൽ ലയിപ്പിച്ചത് എന്ന് ചിലർ ഇതിനെ വ്യാഖ്യാനിക്കുന്നു. പക്ഷേ ജാതി വ്യവസ്ഥയുമായി ബന്ധപ്പെട്ട മറ്റൊരു കാരണവും ഈ നിശബ്ദതയ്ക്കു പിന്നിലുണ്ട്.

നസ്രാണികൾക്ക് കേരളസമൂഹത്തിലുള്ള *സവർണ്ണജാതി* എന്ന സ്ഥാനവും അതിനു ലഭിക്കുന്ന *കുലധർമ്മം* എന്ന പരിരക്ഷയും പോർട്ടുഗീസുകാരുടെ സാമ്രാജ്യത്വ മോഹങ്ങൾക്കും റോമൻ കത്തോലിക്കരുടെ മതപ്രചരണ നടപടികൾക്കും വിലങ്ങുതടിയായിരുന്നു. *നസ്രാണി ജാതി* എന്ന സംവിധാനം തച്ചുടയ്ക്കാതെ തങ്ങളുടെ ആഗ്രഹപ്രാപ്തി ഉണ്ടാവുകയില്ല എന്ന് ഇരുകൂട്ടരും മനസിലാക്കി. നമ്പൂതിരി–കേന്ദ്രീകൃത ജാതി വ്യവസ്ഥയിൽ ജാതിയും കുലധർമ്മവും കൂടാതെ ആർക്കും നിലനിർക്കാനാവുകയില്ലായിരുന്നു. നസ്രാണികളുടെ ജാതി ഇല്ലാതായാൽ അവർ കേരളീയ സമൂഹത്തിൽ അന്യവൽക്കരിക്കപ്പെടും. അതോടെ അവർ നിലനിൽപ്പിനായി പോർട്ടുഗീസ് സാമ്രാജ്യത്തെ പൂർണ്ണമായും ആശ്രയിക്കേണ്ടി വരും. ഇതായിരുന്നു സാമ്രാജ്യത്വത്തിന്റെ കണക്കുകൂട്ടൽ. പോർട്ടുഗീസ് സാമ്രാജ്യത്വ സൃഷ്ടിയായ കൊച്ചിയിലെ നവക്രൈസ്തവരുടെ അനുഭവത്തിൽനിന്നും ഈ യാഥാർത്ഥ്യം പോർട്ടുഗീസ് റോമൻ കത്തോലിക്കാ മിഷിനറിമാർക്ക് പൂർണ്ണമായും ബോദ്ധ്യപ്പെട്ടിരുന്നു. അർക്കദ്യക്കോനെ അംഗീകരിച്ചാൽ *ജാതിക്കു തലവൻ* സ്ഥാനവും തദ്വാരാ *ജാതി* എന്ന കെട്ടുറപ്പും നിലനിൽക്കും. ജാതി മര്യാദ എടപെട്ട കാര്യങ്ങളിൽ റോമൻ കത്തോലിക്കാ മിഷിനറിമാർക്ക് ഇടപെടാനാവാതെ വരും. ഇത് തങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിഘാതമാണ് എന്നു വ്യക്തമായതിനാലാണ് *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ* അർക്കദ്യക്കോനെപ്പറ്റി നിശബ്ദത പാലിച്ചത്.

എന്നാൽ നസ്രാണികളോ അർക്കദ്യക്കോനോ വിട്ടുകൊടുക്കാൻ തയാറായില്ല. ശക്തമായ എതിർപ്പു വിളിച്ചുവരുത്തും എന്നുറപ്പുണ്ടായിരുന്നതിനാൽ അർക്കദ്യക്കോൻ സ്ഥാനം നിർത്തൽ ചെയ്തു എന്ന പരസ്യ പ്രസ്ഥാവന സുന്നഹദോസിലോ പിന്നീടോ ഉണ്ടായില്ല. ഈ സാഹചര്യത്തിൽ അർക്കദ്യക്കോൻ സ്ഥാനത്തു തുടർന്നു. പക്ഷേ ഒരു വികാരി ജനറലിനപ്പുറം അർക്കദ്യക്കോന്റെ അധികാരങ്ങൾ അംഗീകരിക്കാൻ റോമൻ കത്തോലിക്കർ തയാറായില്ല. 1604–ലെ റോസിന്റെ നിയമാവലിയിൽ അർക്കദ്യക്കോനെപ്പറ്റി പരാമർശനമുണ്ടെങ്കിലും അവ ഒരു റോമൻ കത്തോലിക്കാ സഭയിലെ ഒരു വികാരി ജനറലിന്റെ പരിധിക്കപ്പുറം ജാതിക്കു തലവൻ എന്ന നിലയിലുള്ള അധികാരാവകാശങ്ങളൊന്നും അംഗീകരിക്കുന്നില്ല.

ഒരുവശത്ത് റോമൻ കത്തോലിക്കർ അർക്കദ്യക്കോൻ സ്ഥാനം ഇല്ലായ്മചെയ്യാൻ പരിശ്രമിക്കുമ്പോൾ മറുവശത്ത് നസ്രാണികൾ ആ സ്ഥാനം നിലനിർത്താൻ നടത്തുന്ന പോരാട്ടമാണ് അടുത്ത അര നൂറ്റാണ്ട് മലങ്കരയിൽ ദർശിച്ചത്. ഇതിനിടെ റോമൻ കത്തോലിക്കരുടെ എതിർപ്പിനെ മറികടന്ന് അർക്കദ്യക്കോന്മാർ മുൻഗാമിയുടെ കാലശേഷം അധികാരം പ്രാപിച്ചു. നസ്രാണികളുടെ സമ്മർദ്ദം രൂക്ഷമായതോടെ ഭാഗികമായെങ്കിലും അർക്കദ്യക്കോന്റെ അധികാരാവകാശങ്ങൾ അംഗീകരിക്കാൻ റോമൻ കത്തോലിക്കർ നിർബന്ധിതരായി. ഈ പോരാട്ടങ്ങളുടെ പരിസമാപ്തിയായിരുന്നു 1653–ൽ അവസാനത്തെ അർക്കദ്യക്കോനായിരുന്ന പകലോമറ്റം തോമ്മായെ മാർത്തോമ്മാ ഒന്നാമൻ എപ്പിസ്ക്കോപ്പാ ആയി വാഴിക്കുന്നതിൽ കലാശിച്ചത്.

ഇവിടെ ശ്രദ്ധേയമായ ഒരു വസ്തുതയുണ്ട്. 1653–ൽ അന്ന് നിലവിലുള്ള അർക്കദ്യക്കോൻ എപ്പിസ്ക്കോപ്പാ ആയി വാഴിക്കപ്പെട്ടശേഷം മറ്റൊരു അർക്കദ്യക്കോനെ നിയമിക്കുന്നില്ല. പിന്നീട് ഒന്നര നൂറ്റാണ്ടു നീണ്ട പകലോമറ്റം മാർത്തോമ്മാ മെത്രാന്മാരുടെ ഭരണകാലത്ത് മുഴുവനും മുൻഗാമി പിൻഗാമിയെ മെത്രാനായി വാഴിക്കുന്നതല്ലാതെ പിൻഗാമിക്കുപോലും അർക്കദ്യക്കോൻ സ്ഥാനം നൽകുന്നതായി കാണുന്നില്ല. പരമ്പരാഗതമായ *ജാതിക്കു തലവൻ* സ്ഥാനം മാർത്തോമ്മാ മെത്രാന്മാർ തങ്ങളിൽ തന്നെ നിലനിർത്തി എന്നാണ് ഇത് അർത്ഥമാക്കുന്നത്. തമ്പ്രാ

ക്കളുടെ - ജാതിക്കു തലവന്റെ - അധികാരമില്ലങ്കിൽ മെത്രാനും അർക്കദ്യക്കോനും അപ്രസക്തമാണന്നു നസ്രാണികൾക്കും ബോദ്ധ്യമുണ്ടായിരുന്നു. അതിനാലാവണം 1653-ൽ *മലങ്കര പള്ളിയോഗം* തോമ്മാ അർക്കദ്യക്കോനെ എപ്പിസ്ക്കോപ്പാ ആയി ഉയർത്തിയപ്പോൾ മറ്റൊരു അർക്കദ്യക്കോനെ നിയമിക്കാതിരുന്നത്. പകരം മൂന്നു വർഷത്തെ വീതം കാലാവധിയിൽ നാലു കത്തനാരന്മാരുടെ ഒരു ആലോചനാ സമതിയേയായാണ് അന്ന് *മലങ്കര പള്ളിയോഗം* നിയമിച്ചത്. ഇതിൽ നിന്നും മുന്നോട്ട് തങ്ങളുടെ *ജാതിക്കു തലവൻ* സ്ഥാനം മാർത്തോമ്മാ മെത്രാന്മാർ വഹിക്കട്ടെ എന്നതായിരുന്നു അന്നത്തെ നസ്രാണികളുടെ മനോഗതം എന്നു വ്യക്തമാകുന്നുണ്ട്.

നൂറ്റാണ്ടുകളോളം നസ്രാണികളുടെ ഭരണത്തലവനായിരുന്ന അർക്കദ്യക്കോനെ ആ പേരിലുള്ള വൈദീക സ്ഥാനി മാത്രമായി കാണുകയും അതിനാസ്പദമായ കാനോൻ നിയമപ്രകാരം വ്യാഖ്യാനിക്കാൻ ശ്രമിക്കുകയും ചെയ്താൽ ചരിത്രപരമായ അനേകം പൊരുത്തക്കേടുകൾ ഉണ്ടാകും. പക്ഷേ ആ സ്ഥാനിയെ *ജാതിക്കു തലവൻ* എന്ന രീതിയിൽ സമീപിച്ചാൽ ചരിത്രയുക്തിയോടു നീതി പുലർത്തുന്ന രീതിയിൽ അതിനെ വിശദീകരിക്കാനാവും. ഒരു ആത്മീയ ആചര്യൻ എന്ന നിലയിലല്ല നസ്രാണികളുടെ അർക്കദ്യക്കോനെ പരിഗണിക്കേണ്ടത്. മറിച്ച് ലൗകീക ഭരണാധികാരി എന്ന നിലയിലാണ്.

**മർത്ത്മറിയം സമാജം കേന്ദ്ര പരീക്ഷയിൽ 1-ാം റാങ്ക് നേടിയവർ**




മറിയാമ്മ തങ്കച്ചൻ & ഡെയ്സി വർഗ്ഗീസ്
(കുടശ്ശനാട് സെന്റ് സ്റ്റീഫൻസ്)

## ദശാംശ പദ്ധതി

***മെഴുവേലി ഹോളി ഇന്നസെന്റ്***

1349. ശ്രീ. യോഹന്നാൻ തോമസ്1350. ശ്രീമതി സിനി, മൂത്തേരിൽ1351ശീമതി മറിയാമ്മ,കടവന്ത്രയിൽ1351ശ്രീ. ജോസ് ഫിലിപ്പ്, കടവന്ത്രയിൽ1352. ശ്രീ. പി. സി. മാത്യു, വല്യമേലത്തേതിൽ1353. ശ്രീ. തോമസ് മാത്യു, ചക്കിഴേത്ത് മണപ്പള്ളിൽ1354. ശ്രീ. പി. ഡി. സ്കറിയ, കടവന്ത്രമലയിൽ1356. ശ്രീ. എ. എം. ജോൺ, ആലക്കോട്ട്1357. ശ്രീ. ലിജോ, പള്ളിക്കിഴക്കേതിൽ എൽജി കോട്ടേജ്1358, ശ്രീമതി തങ്കമ്മ തോമസ്, ചെമ്പുകണ്ടത്തിൽ1359. ശ്രീ. ജേക്കബ് ജോർജ്ജ്, പുല്ലേലിക്കുഴിയിൽ1359. ശ്രീമതി എൽസി വർഗ്ഗീസ്, രാജു വില്ല, തട്ടാശ്ശേരിൽ1360. ശ്രീ. മാത്യു പി. ഡാനിയേൽ & സജി പി. ഡാനിയേൽ, പള്ളിക്കിഴക്കേതിൽ പുത്തൻവീട്1361. ശ്രീ. ജോർജ്ജ് മാത്യു, ഇടനാട്ടിൽ മാത്യൂസ് വില്ല1362. ശ്രീ. അന്ന മോൾ, കല്ലൂക്കാട്ട് കുഴിയിൽ1363. ശ്രീ. പി. ജി. ജോർജ്ജ്കുട്ടി, തോമ്പിൽ പടിഞ്ഞാറ്റേതിൽ1364. ശ്രീ. റ്റോം മാത്യു, പൂന്തുരുത്തിൽ1365. ശ്രീ. വി. റ്റി. ബേബി, ആക്കോട്ട് വടക്കേതിൽ1366 ഹെലൻ & ഹന്ന, മുതുക്കോട്ട് പടിഞ്ഞാറേതിൽ1367. ശ്രീ. രാജൻ കെ. മാത്യു, ആമക്കോട്ട് വടക്കേതിൽ1368. ശ്രീമതി അന്നമ്മ ജേക്കബ്, പള്ളിത്തെക്കേതിൽ1369. ശ്രീ. ജോർജ്ജ് വർഗ്ഗീസ്, ജോയ് വില്ല, താഴേത്തോപ്പിൽ1370. ശ്രീ. പ്രെറ്റി ജിയോ വർഗ്ഗീസ്, പാറയിരിക്കുന്നതിൽ1371. ശ്രീ. ജോർജ്ജ് മാത്യു, ഇടനാട്ടിൽ മാത്യൂസ് വില്ല1372. ശ്രീ. പി. സി. ചാക്കോ, മെഴുവേലി1373. ശ്രീ. ഏബ്രഹാം വർഗ്ഗീസ്, നികരിയിൽ1374. ശ്രീമതി സൂസൻ മോനി, പീടികയിൽ1375. ശ്രീമതി അന്നമ്മ തോമസ്, ജെക്കോ വില്ല1376ശ്രീ. മോൻസി ചാക്കോ, പൂരപ്പാട്ട്1377ശ്രീ. ജോൺ മത്തായി, കൊച്ചോട്ടുമുറിയിൽ1378ശ്രീ. ജോർജ്ജ് തോമസ്, വിളപറമ്പിൽ തോമസ് വില്ല1379ശ്രീ. പി.സി. ജോൺ, വലിയമേലേ◌ിൽ1400ശ്രീ. മത്തായി റ്റി. എം., പടിഞ്ഞാറ്റേതിൽ1401ശ്രീ. രാജൻ വർഗ്ഗീസ്, പനംതിട്ടമലയിൽ1402ശ്രീമതി അന്നമ്മ വർഗ്ഗീസ്, പനംതിട്ട മലയിൽ1403ശ്രീ. പി. ജി. തങ്കച്ചൻ, പെരുമരം നിൽക്കുന്നതിൽ

***നൂറനാട് സെന്റ് തോമസ്***

1404ശ്രീ. സിജോ വർഗ്ഗീസ്, കൊട്ടക്കാട്ട് കിഴക്കേതിൽ1405ശ്രീ. ജോർജ്ജ് വർഗ്ഗീസ്, വിളനിലത്ത്1406ശ്രീമതി അമ്മിണി ഉമ്മൻ, പനയ്ക്കാമറ്റം1407ശ്രീ. പി. എം. വർഗ്ഗീസ്, മേരിലാൻ്ര് പള്ളി വടക്കേതിൽ1408ശ്രീമതി അമ്മിണി കുഞ്ഞച്ചൻ, വിളനിലത്ത്1409ശ്രീമതി മറിയാമ്മ ബേബി, എബനേസർ1410ശ്രീ. കുഞ്ഞുമോൻ, കൊറ്റാവള്ളിൽ1411ശ്രീ. ഏബ്രഹാം, പള്ളി വടക്കേതിൽ1412ശ്രീ. സജു ജോൺ, വിലനിലത്ത്1413ശ്രീ. ബ്ലെസ്സൻ ബാബു, ഏദൻ വില്ല1414ശ്രീ. കുഞ്ഞുമോൻ തോമസ്, അൻസു വില്ല1415ശ്രീ. പി. ജി. മോനി, പി. ജി. വില്ല1416ശ്രീ. രാജൻ, ഇടയിലേവീട്1417ശ്രീ. ബാബു തോമസ്, ഒറ്റപ്ലാവിലയിൽ1418ശ്രീ മൈക്കിൾ ജോർജ്ജ്, വലിയവീട്ടിൽ1419ശ്രീ അലൻ വർഗ്ഗീസ്, വടക്കേത്തലയ്ക്കൽ1420ശ്രീ കെ. ജി. ജോർജ്ജ്, കങ്ങത്തറയിൽ1421ശ്രീ. ജോയ് ജി. കെ. പാവുംപള്ളിൽ1422ശ്രീ. തോമസ്, റ്റീനാ ഭവൻ1423ശ്രീ, സി. ഒ. ജോൺ, സീയോസ് വൈദ്യൻപറമ്പിൽ1424ശ്രീ. ജോയ്, ജോയ് നിവാസ്1425ശ്രീമതി റോസമ്മ ബേബി, വിളനിലത്ത്1426ശ്രീമതി ആൻസി ബേബി, വിലനിലത്ത്1427ശ്രീമതി വിനീത തോമസ്, തറയിൽ പുത്തൻവീട്1428ശ്രീ. സണ്ണി സാമുവേൽ, വലിയപറമ്പിൽ1429ശ്രീ. ജോൺസൺ, കൊറ്റാവള്ളിൽ1430ശ്രീ സിനി സജി, സ്തുതി ഭവൻ1431ശ്രീ സജി , കൊറ്റാവള്ളിൽ1432 ശ്രീ. ബാബു, നൂറനാട്1433ശ്രീ, തങ്കച്ചൻ, കൊറ്റാവള്ളിൽ1434ശ്രീ. ഇടിക്കുള, മംഗലത്ത്1435ശ്രീ. ബാബു, വലിയപറമ്പിൽ1436ശ്രീ. പി.കെ വർഗ്ഗീസ്, ഗ്രീൻലാന്റ് 1437ശ്രീ. രാജൻ പി. മാത്യു, പൂവൻപള്ളിൽ1438ശ്രീ. ജോർജ്ജ്കുട്ടി, പൂവൻപള്ളിൽ തെക്കേതിൽ1439ശ്രീ. തങ്കച്ചൻ, ഷൈജു ഭവൻ1440ശ്രീ. വി.കെ. മാത്യു, വടക്കേത്തലയ്ക്കൽ1441ശ്രീ. ബിജു വർഗ്ഗീസ്, ശാലോം നിവാസ്1442ശ്രീ, അലക്സാണ്ടർ നൈനാൻ, വടക്കേത്തലയ്ക്കൽ1443ശ്രീ. ജോസ് എസ്. , ജീനാ ഭവൻ1444ശ്രീ. കെ. വി. സഖറിയാ, ചക്കാലക്കുറ്റിയിൽ1445ശ്രീ. സി. എസ്. രാജൻ, രാജ് വില്ല1446ശ്രീ. ബിനു റ്റി, ഏതൻസ് വില്ല1447ശ്രീ. യോഹന്നാൻ , കോശി ഭവനം1448ശ്രീ. തങ്കച്ചൻ, ചെട്ടിയാരേത്ത് വിളയിൽ1449ശ്രീ. പി. പി. കോശി, തോപ്പിൽ വടക്കേതിൽ1450ശ്രീ. വി. കെ. മാത്യു, വടക്കേത്തലയ്ക്കൽ1451ശ്രീ. കുര്യൻ, വടക്കേത്തലയ്ക്കൽ1452ശ്രീ. ലിജോ ജോർജ്ജ്, ലിജോസ് വില്ല1453ശ്രീ. കുഞ്ഞുമോൻ ജി. , വലിയപറമ്പിൽ1454റവ. ഫാ. കെ. എസ്. ശാമുവേൽ, കുറ്റിക്കാട്ട് ശാന്തിഭവൻ1455ശ്രീ.ലിജിൻ ജി. ജോൺസൺ, കൊറ്റാവള്ളിൽ1456ശ്രീ. ജെസ്സി തോമസ്, വടക്കേത്തലയ്ക്കൽ.

ബാലപത്രിക

# ഉലയാത്ത വിശ്വാസം

സ്നേഹമുള്ള കൂട്ടുകാരെ,

സർ വാൾട്ടർ സ്കോട്ട് എന്ന പ്രസിദ്ധനായ സാഹിത്യകാരനെപ്പറ്റി കേട്ടിട്ടുണ്ടോ? വിശ്വോത്തരങ്ങളായ ചില നോവലുകളുടെ ഗ്രന്ഥകർത്താവായിരുന്നു. പ്രസിദ്ധമായ ഒരു പ്രസിദ്ധീകരണ കമ്പനിയിൽ തന്റെ സമ്പാദ്യമെല്ലാം നിക്ഷേപിച്ചിരുന്നു. ആ കമ്പനി പൊളിഞ്ഞുപോയി. സ്കോട്ടിന്റെ സമ്പാദ്യമെല്ലാം നഷ്ടമായി. കൊട്ടാര സമാനമായ



ആബട്ട്സ് ഫോർഡ് എന്ന തന്റെ ഭവനം പോലും നഷ്ടമാകുമെന്ന അവസ്ഥയിലെത്തി. ആരും തളർന്നുപോകുന്ന സാഹചര്യം. പക്ഷെ സ്കോട്ട് ഒരു തികഞ്ഞ ക്രിസ്തീയ വിശ്വാസി ആയിരുന്നു. അചഞ്ചലമായ ആ വിശ്വാസം തനിക്കു നേരിടേണ്ടി വന്ന കൊടുങ്കാറ്റിനെ അതിജീവിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. അദ്ദേഹം എഴുതി – “കാര്യങ്ങൾ ഞാൻ സങ്കല്പിച്ചതിലും ഏറെ സങ്കീർണ്ണമാണ്. എന്റെ സ്വന്തമായ ഭവനംപോലും കൈവിടേണ്ട സന്ദർഭമാണ് വന്നിരിക്കുന്നത്. എന്നാൽ എനിക്ക് പറയുവാനുള്ളത് ഇത്ര മാത്രമാണ്: നഗ്നരായി നാം ലോകത്തിലേക്കു വന്നു. നഗ്നരായിത്തന്നെ പോവുകയും ചെയ്യും. ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടട്ടെ.”

ഇതേവാക്യം നാം ബൈബിളിലും വായിക്കുന്നുണ്ട്. വലിയ പുത്രസമ്പത്തും എല്ലാ സൗഭാഗ്യങ്ങളും സമ്പത്തുമുണ്ടായിരുന്ന ഇയ്യോബിന് എല്ലാം നഷ്ടപ്പെട്ട ഒരു അവസ്ഥ. എല്ലാ കഷ്ടതകളും ഒരുമിച്ച് സ്വീകരിച്ച് തലമുണ്ഡനം ചെയ്ത് സാഷ്ടാംഗം നമസ്ക്കരിച്ചുകൊണ്ട് ഇയ്യോബും പറഞ്ഞു. “അമ്മയുടെ ഉദരത്തിൽ നിന്നു ഞാൻ നഗ്നനായി വന്നു. നഗ്നനായി തന്നെ ഞാൻ പിൻവാങ്ങും. ദൈവം തന്നു; ദൈവം എടുത്തു. അവിടുത്തെ നാമം മഹത്വപ്പെടട്ടെ. ഹൃദയാഘാതങ്ങൾ ഏൽക്കാത്ത ജീവിതം വിരളമാണ്. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, ഒരവസരത്തിലല്ലെങ്കിൽ മറ്റൊരവസരത്തിൽ കഷ്ടതകളും നഷ്ടങ്ങളും ഏറ്റു വാങ്ങേണ്ടി വരുന്നു.

പ്രയാസങ്ങൾ വരുമ്പോഴും പരാജയം നേരിടേണ്ടി വരുമ്പോഴും നാം അറിയാതെ ചോദിച്ചുപോകുന്നു: എന്തുകൊണ്ട് നല്ല മനുഷ്യർക്ക് ദുരിതങ്ങൾ സംഭവിക്കുന്നു? ദൈവനീതിക്കനുസൃതമായ ജീവിതം നയിക്കുന്ന അനേകർക്ക് അപ്രതീക്ഷിതങ്ങളായ ദുരിതങ്ങളും പ്രയാസങ്ങളും ഉണ്ടാകുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഇതൊക്കെ എന്തുകൊണ്ട് സംഭവിച്ചു എന്നുള്ളതിന്റെ ഉത്തരമല്ല പ്രസക്തം. പിന്നെയോ ദൈവം തരുന്ന ശക്തിയും പ്രത്യാശയും ഉപയോഗിച്ച് അതിനെ ഏങ്ങനെ അഭിമുഖീകരിക്കുന്നു എന്നുള്ളതാണ്.

കൊടുങ്കാറ്റ് അടിക്കുമ്പോൾ വൻ വടവൃക്ഷങ്ങൾ പോലും നിലം പരിചാകുന്നു. എന്നാൽ മറ്റുചില വൃക്ഷങ്ങൾ കാറ്റിനെ അതിജീവിച്ച് തല ഉയർത്തി നിൽക്കുന്നു. ആഴത്തിൽ വേരോടിയിട്ടുള്ള വൃക്ഷങ്ങൾ കാറ്റിനെ അതിജീവിച്ച് നിൽക്കും. മനുഷ്യരും ഇതുപോലെയാണ്. ഉപരിപ്ലവങ്ങളായ ആദർശങ്ങൾ പറയുന്നവരും ആത്മീയത അവകാശപ്പെടുന്നവരും പ്രതിസന്ധികളിൽ തളർന്നു പോകാറുണ്ട്. എന്നാൽ ദൃഢമായ വിശ്വാസത്തിന്റെ ഉടമകൾ വിപരീത സാഹചര്യങ്ങളെ വിജയകരമായി അതിജീവിക്കുന്നു.

കൂട്ടുകാരെ,

ദൈവത്തിൽ ഉറച്ചു വിശ്വസിക്കുക. അചഞ്ചലമായ നിഷ്ഠകൾ പരിശീലിക്കുക. ജീവിതത്തിലെ എല്ലാ പരീക്ഷണങ്ങളെയും അതിജീവിക്കുവാൻ ദൈവം ശക്തി തരും. ദൈവത്തിന്റെ ആഴമായ സ്നേഹത്തിലും അപാരമായ കരുണയിലും നിങ്ങൾ സുരക്ഷിതരായിരിക്കും.

ഉലയാത്ത വിശ്വാസം അതുതന്നെ ശക്തിയുടെ ഉറവിടം.

ദൈവം അനുഗ്രഹിക്കട്ടെ, സ്നേഹത്തോടെ

**ആനിച്ചേച്ചി**




**വാർഷിക പൊതുയോഗം**

2012–2013 വർഷത്തെ സണ്ടേസ്കൂൾ വാർഷിക പൊതുയോഗം ജൂൺ ഒന്നാം തീയതി 2 മണിക്ക് ബഥേൽ ആഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടുന്ന വാർഷിക പൊതുയോഗത്തിൽ 2012–2013 ലെ വരവു ചെലവു കണക്കുകളും 2013–14 വർഷത്തെ ബഡ്ജറ്റും അവതരിപ്പിക്കുന്നതാണ്. 2012–ലെ ഭദ്രാസന തല പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്കും സെക്കുലർ 10, +2 സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ എന്നീ ക്ലാസ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് സമ്മാനങ്ങൾ ലഭ്യമാക്കുവാൻ തക്ക വണ്ണം പൊതുയോഗത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്. കൂടാതെ 12–ാം ക്ലാസ്സിൽ പഠിയ്ക്കുന്ന കുട്ടികളുടെ പേര് ഉൾപ്പെടെയുള്ള ലിസ്റ്റ് പ്രഥമാദ്ധ്യാപകർ ഭദ്രാസന ഡയറക്ടറെ ജൂൺ മാസത്തിൽ ഏല്പിക്കുവാൻ ക്രമീകരിക്കേണ്ടതാണ്.

**അദ്ധ്യാപക ഏകദിന സമ്മേളനം**

അദ്ധ്യാപക പരിശീലനം നടത്തുന്ന ദേവാലയങ്ങൾ മുൻകൂട്ടി ക്രമീകരിക്കുകയും ഒരേ ദിവസം മറ്റ് ഡിസ്ട്രിക്റ്റുകളുടെ പ്രോഗ്രാം വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ക്ലാസ്സ് എടുക്കാൻ 'റിസോഴ്സ് പേഴ്സണി'നെ ഭദ്രാസനത്തിൽ നിന്നും ക്രമീകരിക്കുന്നതാകയാൽ ഡയറക്ടറെ മുൻകൂട്ടി അറിയിക്കുന്നത് ഉചിതമായിരിക്കും.

കൗൺസിലിനുവേണ്ടി

**ജി. വർഗ്ഗീസ് കാവുംപുറം** (ഡയറക്ടർ)

# പുത്തൻകാവിൽ കൊച്ചുതിരുമേനി കാതോലിക്കേറ്റിന്റെ "രത്നദീപം"

മലങ്കര സഭയുടെ ഗാനകോകിലവും കാതോലിക്കേറ്റിന്റെ കാവൽഭടനുമായി ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചിരുന്ന പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന പേരിൽ വിഖ്യാതനായ ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത ഇനി കാതോലിക്കേറ്റിന്റെ "രത്നദീപ"മായി അറിയപ്പെടും.

ഓർത്തഡോക്സ് സഭാ സുന്നഹദോസിന്റെ തീരുമാനപ്രകാരം പൗരാണികമായ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ 2013 ഏപ്രിൽ 17 ന് മലങ്കര മെത്രാപ്പോലീത്ത ന്മാരായ ആറാം മാർത്തോമ്മാ, എട്ടാം മാർത്തോമ്മാ, പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നീ പുണ്യപിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന വി. കുർബ്ബാനാന്തരം ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഈ ബഹുമാന നാമം അഭി. തോമസ് മാർ അത്താനാസിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ്, ഡോ. യുഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. ജോസഫ് മാർ ദീവന്നാസിയോസ്. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ സാന്നിദ്ധ്യത്തിൽ പ്രഖ്യാപിച്ചു. നിരവധി വൈദികരും നൂറുകണക്കിന് വിശ്വാസികളും ചടങ്ങിന് സാക്ഷ്യം വഹിച്ചു.

പിന്നീട് നടന്ന പൊതുസമ്മേളനം പ. കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്തു. സഭാ സ്വാതന്ത്ര്യത്തിനായി അക്ഷീണം പ്രയത്നിച്ച് സഭാ തലങ്ങളിൽ എക്കാലവും നിറഞ്ഞു നിന്ന ഉയർന്ന ചിന്തകളുടെ ഉടമയാണ് പുത്തൻകാവിൽ കൊച്ചുതിരുമേനിയെന്ന് അദ്ദേഹം പറഞ്ഞു. ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു.

പുത്തൻകാവ് ദേവാലയത്തിന്റെ സ്ഥാപകനും ദീർഘകാലം പുത്തൻകാവ് ആസ്ഥാനമാക്കി പരിശുദ്ധ സഭയെ നയിച്ച മലങ്കര മെത്രാപ്പോലീത്തായും ആയിരുന്ന ആറാം മാർത്തോമ്മായുടെ സ്മരണയെ നിലനിർത്താൻ ഏർപ്പെടുത്തിയ ആറാം മാർത്തോമ്മാ അവാർഡ് ജസ്റ്റിസ് കെ.ടി. തോമസ് , വന്ദ്യനായ ഡോ. ടി.ജെ. ജോഷ്വാ അച്ചന് സമ്മാനിച്ചു. 25,000/–രൂപയും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്. അവാർഡ് കമ്മറ്റി കൺവീനർ സ്റ്റീഫൻ ഐപ്പ് പ്രശംസാപത്രം വായിച്ചു സമർപ്പിച്ചു. ഫാ. ഡോ. ടി.ജെ. ജോഷ്വാ മാർ പീലക്സിനോസ് അനുസ്മരണ പ്രഭാഷണം നടത്തി.

തുമ്പമൺ ഭദ്രാസനാധിപൻ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്ത, കൊൽക്കത്ത ഭദ്രാസനാധിപൻ, ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ, നിലയ്ക്കൽ ഭദ്രാസനാധിപൻ, ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത, പി.സി. വിഷ്ണുനാഥ് എം.എൽ.എ, സി.എം. ഫിലിപ്പോസ് റമ്പാൻ കോർ എപ്പിസ്കോപ്പാ, ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ, മാർ പീലക്സിനോസ് ഫ്രണ്ട്സ് അസ്സോസിയേഷൻ യു.എ.ഇ. ചാപ്റ്റർ പ്രസിഡന്റ്, അഡ്വ. എം.വി. മാത്യു എന്നിവർ പ്രസംഗിച്ചു. ഇടവക വികാരി ഫാ. മത്തായി കുന്നിൽ സ്വാഗതവും, ജനറൽ കൺവീനർ സുനിൽ പി. ഉമ്മൻ കൃതജ്ഞതയും രേഖപ്പെടുത്തി.

ഹരിതപത്രിക

# സസ്യ സഹവാസം

**പി.എ. ഐസക്ക് കുറ്റൂർ**

"യഹോവയായ ദൈവം കിഴക്ക് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി. താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. കാണ്മാൻ ഭംഗി ഉള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷവും''.... നിലത്തു നിന്നു മുളപ്പിച്ചു. ഉൽപ്പത്തി 2:8,9.

നമ്മുടെ പരിസരത്ത് ആവുന്നിടത്തോളം സസ്യങ്ങൾ വളർത്തിയാൽ അവ വിവിധ വർണ്ണങ്ങളുടെ ഒരു മായാലോകം തന്നെ നമുക്ക് സമ്മാനിക്കും. എത്രമാത്രം പച്ചപ്പ് ഉണ്ടാക്കുന്നുവോ അത്രമാത്രം ഊർജ്ജം മണ്ണിൽ കരുതിവയ്ക്കപ്പെടുന്നു.

ക്രോമോപ്പതി ശാസ്ത്രപ്രകാരം നിറങ്ങളുടെ അഭാവം ശരീരത്തെ രോഗഗ്രസ്തമാക്കാമത്രെ. ചുവപ്പ് നിറമുള്ള ഇലയും പുഷ്പങ്ങളും ശക്തി അഥവാ ഊർജ്ജം പ്രദാനം ചെയ്യുന്നവയാണ്. ചുവന്ന ചെടികളുടെ പുഷ്പങ്ങളുമായുള്ള സഹവാസം രക്തചംക്രമണം ത്വരിതപ്പെടുത്തും. മണം, കാഴ്ച, കേഴ്‌വി, രുചി, സ്പർശം ഇവയുടെ കുറവിനെ ചുവപ്പു നിറത്തിന് ഒരു പരിധിവരെ പരിഹരിക്കാനാവുമത്രെ. സിംപതെറ്റിക് നാഡീവ്യൂഹത്തെയും കരളിന്റെ പ്രവർത്തനത്തെയും ചുവപ്പിനും ഓറഞ്ചു നിറത്തിനും ഉദ്ദീപിപ്പിക്കാനാവുന്നു. മാനസികവും വൈകാരികവും ആത്മീയവുമായ ആരോഗ്യ വ്യവസ്ഥ പ്രദാനം ചെയ്യും. തൊഴിൽ രംഗത്തെ വിരസതയും പിരിമുറുക്കവും ലഘൂകരിക്കുന്നു. നീലനിറത്തിലുള്ള ചെടികളും പുഷ്പങ്ങളും മാനസിക സംഘർഷം കുറയ്ക്കും. കുളിർമയും ശാന്തതയും വിശ്രമവും പ്രദാനം ചെയ്യുന്നു. വയലറ്റ് നിറമുള്ള പൂക്കളും ചെടികളും വൃദ്ധജനങ്ങൾക്ക് ആകാശ നീലിമയെക്കാൾ ആകർഷകവും സുഖപ്രദവുമാണ്. മഞ്ഞ നിറമുള്ള ചെടികളും പുഷ്പങ്ങളും മാനസികോല്ലാസവും സംതൃപ്തിയും പ്രദാനം ചെയ്യും. ബുദ്ധിശക്തിയെ ഉത്തേജിപ്പിക്കുന്ന നിറമാണ് മഞ്ഞ.

പൊതുവേ ചെടികളുടെ സാമീപ്യംകൊണ്ട് ലഭ്യമാകുന്ന നിറം പച്ചയാണല്ലോ. പച്ചയെ മാസ്റ്റർ കളർ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. പിറ്റ്യൂട്ടറി ഗ്രന്ഥിക്ക് ഹിതകരമായ നിറമാണ്. പച്ചയുടെ വിവിധ 'ഷേഡു'കൾക്ക് രക്തസമ്മർദ്ദം ക്രമപ്പെടുത്തുവാൻ കഴിവുണ്ട്. പച്ച നിറത്തിന്റെ ജീവനുള്ള വിവിധ 'ഷേഡു'കളുടെ ഉടയോന്മാർ ചെടികളാണ്. വീടിനുള്ളിലും സമീപത്തും സസ്യങ്ങളുമായി സഹവസിക്കുവാൻ കഴിഞ്ഞാൽ സന്തോഷപ്രദമായ ഒരു ജീവിതം നയിക്കുവാനുള്ള മോഹം മാനസികമായി രൂപപ്പെടും. സ്നേഹവും ദയയും ചെടികളുടെ സാമീപ്യം കൊണ്ട് മനുഷ്യനിൽ വളർന്ന് പന്തലിക്കും. പച്ചനിറത്തിന് അണുനാശക ശക്തിയുമുള്ളതായി ക്രോമോപ്പതിയെന്ന പ്രാചീന ചികിത്സാരീതി അവകാശപ്പെടുന്നു. സസ്യങ്ങളുമായി സല്ലപിക്കാൻ കൂടുതൽ സമയം കണ്ടെത്തുന്നവർക്ക് ഈ മേഖലയിൽ കൂടുതൽ അനുഭവങ്ങൾ സംഭാവന ചെയ്യുവാനുണ്ടാകും. ഭക്ഷണവും വായുവും ജലവും പരോക്ഷമായി ശുദ്ധീകരിക്കാനുള്ള ശേഷി പ്രകൃതിയിലെ പച്ച സംഭാവന ചെയ്യുന്നത് ചിന്താശക്തിയുള്ള ഏവർക്കും അനുഭവിച്ചറിയാം. കണ്ണിനുണ്ടാകുന്ന ക്ഷീണം കുറയ്ക്കാൻ പച്ചനിറമുള്ള ചെടിയിൽ അഞ്ചുനിമിഷം നോക്കി കണ്ണ് കുളിർപ്പിക്കുന്നത് സസ്യസഹവാസ ചികിത്സയിൽ സർവ്വപ്രധാനമാണ്.

ചുരുക്കം ചിലർക്ക് ചില സസ്യങ്ങളോടും ചില പുഷ്പങ്ങളോടും അലർജി തോന്നുന്നത് സാധാരണമാണ്.

## പാരീഷ് മിഷൻ സമാപിച്ചു

കുടശ്ശനാട്: ചെങ്ങന്നൂർ ഭദ്രാസന വൈദിക വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ നടത്തപ്പെട്ട പാരിഷ് മിഷൻ 'ശുബഹോല് മൊറിയോ' സമാപിച്ചു. എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ നടന്ന സുവിശേഷ പ്രവർത്തനങ്ങൾക്ക് ഡീക്കൻ ജെസൻ ജോർജ്ജ്, ഫാ. കോശി പി. ജോഷ്വാ, ഫാ. നൈനാൻ കെ. ജോർജ്ജ്, ഫാ. സജി അമയിൽ തുടങ്ങിയവർ നേതൃത്വം നൽകി. 26 ന് നടന്ന പ്രാർത്ഥനാസംഗമം അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. പാരിഷ് മിഷനോടനുബന്ധിച്ച് സണ്ടേസ്കൂൾ വിദ്യാർത്ഥി റാലിയും, വൈദിക വിദ്യാർത്ഥികളുടെ തെരുവുനാടകവും നടത്തപ്പെട്ടു. എല്ലാദിവസവും വിദ്യാർത്ഥികൾക്കായി 'മാലാഖക്കൂട്ടം' എന്ന വിനോദ വിജ്ഞാന പരിപാടികൾ സംഘടിപ്പിച്ചു. ഹരിതഭൂമി പദ്ധതിയുടെ ഉദ്ഘാടനം അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനി നിർവ്വഹിച്ചു. കുടുംബസംഗമം, യുവജനസംഗമം, ശുശ്രൂഷക സംഗമം, ഭവനസന്ദർശനം, വിശ്വാസപഠന സ്കിറ്റുകൾ, ഗാനശുശ്രൂഷ സമർപ്പണ പ്രാർത്ഥന തുടങ്ങിയവ നടന്നു. സമാപന സമ്മേളനം ഭദ്രാസന സെക്രട്ടറി റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. പി.കെ. കോശി, ട്രസ്റ്റി അച്ചൻകുഞ്ഞ് വർഗീസ്, റവ. ഡീക്കൻ ജാൾസൺ പി. ജോർജ്ജ് തുടങ്ങിയവർ സംസാരിച്ചു.




കോട്ടയം ഭദ്രാസനാധിപനും, ഓർത്തഡോക്സ് സെമിനാരി പ്രൊഫസറും, അഖില മലങ്കര വൈദീക സംഘം പ്രസിഡന്റുമായ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആത്മീയ മക്കളുടെ അനുശോചനം അറിയിക്കുന്നതോടൊപ്പം പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ തിരുമനസ്സിലെ നിയോഗം ഏറ്റുവാങ്ങി ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും 2013 മെയ് 15 ന് പുതിയ വികാരിമാർ ചുമതല ഏറ്റെടുത്തു. ഇടവകയുടെ ആദ്ധ്യാത്മീയവും ഭൗതീകവുമായ ഉന്നതിക്ക് യത്നിക്കുവാൻ ഒത്തൊരുമയോടെ പ്രവർത്തിക്കാം.

പുതിയ സ്കൂൾ വർഷം സമാഗതമാകുന്നു. പ്രാർത്ഥനയോടെ പ്രതിജ്ഞാബദ്ധമായി പഠനം ആരംഭിക്കുവാൻ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും തയ്യാറാകണം. സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്രവ്യക്തിത്വ വികസനത്തിനായി ലക്ഷ്യമിട്ടുകൊണ്ട് ആണ്ടുതോറും സ്കൂൾ വർഷത്തിനു മുമ്പായി ഇടവക തലത്തിൽ നടത്തിവരുന്ന വിദ്യാജ്യോതി ക്ലാസ്സുകൾ ഈ വർഷവും ക്രമീകരിക്കുന്നതിന് ബഹു. വികാരിമാരും ചുമതലപ്പെട്ടവരും ശ്രദ്ധിക്കണം.

പതിവു പോലെ ഈ വർഷവും ഗുരുവന്ദനം പരിപാടി ഭദ്രാസന ആസ്ഥാനത്ത് വച്ച് അഭിവന്ദ്യ തിരുമനസ്സിന്റെയും Personality Development Trainer ശ്രീ. അപ്പു ജോസഫ് ചാക്കോയുടെയും നേതൃത്വത്തിൽ ജൂൺ മാസം 2-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നടത്തപ്പെടുന്നു. സ്കൂൾ തലത്തിൽ 5-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സു വരെയുള്ള എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുവാൻ മാതാപിതാക്കന്മാരും സണ്ടേസ്കൂൾ അദ്ധ്യാപകരും ശ്രദ്ധിക്കണം.

ഭദ്രാസന തലത്തിൽ 10-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കും, 12-ാം ക്ലാസ്സിൽ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ വിഭാഗങ്ങളിൽ കൂടുതൽ മാർക്ക് കിട്ടുന്ന കുട്ടികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന ക്യാഷ് അവാർഡുകൾക്ക് അർഹത നേടുന്നതിനായി വികാരിമാരുടെ ശുപാർശയോടുകൂടി അറ്റസ്റ്റ് ചെയ്ത മാർക്ക് ലിസ്റ്റിന്റെ കോപ്പി 2013 ജൂൺ 25 നു മുമ്പായി ഭദ്രാസന ആഫീസിൽ എത്തിക്കണം.

അറിവിന്റെ ലോകത്തേക്ക് നമ്മുടെ കുഞ്ഞുങ്ങളെ പ്രവേശിപ്പിക്കുന്ന വിദ്യാരംഭ ചടങ്ങിന് വേദപുസ്തക ദർശനത്തിലും സഭാ പാരമ്പര്യങ്ങൾക്കനുസൃതമായും ക്രൈസ്തവ പരിവേഷം നൽകി പരിജ്ഞാനത്തിന്റെ ആത്മാവിനെ പകരുന്ന പെന്തിക്കോസ്തി ദിനത്തിൽ നടപ്പാക്കുവാൻ തക്കവണ്ണം അഭിവന്ദ്യ തിരുമനസ്സിലെ C-06/'13 നമ്പർ കൽപ്പനയിലൂടെ ഇടവകകളെ അറിയിച്ചിരിക്കുന്നു. അതിൻപ്രകാരം 2013 മെയ് മാസം 19 ന് പെന്തിക്കോസ്തി ദിനത്തിൽ ഉച്ചതിരിഞ്ഞ് 2.30 ന് വിദ്യാരംഭ ചടങ്ങ് അഭി. തിരുമനസ്സിന്റെ നേതൃത്വത്തിൽ ക്രമീകരിച്ചിരിക്കുന്നു.

താൽപ്പര്യമുള്ള മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങളുമായി എത്തി അവരെ എഴുത്തിനിരുത്താവുന്നതാണ്. എല്ലാ വിദ്യാർത്ഥികൾക്കും പുതുവത്സരത്തിൽ പരിശുദ്ധാത്മ കൃപയും അനുഗ്രഹങ്ങളും നേരുന്നു.

സസ്നേഹം കർതൃശുശ്രൂഷയിൽ
**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**
(ഭദ്രാസന സെക്രട്ടറി)

## കാതോലിക്കേറ്റ് ശതാബ്ദി മന്ദിര കൂദാശ

മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് ബുധനൂർ സെന്റ് ഏലിയാസ് പള്ളിയിൽ നിർമ്മിച്ച കാതോലിക്കേറ്റ് ശതാബ്ദി മന്ദിരത്തിന്റെ (പാഴ്സനേജ് & അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ) കൂദാശ ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ്, ബ്രഹ്മവാർ ഭദ്രാസനാധിപൻ അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് എന്നീ മെത്രാപ്പോലീത്തന്മാർ നിർവ്വഹിച്ചു. വികാരി ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ, റവ. ഫാ. മാമ്മൻ തോമസ്, റവ. ഫാ. ബിജു ടി. മാത്യു, റവ. ഫാ. സൈമൺ വർഗീസ്, റവ. ഫാ. സുനിൽ ജോസഫ്, ഡീക്കൺ ഫിലിപ്പ് ജോർജ്ജ്, സഭാ മാനേജിംഗ് കമ്മറ്റിയംഗം സജി പട്ടരുമഠം, ട്രസ്റ്റി സി.സി. തോമസ്, ഇടവക സെക്രട്ടറി സാബു വർഗീസ്, കൺവീനർമാരായ വിൽസൺ ജേക്കബ്, അനിയൻ തോമസ് എന്നിവർ പ്രസംഗിച്ചു.

